VOL NO: 06 I ISSUE 35
www.nerpatham.com
mail@nerpatham.com
2022 AUGUST 27 I ₹10

# നേർപഥം

വാരിക

## കൗമാരക്കാരും പെരുകുന്ന കുറ്റകൃത്യങ്ങളും

സർഗാത്മകതയുടെയും സഹിഷ്ണുതയുടെയും സംഗമഭൂമി എന്ന, ക്യാമ്പസിനെ കുറിച്ചുള്ള വായ്ത്താരിയുടെ ആയുസ്സ് ഇനി കണ്ടറിയുക തന്നെ വേണം. ഹിജാബ് നിരോധനം മുതൽ പോൺ ജിഹാദ് വരെ എത്തി നിൽക്കുന്ന സംഘ്പരിവാർ അസംബന്ധങ്ങളുടെ വിഹാരഭൂമിയാക്കി കലാലയങ്ങളെ മാറ്റിയെടുക്കാനുള്ള ശ്രമങ്ങൾക്ക് തിടംവെച്ച് കൊടുക്കുന്നത് ഉത്തരവാദപ്പെട്ടവർ തന്നെയാണ്. അതിന്റെ അനന്തരഫലമാവട്ടെ, ഒരു പ്രത്യേക മതവിഭാഗത്തിലെ വിദ്യാർഥിനികളുടെ വ്യാപകമായ കൊഴിഞ്ഞുപോക്കും അതിലൂടെയുണ്ടായേക്കാവുന്ന സാമുദായിക അരികുവൽക്കരണവുമാണ്. അതുതന്നെയാണ് വിവാദമുണ്ടാക്കുന്നവരുടെ ലക്ഷ്യവും.





# മുസ്‌ലിം പെൺകുട്ടികളും വിദ്യാഭ്യാസ അവകാശ നിഷേധവും

|| ഫിത്നയും മുസ്‌ലിംകളുടെ നിലപാടും

|| ഇമാം ശൻക്വീത്വി: വിജ്ഞാന വിഹായസ്സിലെ കെടാവിളക്ക്

|| സലഫീ പ്രബോധനം ഊന്നിനിൽക്കുന്ന രണ്ട് അടിസ്ഥാന സന്ദേശങ്ങൾ

# പുറത്തിറങ്ങി...




**WISDOM BOOKS**

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സ്വഅഫർ സ്വാദിഖ് മദീനി |

0292
# നേർപഥം
വാരിക

2022 ആഗസ്റ്റ് 27
1444 മുഹർറം 28
പുസ്തകം 06 / ലക്കം 35




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly

കവർ സ്റ്റോറി

**10**
## മുസ്‌ലിം പെൺകുട്ടികളും വിദ്യാഭ്യാസ അവകാശ നിഷേധവും
മുജീബ് ഒട്ടുമ്മൽ



**05**
മുഖമൊഴി
കൗമാരക്കാരും
പെരുകുന്ന കുറ്റകൃത്യങ്ങളും

**06**
ലേഖനം
ആ ഒരു നിമിഷം
എത്ര അമൂല്യം!
സിറാജുൽ ഇസ്‌ലാം
ബാലുശ്ശേരി

**16**
ആരോഗ്യപഥം
ഓട്ടിസം; ലക്ഷണങ്ങളും
കാരണങ്ങളും
ഡോ. മുനവ്വർ

**17**
നിയമപഥം
നമ്മുടെ രാജ്യത്തെ കോടതികൾ
അബൂആദം അയ്മൻ

**18**
പുനർവായന
സലഫീ പ്രബോധനം
ഊന്നിനിൽക്കുന്ന രണ്ട്
അടിസ്ഥാന സന്ദേശങ്ങൾ
ഡോ. എം. ഉസ്മാൻ

**24**
ചരിത്രപഥം
ഇമാം ശൻക്വീത്വി:
വിജ്ഞാന വിഹായസ്സിലെ
കെടാവിളക്ക്
സ്വലാഹുദ്ദീൻ അയ്യൂബി

**26**
ലേഖനം
ഫിത്‌നയും
മുസ്‌ലിംകളുടെ നിലപാടും
ശൈഖ് സ്വാലിഹ് ആലുശൈഖ്
വിവ: സിയാദ് കണ്ണൂർ

**31**
ക്വുർആൻ ദർശനം
അൽജാസിയ
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

**34**
കവിത
നവനാസ്തിക ഭൂതങ്ങൾ
സുലൈമാൻ പെരുമുക്ക്

# ലിബറലിസ്റ്റുകളുടെ ഒളിയജണ്ടകൾ പാഠ്യപദ്ധതിയിലൂടെ നടപ്പാക്കരുത്:

## വിസ്ഡം സെമിനാർ

തേഞ്ഞിപ്പലം: പാഠ്യപദ്ധതി പരിഷ്കരണം സംബന്ധിച്ച് എസ്.സി.ഇ.ആർ.ടി പുറത്തിറക്കിയ സമൂഹ ചർച്ചക്കായുള്ള കരട്‌രേഖയിലെ നിർദേശങ്ങൾ ഗുരുതരമായ സാമൂഹിക പ്രത്യാഘാതങ്ങൾ വിളിച്ചു വരുത്തുന്നതാണെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച സെമിനാർ അഭിപ്രായപ്പെട്ടു. 'ജെൻഡർ പൊളിറ്റിക്സും പാഠ്യപദ്ധതി പരിഷ്കരണവും' എന്ന വിഷയത്തിലായിരുന്നു സെമിനാർ.

നമ്മുടെ കുടുംബ സംവിധാനങ്ങളിലും സാംസ്കാരിക മേഖലയിലും കുത്തഴിഞ്ഞ ജീവിതരീതി കടന്നുവരാൻ കാരണമാകുന്ന ഈ നിർദേശങ്ങൾക്കെതിരെ മത, രാഷ്ട്രീയ, സാംസ്കാരിക, വിദ്യാഭ്യാസ പ്രസ്ഥാനങ്ങൾ ആശയ പ്രതിരോധത്തിന് തയ്യാറാകണമെന്നും സെമിനാർ ആവശ്യപ്പെട്ടു.

സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആൺ, പെൺ വ്യത്യാസമില്ലാതെ ഇരിപ്പിടമൊരുക്കുന്നതിലൂടെ നടക്കുന്നത് ജെൻഡർ ന്യൂട്രാലിറ്റി കരിക്കുലത്തിൽ കൊണ്ടുവരാനുള്ള നീക്കമാണ്. ലിബറൽ ചിന്താഗതിക്കാരുടെ ഒളിയജണ്ടകൾ നടപ്പാക്കാനുള്ള വേദിയായി വിദ്യാഭ്യാസ മേഖലയെ ഉപയോഗപ്പെടുത്തുന്നത് അംഗീകരിക്കാനാവില്ല.

ഇത്രയും കാലം നമ്മുടെ നാട്ടിൽ നിലനിന്നുപോന്ന ആൺ-പെൺ കാഴ്ചപ്പാടിൽ വലിയ വ്യത്യാസമുണ്ടാകാൻ പോകുന്ന പ്രക്രിയയാണ് നടക്കാൻ പോകുന്നതെന്നും ഇത് നേരിട്ട് കുട്ടികളിലേക്ക് പാഠപുസ്തകത്തിലൂടെയും ക്ലാസ് മുറികളിലൂടെ പ്രായോഗികമായും നടപ്പാകുന്നതോടെ പാശ്ചാത്യൻ സംസ്കാരത്തിലേക്ക് നാം പറിച്ച് മാറ്റപ്പെടുകയാണെന്നും സെമിനാർ അഭിപ്രായപ്പെട്ടു.

ജെൻഡർ ന്യൂട്രാലിറ്റി പാശ്ചാത്യൻ നാടുകളിൽ ജെൻഡർ ഡിസ്ഫോറിയയിലേക്ക് വഴിമാറിയതിന്റെ പേരിൽ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങളെക്കുറിച്ച് പഠനം നടത്താൻ സംസ്ഥാന സർക്കാർ തയ്യാറാവണം. കുടുംബസംവിധാനത്തെ ബാധിക്കുന്ന ഏതൊരു നീക്കവും കുത്തഴിഞ്ഞ ധാർമിക രംഗത്തിന് കളമൊരുക്കും.

ബഹുഭൂരിപക്ഷം വരുന്ന മതവിശ്വാസികൾക്ക് ഭരണഘടന നൽകുന്ന മൗലികാവകാശങ്ങളുടെ മേലുള്ള കടന്നുകയറ്റത്തിന് പാഠപുസ്തകങ്ങൾ കാരണമാകരുത്. ലിംഗസമത്വമല്ല ലിംഗനീതിയാണ് ധാർമിക സമൂഹസൃഷ്ടിക്ക് അനിവാര്യമെന്നും സെമിനാർ അഭിപ്രായപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി സെമിനാർ ഉൽഘാടനം ചെയ്തു. വിസ്ഡം സംസ്ഥാന വൈസ് പ്രസിഡന്റ് അബൂബക്കർ സലഫി അധ്യക്ഷത വഹിച്ചു. മുൻ പി.എസ്.സി. മെമ്പർ ആർ. എസ് പണിക്കർ, മുൻ സിൻഡിക്കേറ്റ് അംഗം ഡോ: വി.പി അബ്ദുൽ ഹമീദ് മാസ്റ്റർ, വിസ്ഡം ഹെൽത്ത് സംസ്ഥാന സെക്രട്ടറി പി.എം ശാഹുൽ ഹമീദ് തുടങ്ങിയവർ പ്രസംഗിച്ചു.

'ജെൻഡർ ന്യൂട്രാലിറ്റി: ആദർശവും അജണ്ടയും,' 'പാഠ്യപദ്ധതി പരിഷ്കരണം: ഒളിയജണ്ടകൾ,' 'ലൈംഗിക വിദ്യാഭ്യാസവും ഉദാരലൈംഗികതയും,' 'സ്ത്രീ-പുരുഷദ്വന്ദ്വവും ജീവിതവിശുദ്ധിയും,' 'ആറാം നൂറ്റാണ്ടും പുരോഗമന ചർച്ചയും,' 'സ്വതന്ത്രവാദം സമൂഹത്തെ പാകപ്പെടുത്തുമ്പോൾ,' 'മുതലാളിത്ത ചതിക്കുഴിയും കമ്യൂണിസവും' എന്നീ വിഷയങ്ങളിൽ യഥാക്രമം ഡോ.അബ്ദുല്ല ബാസിൽ സി.പി, ടി.കെ അശ്റഫ്, ഹാരിസ് ബിൻ സലീം, റഷീദ് കുട്ടമ്പൂർ, മുജീബ് മദനി ഒട്ടുമ്മൽ തുടങ്ങിയവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

# കൗമാരക്കാരും പെരുകുന്ന കുറ്റകൃത്യങ്ങളും

കൗമാരക്കാർക്കിടയിൽ കുറ്റകൃത്യങ്ങൾ വർധിച്ചു വരുന്നതായി ദിനേന പുറത്തുവരുന്ന വാർത്തകൾ വ്യക്തമാക്കുന്നു. കൗമാരക്കാർക്കിടയിൽ സ്വന്തം മാതാപിതാക്കളെ പോലും വളരെ മോശമായി അധിക്ഷേപിക്കുകയും ക്രൂരമായി മർദ്ദിക്കുകയും ചെയ്യുന്നവരുണ്ട് എന്നതും അത്തരക്കാരുടെ എണ്ണം വർധിച്ചു വരികയാണ് എന്നതും ആശങ്കയുളവാക്കുന്നതാണ്.

കുടുംബബന്ധങ്ങൾ വിച്ഛേദിക്കപ്പെട്ട കുടുംബങ്ങളിലാണ് കൗമാര കുറ്റകൃത്യങ്ങൾ ഏറ്റവും കൂടുതൽ നടക്കുന്നത് എന്നാണ് കൗമാര കുറ്റവാസന സംബന്ധിച്ച പഠനങ്ങൾ വെളിപ്പെടുത്തുന്നത്. ഒരു കുട്ടിയുടെ വ്യക്തിത്വവികാസം രക്ഷകർത്താക്കളുടെ പെരുമാറ്റത്തെയും സ്വഭാവത്തെയും ആശ്രയിച്ചാണിരിക്കുന്നത്. രക്ഷകർത്താക്കൾ സ്ഥിരമായി കള്ളം പറയുകയും മറ്റുള്ളവരെ പറ്റിക്കുകയും വഞ്ചന നടത്തുകയും മയക്കുമരുന്നുകൾ ഉപയോഗിക്കുകയുമൊക്കെ ചെയ്താൽ അത്തരം കുടുംബങ്ങളിലെ കുട്ടികൾ വഴിതെറ്റുക സ്വാഭാവികം.

കുടുംബം കഴിഞ്ഞാൽ കുട്ടികളുടെയും കൗമാരക്കാരുടെയും ജീവിതത്തെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന സ്ഥാപനം വിദ്യാലയമാണ്. ഒരു കുട്ടിയുടെ വ്യക്തിത്വം വാർത്തെടുക്കുന്നതിൽ സ്കൂളിലെ ചുറ്റുപാടുകൾ നിർണായക പങ്കാണ് വഹിക്കുന്നത്. കൗമാരക്കാരുടെ വ്യക്തിത്വത്തെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നത് കൂട്ടുകാരുടെ സ്വഭാവമാണ്. 'ഒരു വ്യക്തി അവന്റെ കൂട്ടുകാരന്റെ ആദർശത്തിലായിരിക്കും' എന്ന പ്രവാചകവചനം ഇവിടെ ശ്രദ്ധേയമാണ്. വിദ്യാലയങ്ങളിൽ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർ മിക്കപ്പോഴും പ്രത്യേക കൂട്ടുകെട്ടിൽ (gap) അകപ്പെട്ടിട്ടുള്ളവരാണെന്നുള്ള വസ്തുത പ്രത്യേകം ഓർക്കേണ്ടതാണ്.

കൗമാര കുറ്റകൃത്യങ്ങൾ പെരുകുന്നതിനുള്ള കാരണങ്ങളിൽ മുന്നിൽനിൽക്കുന്നത് സിനിമയും അക്രമവാസന വളർത്തുന്ന ഗെയ്മുകളുമാണെന്നതിൽ സംശയമില്ല. പ്രേമരംഗങ്ങളും സാഹസികതകളും ചിത്രീകരിക്കുമ്പോൾ കുറ്റകൃത്യങ്ങളുടെയും ആക്രമണത്തിന്റെയും പുതിയ മാതൃകകൾ ആവിഷ്കരിക്കാറുണ്ട്. കൗമാരക്കാരുടെ മനസ്സിൽ ഇവ ശക്തമായ സ്വാധീനം ചെലുത്തും എന്നതിൽ സംശയമില്ല.

വൈകാരിക അസ്ഥിരതയാണ് കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള മറ്റൊരു പ്രധാന കാരണം. സ്നേഹത്തിന്റെ അഭാവം, വൈകാരിക സുരക്ഷിതത്വമില്ലായ്മ, കർശനമായ അച്ചടക്കം, ഇല്ലായ്മകൾ മൂലമുണ്ടാകുന്ന അസംതൃപ്തി, അപകർഷത, അവഗണന, ഒറ്റപ്പെടൽ, അധികാരികളെ എതിർക്കാനുള്ള പ്രവണത എന്നിവയൊക്കെ ഒരു കുട്ടിയുടെ വ്യക്തിത്വത്തെ സ്വാധീനിക്കും. ഇത്തരം സാഹചര്യത്തിൽ വളർന്നുവരുന്ന കുട്ടികളുടെ മാനസികാവസ്ഥ കുറ്റകൃത്യങ്ങൾ ചെയ്യാൻ പ്രേരകമായിട്ടുള്ളതായിരിക്കും.

ഇഷ്ടം പോലെ കൈകാര്യം ചെയ്യാവുന്ന രൂപത്തിൽ കാശ് ലഭിക്കുന്നതും കൗമാരക്കാരെ കുറ്റകൃത്യങ്ങളിലേക്ക് നയിക്കുന്നു. ദാരിദ്ര്യവും കുറ്റകൃത്യങ്ങളും തമ്മിൽ അഭേദ്യബന്ധമുള്ളതായി ധാരാളം ഗവേഷണപഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ദരിദ്ര കുടുംബത്തിലെ കുട്ടികൾക്ക് മാതാപിതാക്കളെ സാമ്പത്തികമായി സഹായിക്കാനായി വിദ്യാഭ്യാസം ഉപേക്ഷിച്ച് ഹോട്ടലുകളിലും ചായക്കടയിലും മറ്റും മാലിക്ക് പോകേണ്ടതായിവരുന്നു. ഇവിടങ്ങളിൽ ഇവരെ പ്രലോഭിപ്പിച്ച് പലതരം കുറ്റകൃത്യങ്ങൾ ചെയ്യിക്കാറുണ്ട്. എന്നാൽ, ദാരിദ്ര്യമാണ് കുറ്റകൃത്യങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുന്നതെന്നു പൂർണമായും പറയുക സാധ്യമല്ല. പല സമ്പന്ന കുടുംബങ്ങളിലെയും കുട്ടികൾ കുറ്റകൃത്യങ്ങൾ ധാരാളമായി ചെയ്യാറുള്ളപ്പോൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ ധാരാളം കുട്ടികൾ നല്ലവരായി വളർന്നുവരുന്നുണ്ട്. മാതാപിതാക്കൾ നല്ല മാതൃക കാണിച്ചുകൊടുക്കുകയും ധാർമികബോധം പകർന്നുകൊടുക്കുകയും ചെയ്താൽ ഒരു പരിധിവരെ കൗമാരക്കാരെ കുറ്റകൃത്യങ്ങളിൽനിന്ന് അകറ്റുവാൻ സാധിക്കും.



# ആ ഒരു നിമിഷം എത്ര അമൂല്യം!

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
: +971 55 805 4312

മനുഷ്യജീവിതത്തിലെ ഏറ്റവും വിലയേറിയ കാര്യമെന്താണോ അതിനെത്തന്നെയാണ് യാതൊരു നിലയും വിലയും കൽപിക്കാതെ മനുഷ്യർ പാഴാക്കുന്നത്; അതാണ് സമയം.

പണ്ഡിതൻമാർ പറയുന്നത്, വിജയം ആഗ്രഹിക്കുന്ന ഒരു മുസ്‌ലിമിനെ, അതല്ലെങ്കിൽ മനുഷ്യനെ സംബന്ധിച്ചിടത്തോളം ഈ ജീവിതത്തിൽ അവനു ലഭിച്ചിട്ടുള്ള ഏറ്റവും അമൂല്യമായ ഒന്നാണ് സമയം എന്നാണ്. പക്ഷേ, ആ സമയത്തിന് മനുഷ്യൻ യാതൊരു നിലയും വിലയും കൽപിക്കുന്നില്ല. പണം, സമ്പത്ത് എന്നിവ നമ്മൾ പാഴാക്കുകയില്ല. ഭക്ഷണം കഴിക്കുന്ന പ്ലേറ്റിലെ അവസാന വറ്റു പോലും പാഴാക്കാൻ പാടില്ലല്ലോ എന്ന് പറഞ്ഞുകൊണ്ട് നമ്മൾ കഴിച്ചേക്കാം. പക്ഷേ, അതിനെക്കാളെല്ലാം നമ്മുടെ ജീവിതത്തിൽ പ്രധാനപ്പെട്ട സമയത്തെ ഈ ലോകത്തും പരലോകത്തും യാതൊരു ഉപകാരവുമില്ലാത്ത വിധത്തിൽ പാഴാക്കുന്നതിൽ ഒരു സങ്കടവും പ്രയാസവും നമുക്ക് തോന്നുന്നില്ല. എന്നാൽ അറിയുക; സമയമെന്നത് നമ്മുടെ ജീവിതമാണ്. സമയം നഷ്ടപ്പെടുമ്പോൾ ജീവിതമാണ് നഷ്ടപ്പെടുന്നത്.

മഹാനായ ഹസനുൽബസ്വരി (റഹി) പറഞ്ഞു: "ആദമിന്റെ മകനേ! നീയെന്നത് ഏതാനും ദിവസങ്ങൾ മാത്രമാണ്. ഒരു ദിവസം പോയാൽ നിന്റെ ജീവിതത്തിലെ ഭാഗങ്ങളാണ് നഷ്ടപ്പെട്ടുപോകുന്നത്.'' ജീവിതത്തെയും സമയത്തെയും ഉപയോഗപ്പെടുത്തണമെന്ന് ഉദ്ദേശം.

അല്ലാഹു പറയുന്നു: "അവൻ പറയും: അയ്യോ, ഞാൻ എന്റെ ജീവിതത്തിനുവേണ്ടി മുൻകൂട്ടി (സൽകർമങ്ങൾ) ചെയ്തുവെച്ചിരുന്നെ

ങ്കിൽ എത്ര നന്നായിരുന്നേനെ!" (ക്വുർആൻ 89:24). മഹ്ശറിലെ ഈയൊരു വിലാപമായിരിക്കും നാളെ അന്ത്യനാളിലെ ഏറ്റവും വലിയ വിലാപങ്ങളിലൊന്ന്! മരണസമയത്തെ സങ്കടവും അതു തന്നെ: "ഞങ്ങളുടെ രക്ഷിതാവേ, അടുത്ത ഒരു അവധി വരെ ഞങ്ങൾക്ക് നീ സമയംനീട്ടിത്തരേണമേ. എങ്കിൽ നിന്റെ വിളിക്ക് ഞങ്ങൾ ഉത്തരം നൽകുകയും, ദൂതന്മാരെ ഞങ്ങൾ പിന്തുടരുകയും ചെയ്തുകൊള്ളാം" (ക്വുർആൻ 14:44). വർഷങ്ങൾ നീണ്ട ജീവിതം ലഭിച്ചിട്ടും പറയാത്തത് മരിക്കുന്ന സമയത്താണ് പറയുന്നത്! എന്നാൽ യാതൊരു നേട്ടവും അതുകൊണ്ടുണ്ടാവില്ല.

അതുകൊണ്ടാണ് റസൂൽ (സ്വ) 'അഞ്ചുകാര്യങ്ങൾക്കു മുമ്പുള്ള അഞ്ചു കാര്യങ്ങളെ നിങ്ങൾ ഉപയോഗപ്പെടുത്തണ'മെന്ന് നമ്മോട് പറഞ്ഞത്. അതിൽ ഒന്നാമത്തേത്, 'മരണം വരുന്നതിനു മുമ്പുള്ള നിന്റെ ജീവിതത്തെ ഉപയോഗപ്പെടുത്തുക' എന്നതാണ്. കാരണം, അന്ത്യനാളിൽ അല്ലാഹു ചോദിക്കുന്ന പ്രധാനപ്പെട്ട ചോദ്യങ്ങളിൽ ഒന്ന്, 'നിന്റെ ആയുസ്സിനെ നീ ഏതു വിഷയത്തിൽ ചെലവഴിച്ചു' എന്നതാണ്. അത് ഓരോരുത്തരോടും ചോദിക്കുകതന്നെ ചെയ്യും. അതുകൊണ്ട് ജീവിതത്തിലെ ഓരോ നിമിഷത്തെയും സൽകർമങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുക.

മഹാനായ സ്വഹാബി അനസുബ്നുമാലികി(റ)ന്റെ പ്രഗത്ഭ ശിഷ്യനായിരുന്നു സാബിത്തുൽ ബുനാനി (റ). അദ്ദേഹം മരണശയ്യയിൽ കിടക്കുമ്പോൾ മകൻ അദ്ദേഹത്തിന് 'ലാ ഇലാഹഇല്ലല്ലാഹ്' എന്നു പറഞ്ഞുകൊടുക്കാൻ വേണ്ടി അടുത്തേക്ക് ചെന്നപ്പോൾ ആ പിതാവ് പറഞ്ഞു: "മകനേ! നീ എന്നെ വിട്ടേക്കൂ... ഇന്നത്തെ ദിവസത്തിൽ, ഞാൻ സാധാരണ ചൊല്ലാറുള്ള ദിക്റുകളുടെ കൂട്ടത്തിലെ ആറാമത്തെ സന്ദർഭത്തിലാണ് ഞാൻ''. മരണശയ്യയിൽ

**വിജയം ആഗ്രഹിക്കുന്ന ഒരു മുസ്‌ലിമിനെ, അതല്ലെങ്കിൽ മനുഷ്യനെ സംബന്ധിച്ചിടത്തോളം ഈ ജീവിതത്തിൽ അവനു ലഭിച്ചിട്ടുള്ള ഏറ്റവും അമൂല്യമായ ഒന്നാണ് സമയം എന്നാണ്. പക്ഷേ, ആ സമയത്തിന് മനുഷ്യൻ യാതൊരു നിലയും വിലയും കൽപിക്കുന്നില്ല. പണം, സമ്പത്ത് എന്നിവ നമ്മൾ പാഴാക്കുകയില്ല. ഭക്ഷണം കഴിക്കുന്ന പ്ലേറ്റിലെ അവസാന വറ്റുപോലും പാഴാക്കാൻ പാടില്ലല്ലോ എന്ന് പറഞ്ഞുകൊണ്ട് നമ്മൾ കഴിച്ചേക്കാം. പക്ഷേ, അതിനെക്കാളെല്ലാം നമ്മുടെ ജീവിതത്തിൽ പ്രധാനപ്പെട്ട സമയത്തെ ഈ ലോകത്തും പരലോകത്തും യാതൊരു ഉപകാരവുമില്ലാത്ത വിധത്തിൽ പാഴാക്കുന്നതിൽ ഒരു സങ്കടവും പ്രയാസവും നമുക്ക് തോന്നുന്നില്ല. എന്നാൽ അറിയുക; സമയമെന്നത് നമ്മുടെ ജീവിതമാണ്. സമയം നഷ്ടപ്പെടുമ്പോൾ ജീവിതമാണ് നഷ്ടപ്പെടുന്നത്.**

പോലും പതിവായി ചൊല്ലാറുള്ള ദിക്റുകൾ പൂർത്തീകരിക്കട്ടെ എന്നാണ് അദ്ദേഹം പറഞ്ഞത്! സച്ചരിതരായ മുൻഗാമികൾ (സലഫുസ്സ്വാലിഹുകൾ) പെട്ടവർ മരണസമയത്ത് ഈ രൂപത്തിൽ ദിക്റുകളും സ്വലാത്തും വർധിപ്പിച്ചിരുന്നതായി നമുക്ക് കാണുവാൻ സാധിക്കും. എന്താണ് ഈ സമയത്ത് ഇങ്ങനെ ചെയ്യാനുള്ള കാരണമെന്ന ചോദ്യത്തിന് "എന്റെ കർമങ്ങളുടെ രേഖകളുടെ ആ പുസ്തകം അടച്ചുവെക്കാൻ പോവുകയാണ്. അത് അടക്കുന്നതിനുമുമ്പുള്ള അവസാനത്തെ പേജും നന്മകൾകൊണ്ട് നിറക്കാനാണ് ഞാൻ ഈ സമയത്തെ ഉപയോഗപ്പെടുത്തുന്നത്' എന്നായിരുന്നു അവരുടെ മറുപടി.

'ആദമിന്റെ മക്കൾ മരണപ്പെട്ടാൽ അവരുടെ പ്രവർത്തനങ്ങൾ മുറിഞ്ഞുപോയി...' എന്ന ഹദീസ് ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. അതുകൊണ്ടാണ് അല്ലാഹു പരിശുദ്ധ ക്വുർആനിലുടനീളം വിശ്വാസികളോട് ജീവിതത്തെ കൃത്യമായി ഉപയോഗപ്പെടുത്താൻ വേണ്ടിപറയുന്നത്.

അല്ലാഹു പരിശുദ്ധ ക്വുർആനിൽ പറയുന്നത് നോക്കുക: "സത്യവിശ്വാസികളേ, വെള്ളിയാഴ്ച നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ അല്ലാഹുവെ പറ്റിയുള്ള സ്മരണയിലേക്ക് നിങ്ങൾ വേഗത്തിൽ വരികയും വ്യാപാരം ഒഴിവാക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം; നിങ്ങൾ കാര്യം മനസ്സിലാക്കുന്നുവെങ്കിൽ'' (62:9). അതുവരെ അവർ വെറുതെയിരിക്കേണ്ടവരല്ല. മറിച്ച് കച്ചവടം ചെയ്യട്ടെ, മറ്റു ഉപജീവനമാർഗങ്ങളിൽ പ്രവേശിക്കട്ടെ. എന്നാൽ ആരാധനാസമയമായാൽ അവർ പള്ളിയിലേക്ക് ധൃതിപ്പെട്ടുവരട്ടെ. ആരാധന കഴിഞ്ഞാലോ? അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക: "അങ്ങനെ നമസ്കാരം നിർവഹിക്കപ്പെട്ടു കഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ വ്യാപിച്ചുകൊള്ളുകയും അല്ലാഹുവിന്റെ ഔദാര്യത്തിൽനിന്ന് തേടുകയും ചെയ്യുക" (62:10).

ചുരുക്കത്തിൽ, കർമനിരതമായിരിക്കണം വിശ്വാസിയുടെ ജീവിതം. ദീനീകാര്യങ്ങളെയും ദുൻയാവിന്റെ കാര്യങ്ങളെയും ശരിയായ അനുപാതത്തിൽ കൊണ്ടുപോകാൻ അവനു സാധിക്കണം. അല്ലാഹുപറയുന്നു: "ആകയാൽ നിനക്ക് ഒഴിവുകിട്ടിയാൽ നീ അധ്വാനിക്കുക. നിന്റെ രക്ഷിതാവിലേക്കു തന്നെ നിന്റെ ആഗ്രഹം സമർപ്പിക്കുകയും ചെയ്യുക'' (94:7,8). ഒന്നുകഴിഞ്ഞാൽ മറ്റൊന്ന്. അല്ലാഹുവിലേക്ക് ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ടും അവനിൽ ഭരമേൽപിച്ചുകൊണ്ടും ഇഹലോകത്ത് അല്ലാഹു അനുവദിച്ച കാര്യങ്ങൾക്കുവേണ്ടിയും, പരലോകത്തിലെ നന്മകൾക്കുവേണ്ടിയും അധ്വാനിക്കുക.

രാത്രിയെ അല്ലാഹു നമുക്ക് നിശ്ചയിച്ചുതന്നിട്ടുള്ളത് ‘വിശ്രമിക്കുവാൻ വേണ്ടിയാണ്’ എന്നാണ് പരിശുദ്ധ ക്വുർആനിൽ ധാരാളം സ്ഥലങ്ങളിൽ അല്ലാഹു തആലാ പറഞ്ഞിട്ടുള്ളത്. എന്നാൽ അല്ലാഹു സത്യവിശ്വാസികളെ സംബന്ധിച്ച് പറയുന്നതെന്താണെന്നു നോക്കുക: “രാത്രിയിൽനിന്ന് അൽപഭാഗമെ അവർ ഉറങ്ങാറുണ്ടായിരുന്നുള്ളൂ. രാത്രിയുടെ അന്ത്യവേളകളിൽ അവർ പാപമോചനം തേടുന്നവരായിരുന്നു’’ (51:17,18). അതെ, വിശ്രമസമയം പോലും പരമാവധി അല്ലാഹുവിന്റെ പ്രീതി നേടിയെടുക്കാൻ വേണ്ടി ഉപയോഗപ്പെടുത്തുന്നവനാണ് വിശ്വാസി. ഇബ്നുഅബ്ബാസി(റ)ൽനിന്ന് നിവേദനം, നബി(സ്വ) പറഞ്ഞു: “രണ്ട് അനുഗ്രഹങ്ങൾ, അതിൽ അധികമാളുകളും വഞ്ചിതരാണ്; ആരോഗ്യവും ഒഴിവുസമയവും’’ (ബുഖാരി 6412).

ചിലയാളുകൾക്ക് ഒഴിവുസമയമുണ്ട്. പക്ഷേ, ഇബാദത്ത് ചെയ്യാനും അധ്വാനിക്കാനും ആരോഗ്യമില്ല. മറ്റുചിലർക്ക് ആരോഗ്യമുണ്ട്. പക്ഷേ, ഒഴിവുസമയമില്ല. എന്നാൽ ഇത് രണ്ടും ലഭിക്കുക എന്നത് ഏറ്റവും വലിയ അനുഗ്രഹമാണ്. അത് രണ്ടും ലഭിച്ചിട്ടും പരലോകത്തിനു വേണ്ടി ഉപയോഗപ്പെടുത്താത്തവരാകുന്നു ഏറ്റവും വലിയ നഷ്ടക്കാരെന്ന് റസൂൽ നമ്മെ പഠിപ്പിക്കുന്നു. അതിനാൽ അല്ലാഹു നമുക്ക് നൽകിയ ആയുസ്സ്, ആരോഗ്യം, മറ്റു സാഹചര്യങ്ങൾ, സന്ദർഭങ്ങൾ എല്ലാംതന്നെ പരലോക വിജയത്തിനുവേണ്ടി സമർഥമായി ഉപയോഗപ്പെടുത്തുക. സമയത്തിന്റെ ഉപയോഗത്തിൽ പ്രധാനമായും രണ്ടുകാര്യങ്ങൾ നമ്മൾ ശ്രദ്ധിക്കേണ്ടതാണ്. അതിലൊന്ന്; സമയം വിനിയോഗിക്കുന്നതിൽ കൃത്യമായൊരു പദ്ധതി നമ്മുടെ ജീവിതത്തിലുണ്ടാവണം എന്നതാണ്. സലഫുസ്സാലിഹുകളുടെ ജീവിതം പരിശോധിച്ചാൽ അവർക്ക് എല്ലാത്തിനും കൃത്യമായൊരു സമയം ഉണ്ടായിരുന്നതായി കാണാൻ സാധിക്കും. പരിശുദ്ധ ക്വുർആൻ പാരായണം ചെയ്യാൻ, ഹദീസുകൾ ഹൃദിസ്ഥമാക്കാൻ, ദിക്റുകൾ ചൊല്ലാൻ, കുടുംബബന്ധം ചേർക്കാൻ, നമസ്കരിക്കാൻ, മറ്റു അദ്കാറുകൾ ഉരുവിടാൻ, രോഗികളെ സന്ദർശിക്കാൻ... അങ്ങനെ ജീവിതത്തെ കൃത്യമായ ചിട്ടയോടെയായിരുന്നു അവർ കൈകാര്യം ചെയ്തിരുന്നത്. അവരെ ഏതെങ്കിലും രീതിയിലുള്ള വ്യർഥമായ സംസാരങ്ങൾക്കോ, ആഹ്ലാദങ്ങൾക്കോ വേണ്ടി ആരെങ്കിലും വിളിച്ചാൽ അവരുടെ മറുപടി ‘സൂര്യനെ പിടിച്ചുവെക്കാൻ നിനക്കു പറ്റുമെങ്കിൽ ഞാൻവരാം, ഇല്ലെങ്കിൽ എനിക്ക് പാഴാക്കാൻ സമയമില്ല, ഒരുപാട് ഇബാദത്തുകളും നന്മകളും നിർവഹിക്കാനേ എന്റെയടുക്കൽ സമയമുള്ളൂ’ എന്നായിരുന്നു. ഇപ്രകാരം നമ്മുടെ സമയത്തെ ചിട്ടയോടുകൂടി ഉപയോഗപ്പെടുത്താൻ സാധിക്കണം. രണ്ടാമത്തേത്; അങ്ങേയറ്റം ബുദ്ധിപരമായിട്ടായിരിക്കണം സമയത്തെ നാം ഉപയോഗപ്പെടുത്തേണ്ടത്. കാരണം, നമ്മുടെ വിജയവും നമ്മുടെ പരാജയവും ഒരുപക്ഷേ, ജീവിതത്തിലെ ഏതാനും സെക്കന്റുകൾകൊണ്ട് സംഭവിച്ചേക്കാം.

“കാലം തന്നെയാണ് സത്യം! തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽതന്നെയാകുന്നു...’’ എന്ന് തുടങ്ങുന്ന സൂറതുൽ അസ്റിനെ വിശദീകരിച്ചുകൊണ്ട് ഇമാം റാസി(റഹ്) പറഞ്ഞ ശ്രദ്ധേയമായ ഒരു കാര്യമു ണ്ട്: “ആയിരം ദിവസങ്ങൾ ജീവിച്ചിട്ടുണ്ടെങ്കിലും ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം ഒരുപക്ഷേ, പരലോകത്ത് അവൻ ഏറ്റവും അഭിമാനിക്കുന്നത് തന്റെ ജീവിതത്തിൽ ഉണ്ടായ ഒരു നിമിഷത്തെക്കുറിച്ച് ആലോചിച്ചായിരിക്കും.’’ എപ്പോഴാണത്? ജീവിതകാലം മുഴുവൻ തിന്മകളും തോന്നിവാ

**“സത്യവിശ്വാസികളേ, വെള്ളിയാഴ്ച നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ അല്ലാഹുവെ പറ്റിയുള്ള സ്മരണയിലേക്ക് നിങ്ങൾ വേഗത്തിൽ വരികയും വ്യാപാരം ഒഴിവാക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം; നിങ്ങൾ കാര്യം മനസ്സിലാക്കുന്നുവെങ്കിൽ’’ (62:9). അതുവരെ അവർ വെറുതെയിരിക്കേണ്ടവരല്ല. മറിച്ച് കച്ചവടം ചെയ്യട്ടെ, മറ്റു ഉപജീവനമാർഗങ്ങളിൽ പ്രവേശിക്കട്ടെ. എന്നാൽ ആരാധനാസമയമായാൽ അവർ പള്ളിയിലേക്ക് ധൃതിപ്പെട്ടുവരട്ടെ. ആരാധന കഴിഞ്ഞാലോ? അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക: “അങ്ങനെ നമസ്കാരം നിർവഹിക്കപ്പെട്ടു കഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ വ്യാപിച്ചുകൊള്ളുകയും അല്ലാഹുവിന്റെ ഔദാര്യത്തിൽനിന്ന് തേടുകയും ചെയ്യുക’’ (62:10). ചുരുക്കത്തിൽ, കർമനിരതമായിരിക്കണം വിശ്വാസിയുടെ ജീവിതം. ദീനീകാര്യങ്ങളെയും ദുൻയാവിന്റെ കാര്യങ്ങളെയും ശരിയായ അനുപാതത്തിൽ കൊണ്ടുപോകാൻ അവനു സാധിക്കണം**





സങ്ങളും ചെയ്ത് അവസാനം 'അല്ലാഹുവേ! ഞാൻ നിന്നിലേക്ക് പശ്ചാത്താപിച്ചു മടങ്ങിയിരിക്കുന്നു' എന്ന് പറയുന്ന ഒരു വ്യക്തി, അതിനു വേണ്ടി നിമിഷങ്ങൾ മാത്രമെ അയാൾ ഉപയോഗപ്പെടുത്തിയിട്ടുണ്ടാവുകയുള്ളൂ, എങ്കിലും ആ ഒരു ചെറിയ സമയമാണ് ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യമായി അയാൾ കാണുക. 'അല്ലാഹുവാണെ, അല്ലാഹു നിനക്ക് പൊറുത്തുതരികയില്ല' എന്ന്, അല്ലാഹുവിനെ ഭയപ്പെട്ടു ജീവിച്ച ഒരു വ്യക്തി പാപിയായ ഒരു മനുഷ്യനോട് ഏറെ ആലോചിക്കാതെയാണ് പറഞ്ഞത്. പക്ഷേ, ആ ഒരൊറ്റ വാക്കുകൊണ്ട്- അല്ലാഹുവിനെക്കുറിച്ച് തനിക്ക് അറിയാത്തത് പറഞ്ഞു എന്ന കാരണത്താൽ- ആ വ്യക്തി നരകാവകാശിയായി' (ഹദീസ്).

ഇതെല്ലാം നമുക്ക് നൽകുന്ന പാഠം ജീവിതത്തിൽ അവസരങ്ങൾ കടന്നുവരുമ്പോൾ ആ നിമിഷങ്ങളെ ആലോചിച്ച് ഉപയോഗപ്പെടുത്തിയാൽ വിജയിക്കാൻ സാധിക്കും, ഇല്ലെങ്കിൽ പരാജയപ്പെടും എന്നതാണ്. പാപിയായ ഒരു മനുഷ്യന്റെ മുമ്പിൽ ദാഹിച്ചുവലഞ്ഞ ഒരു നായ പ്രത്യക്ഷപ്പെട്ടു. അയാൾക്ക് വേണമെങ്കിൽ ആ നായക്ക് വെള്ളം കൊടുക്കുകയോ കൊടുക്കാതിരിക്കുകയോ ചെയ്യാം. കൊടുക്കാതെ പോയാൽ ആ നിമിഷം കടന്നുപോവും, പിന്നെയൊരു അവസരം കിട്ടിയെന്നുവരില്ല. പക്ഷേ, ആ അവസരം അന്നേരം ഉപയോഗപ്പെടുത്തിയ പാപിയായ ആ മനുഷ്യൻ അതുകാരണത്താൽ സ്വർഗത്തിൽ

**ഇതെല്ലാം നമുക്ക് നൽകുന്ന പാഠം ജീവിതത്തിൽ അവസരങ്ങൾ കടന്നുവരുമ്പോൾ ആ നിമിഷങ്ങളെ ആലോചിച്ച് ഉപയോഗപ്പെടുത്തിയാൽ വിജയിക്കാൻ സാധിക്കും, ഇല്ലെങ്കിൽ പരാജയപ്പെടും എന്നതാണ്. അല്ലാഹു നമുക്ക് ഒരുപാട് സെക്കന്റുകൾ, മിനുട്ടുകൾ, മണിക്കൂറുകൾ, ദിവസങ്ങൾ, മാസങ്ങൾ, വർഷങ്ങൾ എല്ലാം നൽകിയിട്ടും നമ്മുടെ ജീവിതത്തിൽ നമ്മൾ പരാജയപ്പെട്ടുപോയാൽ അതൊരു തീരാ നഷ്ടമായിരിക്കും. "...ഇഹലോകവും പരലോകവും അവന്ന് നഷ്ടപ്പെട്ടു. അതു തന്നെയാണ് വ്യക്തമായ നഷ്ടം'' (ക്വുർആൻ 22:11). ആയതിനാൽ സമയത്തിന്റെ മൂല്യവും വിഷയത്തിന്റെ ഗൗരവവും മനസ്സിലാക്കി ജീവിതത്തിലെ ഓരോ നിമിഷത്തെയും ഈ ലോകത്തിലെ നന്മകൾക്ക് വേണ്ടിയും അതിലുപരി പരലോക വിജയത്തിനുവേണ്ടിയും ഉപയോഗപ്പെടുത്തുക.**

പ്രവേശിപ്പിക്കപ്പെട്ടു (ഹദീസ്). ആ അവസരം ഉപയോഗപ്പെടുത്താതിരുന്നെങ്കിൽ അയാളുടെ അവസ്ഥ എന്തായിരിക്കുമെന്ന് ആലോചിച്ച് നോക്കൂ. എന്തൊരു നഷ്ടമായിരിക്കും അത്!

നബി(സ്വ)യുടെ അടുക്കലേക്ക് വിദൂരദിക്കിൽനിന്നും ഒരാൾ ഒട്ടകപ്പുറത്തു വരികയാണ്. അയാൾ നബി(സ്വ)യോട് ചോദിച്ചു: "ഞാൻ താങ്കളെ കാണാൻ വന്നതാണ്. ഈമാൻ എന്താണെന്ന് താങ്കൾ എനിക്ക് പഠിപ്പിച്ചുതരണം." അല്ലാഹുവിന്റെ റസൂൽ ഈമാൻ കാര്യങ്ങൾ പഠിപ്പിച്ചുകൊടുത്തു. "ഞാനത് അംഗീകരിച്ചിരിക്കുന്നു" എന്ന ഒരേയൊരു വാക്ക് മാത്രമെ അയാൾ പറഞ്ഞിട്ടുള്ളൂ. അടുത്ത നിമിഷം, അദ്ദേഹം സഞ്ചരിച്ച ഒട്ടകം മറിഞ്ഞുവീഴുകയും അതിനടിയിൽപെട്ട് അദ്ദേഹം മരണപ്പെടുകയും ചെയ്തു. അന്നേരം നബി(സ്വ) പറഞ്ഞത് 'അദ്ദേഹം സ്വർഗത്തിലാണ്' എന്നാണ്. നിമിഷനേരം കൊണ്ടാണ് അതു സംഭവിച്ചിട്ടുള്ളത്. ഈമാൻ കാര്യങ്ങളെക്കുറിച്ചു കേട്ടപ്പോൾ അൽപം ആലോചിക്കട്ടെ യെന്ന് പറഞ്ഞു സമയം നീട്ടാതെ ആ നിമിഷങ്ങളെ ഉപയോഗപ്പെടുത്തിയപ്പോൾ അയാൾക്ക് വമ്പിച്ച നേട്ടം കൊയ്യാൻ സാധിച്ചു.

അല്ലാഹു നമുക്ക് ഒരുപാട് സെക്കന്റുകൾ, മിനുട്ടുകൾ, മണിക്കൂറുകൾ, ദിവസങ്ങൾ, മാസങ്ങൾ, വർഷങ്ങൾ എല്ലാം നൽകിയിട്ടും നമ്മുടെ ജീവിതത്തിൽ നമ്മൾ പരാജയപ്പെട്ടുപോയാൽ അതൊരു തീരാ നഷ്ടമായിരിക്കും.

"...ഇഹലോകവും പരലോകവും അവന്ന് നഷ്ടപ്പെട്ടു. അതു തന്നെയാണ് വ്യക്തമായ നഷ്ടം" (ക്വുർആൻ 22:11). ആയതിനാൽ സമയത്തിന്റെ മൂല്യവും വിഷയത്തിന്റെ ഗൗരവവും മനസ്സിലാക്കി ജീവിതത്തിലെ ഓരോ നിമിഷത്തെയും ഈ ലോകത്തിലെ നന്മകൾക്ക് വേണ്ടിയും അതിലുപരി പരലോക വിജയത്തിനു വേണ്ടിയും ഉപയോഗപ്പെടുത്തുക. അല്ലാഹു അനുഗ്രഹിക്കട്ടെ.



സർഗാത്മകതയുടെയും സഹിഷ്ണുതയുടെയും സംഗമഭൂമി എന്ന, ക്യാമ്പസിനെ കുറിച്ചുള്ള വായ്ത്താരിയുടെ ആയുസ്സ് ഇനി കണ്ടറിയുകതന്നെ വേണം. ഹിജാബ് നിരോധനം മുതൽ പോൺ ജിഹാദ് വരെ എത്തിനിൽക്കുന്ന സംഘ്പരിവാർ അസംബന്ധങ്ങളുടെ വിഹാരഭൂമിയാക്കി കലാലയങ്ങളെ മാറ്റിയെടുക്കാനുള്ള ശ്രമങ്ങൾക്ക് തിടംവെച്ച് കൊടുക്കുന്നത് ഉത്തരവാദപ്പെട്ടവർ തന്നെയാണ്. അതിന്റെ അനന്തരഫലമാവട്ടെ, ഒരു പ്രത്യേക മതവിഭാഗത്തിലെ വിദ്യാർഥിനികളുടെ വ്യാപകമായ കൊഴിഞ്ഞുപോക്കും അതിലൂടെയുണ്ടായേക്കാവുന്ന സാമുദായിക അരികുവൽക്കരണവുമാണ്. അതുതന്നെയാണ് വിവാദമുണ്ടാക്കുന്നവരുടെ ലക്ഷ്യവും.

# മുസ്‌ലിം പെൺകുട്ടികളും വിദ്യാഭ്യാസ അവകാശ നിഷേധവും

മുജീബ് ഒട്ടുമ്മൽ
: 9744431890

2022 ജനുവരി ആദ്യവാരത്തിലാണ് കർണാടകയിലെ ഉഡുപ്പി ജില്ലയിലെ തീരദേശ പട്ടണമായ കുന്ദാപൂരിലെ ഭണ്ഡാർക്കേഴ്സ് ആർട്സ് ആന്റ് സയൻസ് ഡിഗ്രി കോളേജിൽ ശിരോവസ്ത്രം ധരിച്ച നാൽപതോളം മുസ്‌ലിം വിദ്യാർഥിനികളെ ഗേറ്റിനുമുന്നിൽ തടഞ്ഞ് പഠനം മുടക്കിയത്.

ഇതേ തുടർന്ന് കർണാടകയിലെ പല കോളേജുകളും ഹിജാബ് വിലക്കിക്കൊണ്ട് ഉത്തരവിട്ടു. ചില സ്ഥാപനങ്ങളിൽ സംഘർഷങ്ങളുണ്ടായി. ഹിജാബ് ധരിച്ചെത്തിയ വിദ്യാർഥിനികളെ ക്ലാസ്സിലിരുത്താനോ പരീക്ഷയെഴുതാനോ അനുവദിച്ചില്ല.

ഹിജാബ് മതാചാരത്തിന്റെയും മൗലികാവകാശങ്ങളുടെയും ഭാഗമാണെന്നും ശിരോവസ്ത്രം വ്യക്തിയുടെ മൗലികാവകാശമായി പ്രഖ്യാപിക്കണമെന്നും ക്ലാസ്സിൽ ശിരോവസ്ത്രം ധരിക്കാൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് വിദ്യാർഥിനികൾ കോടതിയെ സമീപിച്ചു. നിരാശയായിരുന്നു ഫലം. അതിവിചിത്രവും ഏകപക്ഷീയവുമായ വിധി പ്രസ്താവിച്ചുകൊണ്ട്; വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹിജാബ് വിരോധിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിനെതിരെ സമർപ്പിച്ച 6 പെൺകുട്ടികളുടെ ഹർജി നിഷ്കരുണം കോടതി തള്ളുകയായിരുന്നു. അതിനുവേണ്ടി മൂന്ന് കാര്യങ്ങളാണ് കോടതി വ്യക്തമാക്കിയത്.



ഹിജാബ് ധരിക്കുന്നത് മതപരമായി ഒഴിവാക്കാനാവാത്ത ആചാരമല്ലെന്നതാണ് അതിലൊന്ന്. ഇത് വ്യക്തിസ്വാതന്ത്ര്യത്തിനും ഭരണഘടനാ അവകാശങ്ങൾക്കും എതിരല്ലേ? സ്കൂൾ യൂണിഫോമിന്റ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ നിയന്ത്രണം കൊണ്ടുവരാം. ആചാരമല്ലാത്ത ശിരോവസ്ത്രം ഒഴിവാക്കാനാവാത്തതല്ലെന്നുള്ള കോടതിയുടെ നിരീക്ഷണം ഏത് ഗ്രന്ഥത്തിന്റെ, ഏത് സംസ്കാരത്തിന്റെ ഭാഗമാണെന്ന് കോടതിക്ക് വിശദീകരിക്കാനായില്ല. പൗരാവകാശങ്ങളുടെ നിഷേധമാണ് ഈ കോടതി വിധിയിലൂടെ സംഭവിക്കുന്നത്. മാത്രമല്ല ഭരണഘടനയുടെ ആർട്ടിക്കിൾ 25(1) പ്രകാരം മതശാസന അനുസരിച്ചുള്ള വസ്ത്രം തിരഞ്ഞെടുക്കാനുള്ള മുസ്‌ലിം സ്ത്രീയുടെ അവകാശമാണത്. പരമോന്നത നീതിപീഠം മതസംബന്ധിയായി രൂപപ്പെടുത്തിയ അത്യന്താപേക്ഷിത മതാചാര സിദ്ധാന്തത്തിന്റെ ഭാഗമാണ് മുസ്‌ലിം സ്ത്രീകളുടെ ശിരോവസ്ത്രം എന്ന് വരുമ്പോൾ അവിതർക്കിതമായ കാര്യമാണത്.

1954ലെ പ്രസിദ്ധമായ ശിറൂർ മഠം കേസിലാണ് 'അത്യന്താപേക്ഷിത മതാചാരം' എന്താണെന്നതിന് സുപ്രീംകോടതി വിശദീകരണം നൽകിയത്. നമ്മുടെ ഭരണഘടനയിലെ മതസ്വാതന്ത്ര്യം വിശ്വാസ സ്വാതന്ത്ര്യം മാത്രമല്ലെന്നും അത് മതപരമായ കർമങ്ങളിലേക്ക് വികസിക്കുന്നതാണെന്നും പ്രസ്തുത കേസിന്റെ വിധിയിൽ പരമോന്നത നീതിപീഠം ചൂണ്ടിക്കാട്ടി. വിശ്വാസം, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ മുതലായവ പൊതുവിൽ മതത്തിന്റെ അത്യന്താപേക്ഷിത ഘടകങ്ങളാണ്. ഓരോ മതത്തിന്റെയും മേൽ പ്രസ്താവിത ഘടകങ്ങൾ അത്യന്താപേക്ഷിത മതാചാരമാണോ എന്ന് നിർണയിക്കുന്നത് മത പ്രമാണങ്ങളാണെന്ന് കോടതി പ്രത്യേകം പരാമർശിക്കുന്നത് ശ്രദ്ധേയമാണ്.

ആധുനിക ജനാധിപത്യ സമൂഹങ്ങളിലെല്ലാം യൂണിഫോമിനൊപ്പം ധരിക്കാവുന്ന മതചിഹ്നങ്ങളോ മറ്റു സംഗതികളോ അനുവദനിയമാണെന്ന സാമാന്യ മര്യാദയെപോലും ചോദ്യം ചെയ്തുകൊണ്ടുള്ള വിധി സ്വാഭാവികതയ്ക്കെതിരായിരുന്നു.

ഒരുപക്ഷേ, ഹിജാബ് നിരോധിച്ചാൽ പല യാഥാസ്ഥിക കുടുംബങ്ങളും കുട്ടികളെ സ്കൂളിൽ അയക്കാതിരുന്നേക്കാം. അത് സ്ത്രീകളുടെ ഉന്നമനത്തിന് വിഘാതമാവുകയേ ഉള്ളൂ എന്ന കോടതിയുടെ മുൻകാല നിരീക്ഷണം മറച്ചുവെച്ചാണ് ഹിജാബിനെതിരെയുള്ള വിധി പ്രഖ്യാപിച്ചിരിക്കുന്നത്.

**പിന്നോക്കങ്ങളിൽ തളച്ചിടുന്നു**

'ഒരുപക്ഷേ, ഹിജാബ് നിരോധിച്ചാൽ പല യാഥാസ്ഥിതിക കുടുംബങ്ങളും കുട്ടികളെ സ്കൂളിൽ അയക്കാതിരുന്നേക്കാം. അത് സ്ത്രീകളുടെ ഉന്നമനത്തിന് വിഘാതമാവുകയേ ഉള്ളൂ' എന്ന കോടതിയുടെ മുൻകാല നിരീക്ഷണം ഇങ്ങനെയൊരു വിധി പ്രഖ്യാപനത്തിനുമുമ്പ് പരിഗണിക്കണമായിരുന്നു. ഈ പ്രസ്താവനയിൽ യാഥാസ്ഥിതികമെന്ന പ്രയോഗത്തിൽ അഭിപ്രായാന്തര

**ഹിജാബ് മതാചാരത്തിന്റെയും മൗലികാവകാശങ്ങളുടെയും ഭാഗമാണെന്നും ശിരോവസ്ത്രം വ്യക്തിയുടെ മൗലികാവകാശമായി പ്രഖ്യാപിക്കണമെന്നും ക്ലാസ്സിൽ ശിരോവസ്ത്രം ധരിക്കാൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് വിദ്യാർഥിനികൾ കോടതിയെ സമീപിച്ചു. നിരാശയായിരുന്നു ഫലം. അതിവിചിത്രവും ഏകപക്ഷീയവുമായ വിധി പ്രസ്താവിച്ചുകൊണ്ട്; വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹിജാബ് വിരോധിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിനെതിരെ സമർപ്പിച്ച 6 പെൺകുട്ടികളുടെ ഹർജി നിഷ്കരുണം കോടതി തള്ളുകയായിരുന്നു. അതിനുവേണ്ടി മൂന്ന് കാര്യങ്ങളാണ് കോടതി വ്യക്തമാക്കിയത്. ഹിജാബ് ധരിക്കുന്നത് മതപരമായി ഒഴിവാക്കാനാവാത്ത ആചാരമല്ലെന്നതാണ് അതിലൊന്ന്. ഇത് വ്യക്തിസ്വാതന്ത്ര്യത്തിനും ഭരണഘടനാ അവകാശങ്ങൾക്കും എതിരല്ലേ? സ്കൂൾ യൂണിഫോമിന്റ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ നിയന്ത്രണം കൊണ്ടുവരാം. ആചാരമല്ലാത്ത ശിരോവസ്ത്രം ഒഴിവാക്കാനാവാത്തതല്ലെന്നുള്ള കോടതിയുടെ നിരീക്ഷണം ഏത് ഗ്രന്ഥത്തിന്റെ, ഏത് സംസ്കാരത്തിന്റെ ഭാഗമാണെന്ന് കോടതിക്ക് വിശദീകരിക്കാനായില്ല.**


**'ഒരുപക്ഷേ, ഹിജാബ് നിരോധിച്ചാൽ പല യാഥാസ്ഥിതിക കുടുംബങ്ങളും കുട്ടികളെ സ്കൂളിൽ അയക്കാതിരുന്നേക്കാം. അത് സ്ത്രീകളുടെ ഉന്നമന ത്തിന് വിഘാതമാവുകയേ ഉള്ളൂ' എന്ന കോടതിയുടെ മുൻകാല നിരീക്ഷണം ഇങ്ങനെയൊരു വിധി പ്രഖ്യാപനത്തിനുമുമ്പ് പരിഗണിക്കണമായിരുന്നു. ഈ പ്രസ്താവനയിൽ യാഥാസ്ഥിതികമെന്ന പ്രയോഗത്തിൽ അഭിപ്രായാന്തരമു ണ്ടെങ്കിലും എല്ലാത്തിലുമെന്ന പോലെ നിലപാടിലും ആദർശത്തിലും നിഷ്‌കള ങ്കതയും നിശ്ചയദാർഢ്യവും സത്യസന്ധതയും പാലിക്കണമെന്നത് മുസ്‌ലിം വ്യ ക്തിയുടെ പ്രത്യേകതയാണ്. ജീവിതലക്ഷ്യം തിരിച്ചറിഞ്ഞവർ അങ്ങനെയാണ്. ദ്വിമുഖവും കാപട്യവും ഒരുവിഷയത്തിലും പാടില്ലെന്നതും മറ്റൊരു പ്രത്യേകത യാണ്. അതിനാൽ മുസ്‌ലിം പെൺകുട്ടികളുടെ സ്വത്വം നിരാകരിക്കുന്ന സ്ഥാ പനങ്ങളിൽനിന്ന് പടിയിറങ്ങുന്നത് ആദർശവും നിലപാടുമാണ്. അതിലെന്ത് ഭൗതിക നഷ്ടം വന്നാലും അവയെ വിലകൽപിക്കാറില്ല.**

മുണ്ടെങ്കിലും എല്ലാത്തിലുമെന്ന പോലെ നിലപാടിലും ആദർശ ത്തിലും നിഷ്‌കളങ്കതയും നിശ്ച യദാർഢ്യവും സത്യസന്ധതയും പാലിക്കണമെന്നത് മുസ്‌ലിം വ്യ ക്തിയുടെ പ്രത്യേകതയാണ്. ജീവി തലക്ഷ്യം തിരിച്ചറിഞ്ഞവർ അങ്ങ നെയാണ്. ദ്വിമുഖവും കാപട്യവും ഒരുവിഷയത്തിലും പാടില്ലെന്നതും മറ്റൊരു പ്രത്യേകതയാണ്. അതി നാൽ മുസ്‌ലിം പെൺകുട്ടികളുടെ സ്വത്വം നിരാകരിക്കുന്ന സ്ഥാപ നങ്ങളിൽനിന്ന് പടിയിറങ്ങുന്നത് ആദർശവും നിലപാടുമാണ്. അതി ലെന്ത് ഭൗതിക നഷ്ടം വന്നാലും അവയെ വിലകൽപിക്കാറില്ല. കർ ണാടകയിലെ വിദ്യാലയങ്ങളിൽ ഹിജാബ് നിരോധനമേർപെടു ത്തിയപ്പോൾ പഠനം മുടങ്ങിപ്പോയ ധാരാളം പെൺകുട്ടികളുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. മംഗളൂരു സർവകലാശാലയിലെ കോളേജുകളിൽനിന്ന് മാത്രം 16 ശതമാനം മുസ്‌ലിം വിദ്യാർഥിനി കൾ ടി.സി വാങ്ങിപ്പോയതായി വി വരാവകാശ കണക്കുകൾ ഉദ്ധരിച്ച് ഡെക്കാൻ ഹെറാൾഡ് റിപ്പോർട്ട് ചെയ്യുന്നുണ്ട്!

ഹിജാബ് ധരിക്കാതെ ക്ലാസ്സി ലിരിക്കാൻ താൽപര്യമില്ലാത്ത വി ദ്യാർഥിനികൾക്ക് ടി.സി നൽകു മെന്ന് കഴിഞ്ഞമാസം മംഗളൂരു സർവകലാശാല വൈസ് ചാൻസ ലർ പ്രൊഫസർ പി.എസ് യദ്പാഥി തായ പ്രഖ്യാപിച്ചിരുന്നു. ഇതിനു പിന്നാലെ വിവിധ സെമസ്റ്ററുകളി ലായി ബിരുദപഠനം നടത്തുന്ന മുസ്‌ലിം വിദ്യാർഥിനികളിൽ 16 ശതമാനം പേർ ടി.സി വാങ്ങിയ തായും വിവാരാവകാശ മറുപടി കൾ വ്യക്തമാക്കുന്നുണ്ട്. ദക്ഷിണ കന്നഡ, ഉഡുപ്പി ജില്ലകളിൽനിന്ന് മംഗളൂരു സർവകലാശാലയിൽ 2020-21, 2021-22 വർഷങ്ങളിൽ പ്ര വേശനം നേടിയ 900 മുസ്‌ലിം വി ദ്യാർഥിനികളിൽ 145 പേരാണ് ടി.സി വാങ്ങി പോയത്. ഇവരിൽ പലരും ഹിജാബ് അനുവദിക്കുന്ന മറ്റു കോളജുകളിൽ ചേർന്നപ്പോൾ മറ്റു ചിലർക്ക് സ്വകാര്യ സ്ഥാപന ങ്ങളിലെ ഉയർന്ന ഫീസ് താങ്ങാ നാകാതെ പഠനം അവസാനിപ്പി ക്കേണ്ടിവന്നു. കുടക് ജില്ലയിൽ സർവകലാശാലക്ക് കീഴിലെ കോ ളജുകളിലെ 113 മുസ്‌ലിം വിദ്യാർ ഥിനികളും പഠനം തുടരുന്നുണ്ട്. സർക്കാർ, എയ്ഡഡ് മേഖലയിൽ കുടകിൽ 10 കോളേജുകളാണുള്ള ത്. ദക്ഷിണ കന്നഡ, ഉഡുപ്പി ജില്ല കളിലായി 39 ഗവ. കോളജുകളും 36 എയ്ഡഡ് കോളജുകളുമാണു ള്ളത്. ഗവ. കോളജുകളിൽ നിന്നാ ണ് കൂടുതൽ മുസ്‌ലിം വിദ്യാർ ഥിനികളും ടി.സി വാങ്ങിയത് (34 ശതമാനം). ദക്ഷിണ കന്നഡ ജി ല്ലയിലെ മികച്ച ഗവ. കോളജുക ളിലൊന്നായ ഡോ. പി. ദയാനന്ദ പൈപി സതീശ പൈ ഫസ്റ്റ് ഗ്രേഡ് കോളജിൽ പഠിച്ച 51 മുസ്‌ലിം വി ദ്യാർഥിനികളിൽ 35 പേരും ടി.സി വാങ്ങിയതായി റിപ്പോർട്ടിൽ പറ യുന്നുണ്ട്.

ഹാലിയംഗാടി ഗവ. കോളജ്, അജാർക്കാട് ഗവ. കോളജ് എന്നി വിടങ്ങളിൽനിന്നെല്ലാം വൻതോ തിൽ മുസ്‌ലിം വിദ്യാർഥിനികൾ കൊഴിഞ്ഞുപോയിട്ടുണ്ട്. പലരും ടി.സി പോലും വാങ്ങാതെയാ ണ് പഠനം അവസാനിപ്പിച്ചതെ ന്ന് പ്രിൻസിപ്പാൾ സാക്ഷ്യപ്പെടു ത്തുന്നുണ്ട്

ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിവ രാജ്യത്തെ പൗരൻമാരു ടെ മൗലികാവകാശമായിരിക്കെ





അതിന്റ പേരിൽ വിദ്യാഭ്യാസം നേടാനുള്ള അവകാശ സ്വാതന്ത്ര്യത്തെപോലും ഹനിച്ചുകളയുന്ന സമീപനമാണ് അധികാരികൾ സ്വീകരിച്ചത്. വെറുപ്പിന്റെ പ്രത്യയശാസ്ത്രം പേറി, മാനവികതയുടെ മഹത്ത്വം തിരിച്ചറിഞ്ഞിട്ടില്ലാത്ത ഫാഷിസ്റ്റ് മനസ്സുകൾ ഒരു സമുദായത്തെ കൂച്ചുവിലങ്ങിടുന്നതിനുള്ള ഉദാഹരണമാണിത്. രാജ്യത്തിന്റ വികസനത്തിന് അവിടുത്തെ ജനങ്ങളിലെ ഓരോ വ്യക്തിയുടെയും ജീവിതനിലവാരം മെച്ചപ്പെട്ടില്ലെങ്കിൽ മുന്നേറ്റം അസാധ്യമാകുമെന്ന തിരിച്ചറിവ് പോലും അധികാരികൾക്കില്ലാതെ പോയി.

**മുസ്‌ലിം പെൺകുട്ടികൾ ടാർഗറ്റ് ചെയ്യപ്പെടുന്നുവോ?**

മുസ്‌ലിം പെൺകുട്ടികൾക്ക് എക്കാലത്തെയും അപേക്ഷിച്ച് കർണാടക ഉൾപെടെയുള്ള സംസ്ഥാനങ്ങളിൽ വിദ്യാഭ്യാസ രംഗത്ത് വൻപുരോഗതി വരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് കണക്കുകളുദ്ധരിച്ച് ചില മാധ്യമങ്ങൾ അവകാശപ്പെടുന്നുണ്ട്. പലതരത്തിലുള്ള വെല്ലുവിളികൾ നേരിടേണ്ടി വന്നിട്ടും അവർ സ്വന്തമാക്കുന്ന വളർച്ചയും സ്ഥിരതയും വളരെ പ്രാധാന്യമുള്ളതാണെന്ന് ഇന്ത്യൻ എക്സ്പ്രസ് പോലുള്ള പത്രങ്ങൾ അഭിപ്രായപ്പെടുന്നുണ്ട്. 2007-2008ൽ രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ മുസ്‌ലിം പെൺകുട്ടികളുടെ മൊത്തം ഹാജർ അനുപാതം 6.7 ശതമാനമായിരുന്നു. 2017-18ലെത്തുമ്പോൾ അത് 13.5 ശതമാനമായി വർധിക്കുന്നു. ഹിജാബ് വിവാദം ഇതുപോലെയുള്ള സാമൂഹിക പുരോഗതിയെ തടയിടാനും വിദ്യാഭ്യാസ അവകാശങ്ങളെ ധ്വംസിച്ച് പിന്നോക്കാവസ്ഥയിൽ സമുദായത്തെ തളച്ചിടാനുമുള്ള ആസൂത്രണമാണ് എന്ന് വിലയിരുത്തപ്പെടുന്നുമുണ്ട്.

**ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിവ രാജ്യത്തെ പൗരൻമാരുടെ മൗലികാവകാശമായിരിക്കെ അതിന്റ പേരിൽ വിദ്യാഭ്യാസം നേടാനുള്ള അവകാശ സ്വാതന്ത്ര്യത്തെ പോലും ഹനിച്ചുകളയുന്ന സമീപനമാണ് അധികാരികൾ സ്വീകരിച്ചത്. വെറുപ്പിന്റെ പ്രത്യയശാസ്ത്രം പേറി, മാനവികതയുടെ മഹത്ത്വം തിരിച്ചറിഞ്ഞിട്ടില്ലാത്ത ഫാഷിസ്റ്റ് മനസ്സുകൾ ഒരു സമുദായത്തെ കൂച്ചുവിലങ്ങിടുന്നതിനുള്ള ഉദാഹരണമാണിത്. രാജ്യത്തിന്റ വികസനത്തിന് അവിടുത്തെ ജനങ്ങളിലെ ഓരോ വ്യക്തിയുടെയും ജീവിതനിലവാരം മെച്ചപ്പെട്ടില്ലെങ്കിൽ മുന്നേറ്റം അസാധ്യമാകുമെന്ന തിരിച്ചറിവ് പോലും അധികാരികൾക്കില്ലാതെ പോയി.**

ആറുമുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പാക്കൽ ഭരണകൂടത്തിന്റെ ചുമതലയാണ് എന്നിരിക്കെ ഇവിടെ ഭരണംകൂടം മുസ്‌ലിം പെൺകുട്ടികൾക്കെതിരെ തിരിഞ്ഞതിൽ ദുരൂഹതയുണ്ട്. കോവിഡ് നിയന്ത്രണങ്ങൾ പതിയെ കുറച്ചുകൊണ്ടുവരികയും സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാനാരംഭിക്കുകയും ചെയ്യുമ്പോഴാണ് പുതിയ ഹിജാബ് വിവാദം പൊട്ടിപ്പുറപ്പെടുകയും മുസ്‌ലിം പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നിഷേധിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടായിട്ടുള്ളത്. വിദ്യാഭ്യാസത്തിലൂടെയുള്ള ശാക്തീകരണത്തെ പിന്നോട്ടടിപ്പിക്കാൻ ഇത്തരം വിവാദങ്ങൾകൊണ്ടാകും എന്നതുകൊണ്ടാണ് ഫാഷിസ്റ്റുകൾ ഇവ ഉപയോഗപ്പെടുത്തുന്നത്. വർധിച്ച് വരുന്ന അരക്ഷിതാവസ്ഥ പ്രതികരണത്തെ ഉണർത്തുകയും പ്രശ്നകലുഷിതമായ സാഹചര്യങ്ങൾ വിദ്യാഭ്യാസ മുന്നേറ്റത്തിന് തടയിടുമെന്നും വിചാരിക്കുന്നവരാണ് വിവാദങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഇതിനകം തന്നെ ശക്തമായ ഹിന്ദു വലതുപക്ഷങ്ങളാണ് ഇതിന് വേണ്ടിയുള്ള അജണ്ടകൾ നെയ്തെടുക്കുന്നത്. അവരുടെ കുതന്ത്രങ്ങളുടെ ഇരകൾ എപ്പോഴും മുസ്‌ലിം പെൺകുട്ടികളും മുസ്‌ലിം സമൂഹവുമാണ്.

**കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജെൻഡർ ന്യൂട്രാലിറ്റിയും യൂണിഫോമും മുസ്‌ലിം വിദ്യാർഥിനികളുടെ വിദ്യാഭ്യാസ പുരോഗതിയെ തടയിടാനുള്ള ശ്രമമാണെന്നതാണ് വസ്തുത. കർണാടകയിൽ ഹിജാബ് നിരോധനം കാരണമായി വിദ്യാലയങ്ങളിൽനിന്ന് മുസ്‌ലിം പെൺകുട്ടികൾ കൊഴിഞ്ഞുപോയത് പോലെ കേരളത്തിലെ കാമ്പസുകളിൽ നിന്ന് മുസ്‌ലിം പെൺകുട്ടികളുടെ ഹാജർ നില കുറക്കാനുള്ള ശ്രമം നടക്കുന്നുണ്ടെന്ന രീതിയിലാണ് കാര്യങ്ങളുടെ പോക്ക്. യാതൊരു സ്വാഭാവിക ബോധവുമില്ലാത്ത സംസ്‌കാര ശൂന്യതയും അശ്ലീലതയും ലൈംഗിക അരാചകത്വവും കാമ്പസുകളിലൂടെ വ്യാപകമാക്കാനുള്ള ശ്രമവുമുണ്ട്. സ്വാഭാവികമായി ധാർമിക സദാചാര ബോധവും ആദർശനിഷ്ഠയും ഉള്ള പെൺകുട്ടികളെ വിദ്യാലയങ്ങളുടെ പരിസരങ്ങളിൽനിന്ന് അകറ്റിനിറുത്താനുള്ള ശ്രമമാണ് നടക്കുന്നത്.**

### കേരളത്തിലെ പരിഷ്‌കരണം; ലക്ഷ്യം മുസ്‌ലിം പെൺകുട്ടികളോ?

കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജെൻഡർ ന്യൂട്രാലിറ്റിയും യൂണിഫോമും മുസ്‌ലിം വിദ്യാർഥിനികളുടെ വിദ്യാഭ്യാസ പുരോഗതിയെ തടയിടാനുള്ള ശ്രമമാണെന്നതാണ് വസ്തുത. കർണാടകയിൽ ഹിജാബ് നിരോധനം കാരണമായി വിദ്യാലയങ്ങളിൽനിന്ന് മുസ്‌ലിം പെൺകുട്ടികൾ കൊഴിഞ്ഞുപോയത് പോലെ കേരളത്തിലെ കാമ്പസുകളിൽനിന്ന് മുസ്‌ലിം പെൺകുട്ടികളുടെ ഹാജർ നില കുറക്കാനുള്ള ശ്രമം നടക്കുന്നുണ്ടെന്ന രീതിയിലാണ് കാര്യങ്ങളുടെ പോക്ക്. യാതൊരു സ്വാഭാവിക ബോധവുമില്ലാത്ത സംസ്‌കാര ശൂന്യതയും അശ്ലീലതയും ലൈംഗിക അരാചകത്വവും കാമ്പസുകളിലൂടെ വ്യാപകമാക്കാനുള്ള ശ്രമവുമുണ്ട്. സ്വാഭാവികമായി ധാർമിക സദാചാര ബോധവും ആദർശനിഷ്ഠയും ഉള്ള പെൺകുട്ടികളെ വിദ്യാലയങ്ങളുടെ പരിസരങ്ങളിൽനിന്ന് അകറ്റിനിറുത്താനുള്ള ശ്രമമാണ് നടക്കുന്നത്.

മുസ്‌ലിം പെൺവസ്ത്രങ്ങളിൽ ഫ്ളാഷ്‌മോബുകളും സ്വയംഭോഗ കാമ്പയ്‌നുകളും പ്രണയാനുരാഗങ്ങളുടെ ദിനാചരണങ്ങളും അശ്ലീലതയുടെ ചുവർചിത്രങ്ങളും ലൈംഗിക വൈകൃതങ്ങളുടെ വർണരാജിയിൽ ആനന്ദനൃത്തമാടുന്ന വികൃതികളും ലിംഗസ്വത്വബോധമില്ലാത്തവരും നിറഞ്ഞാടുന്ന ഒരിടമായി കാമ്പസുകളെ മാറ്റിയെടുക്കാൻ ബോധപൂർവമായ ശ്രമം നടക്കുന്നു. മാന്യതയും മാനവികതയും ബന്ധങ്ങളുടെ പവിത്രതയും അപരരെ പരിഗണിക്കലും പരിപാവനമായി കാണുന്ന, വ്യക്തിവിശുദ്ധി കാത്തുസൂക്ഷിക്കുന്നവരെ പുകച്ച് പുറത്ത് ചാടിക്കുന്ന പ്രവണതയാണ് ഉൽബുദ്ധ കേരളത്തിലും നടക്കുന്നത്.

ഇന്ത്യയുടെ ഫെഡറൽ സ്വഭാവത്തെ നിരാകരിക്കുകയും യൂണിറ്ററി സംവിധാനം നടപ്പിലാക്കാൻ പണിയെടുക്കുകയും ചെയ്യുന്ന ഫാഷിസ്റ്റ് ഭരണകൂടത്തിന്റെ തണലിൽ കാവി വസ്ത്രധാരികൾ നടത്തുന്ന മുസ്‌ലിം വിരുദ്ധത ശിരോവസ്ത്ര നിരോധനത്തിലൂടെ നടപ്പിലാക്കാൻ ശ്രമിക്കുന്നു. പുരോഗമന സർക്കാരെന്ന് മേനി നടിച്ച്, വസ്ത്ര സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്ത്, മതനിരാസവും ലിബറലിസവും വിദ്യാർഥികളിൽ ഒളിച്ചുകടത്താൻ ശ്രമിക്കുന്ന കേരളത്തിലെ അധികാരികളും ഫാഷിസ്റ്റുകളുമായി ഇസ്‌ലാമോഫോബിയയിൽ എവിടെയാണ് വേർപിരിയുന്നതെന്നതാണ് ഏവരുടെയും സംശയം. അവകാശങ്ങളെ കുറിച്ചും മതസ്വാതന്ത്ര്യത്തെ കുറിച്ചും സംസാരിക്കുകയും അടിച്ചേൽപിക്കാൻ ശ്രമിക്കുന്ന നിയമങ്ങളുടെ ആധികാരികതയെയും പ്രായോഗികതയെയും പഠനങ്ങളുടെ അഭാവത്തെയും ചോദ്യം ചെയ്യുന്നവരെ ആറാം നൂറ്റാണ്ടിലേക്ക് ചേർത്ത് പറയുന്നവരും പാക്കിസ്ഥാനിലേക്ക് ചേർത്ത് പറ





യുന്നവരും തമ്മിലുള്ള വേർതിരിവ് എവിടെയാണെന്നും ചോദിച്ച് പോകുന്നു!

**സ്ത്രീവിദ്യാഭ്യാസത്തിന്റ അനിവാര്യത**

'പുരുഷന് അറിവ് പഠിപ്പിക്കുന്നതുകൊണ്ട് ഒരു വ്യക്തിക്കാണ് അറിവ് ലഭിക്കുന്നതെങ്കിൽ ഒരു സ്ത്രീക്ക് അറിവ് പഠിപ്പിക്കുന്നതുകൊണ്ട് ഒരു സമൂഹത്തിനാണ് അറിവ് ലഭിക്കുന്നത്'- നൈലിന്റ കവിയെന്നറിയപ്പെടുന്ന, ഈജിപ്റ്റുകാരനായ ഹാഫിള് ഇബ്രാഹീമിന്റ കവിതയിലെ വരികളാണിത്. സാമൂഹിക മുന്നേറ്റത്തിൽ സ്ത്രീവിദ്യാഭ്യാസത്തിന്റ അനിവാര്യത വ്യക്തമാക്കുന്ന വരികളാണ് മുകളിൽ കാണുന്നത്. സ്ത്രീകളെ വിദ്യാസമ്പന്നരാക്കുന്നതിന് വലിയ പരിഗണന നൽകുന്ന മതമാണ് ഇസ്‌ലാം. വൈജ്ഞാനികവും ധൈഷണികവുമായ ഇടങ്ങളിൽ സ്ത്രീ ഇടപെടലുകൾ സാധ്യമാക്കിയിട്ടുള്ള മതമാണിത്. 'വായിക്കുക' എന്ന കൽപനയിൽ അവതരണം ആരംഭിച്ച വിശുദ്ധ ഖുർആനിന്റ ആശയങ്ങളെ ജീവിതമാക്കിയ മുസ്‌ലിം പുരുഷന്നും സ്ത്രീക്കും വിജ്ഞാന സമ്പാദനത്തിൽനിന്ന് പുറംതിരിഞ്ഞ് നിൽക്കാനാവില്ല. മുസ്‌ലിം നവോത്ഥാന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സനാഉല്ലാഹ് മക്തി തങ്ങൾ, വക്കം മൗലവി, മണപ്പാട്ട് കുഞ്ഞഹമ്മദ് ഹാജി, ഹമദാനി തങ്ങൾ മുതലുള്ളവർ സ്ത്രീ വിദ്യാഭ്യാസത്തിന് അഹോരാത്രം പ്രവർത്തിച്ചവരാണ്. അതിന്റെ മാറ്റങ്ങളാണ് ഇന്ന് നാം അനുഭവിച്ച് കൊണ്ടിരിക്കുന്നത്. അതിൽനിന്ന് പുറംതിരിഞ്ഞ് നിന്നവരെ എഴുത്തിലൂടെയും പ്രഭാഷണങ്ങളിലൂടെയും സമുദ്ധരിക്കാനവർ ശ്രമിച്ചുകൊണ്ടിരുന്നു. വിദ്യാഭ്യാസത്തിന്റ ഉന്നത മേഖലകളിലേക്ക് സ്ത്രീകളെയും അവർ കൈപിടിച്ചുയർത്തി. അതിനായി ത്യാഗങ്ങൾ സഹിച്ചു. പീഡനങ്ങളും പരിഹാസങ്ങളും അവരേറ്റുവാങ്ങി. അങ്ങനെ പല മഹത്തുക്കളും അത്യധ്വാനം ചെയ്ത് പരിവർത്തിപ്പിച്ചെടുത്ത ഒരു സമുദായത്തെ പിന്നിലേക്ക് തെളിക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. അതിന് ചുവപ്പും കാവിയും വ്യത്യസ്ത രൂപങ്ങളിൽ കൈ കോർക്കുന്നതിനെതിരെ സമൂഹം ബോധവാൻമാരാകണം. പാശ്ചാത്യലോകം ചവറ്റ് കൊട്ടയിലേക്കെറിഞ്ഞ അറുപിന്തിരിപ്പൻ ആശയങ്ങളെ ആനയിച്ച് വിദ്യാഭ്യാസവും സംസ്കാരവും തകർക്കാനുള്ള ശ്രമങ്ങളെയും കരുതിയിരിക്കണം.

വിജ്ഞാനങ്ങളിലൂടെ ലോകത്തോട് മൽസരിക്കാൻ മാത്രം കഴിവുറ്റ പ്രതിഭകളെ രൂപപ്പെടുത്താൻ പദ്ധതികൾ ആസൂത്രണം ചെയ്യുകയാണ് വേണ്ടത്. ഉയർന്ന് ചിന്തിക്കാനും വലിയ സ്വപ്നങ്ങളുടെ സാക്ഷാത്കാരത്തിനും സാധ്യമാകുന്ന അന്തരീക്ഷമാണ് ഒരുക്കേണ്ടത്. മാനവികതയും ധർമവും ഉയർത്തിപ്പിടിച്ച് നന്മയുടെ വാഹകരാവാനുള്ള ബോധമാണ് പകർന്നു നൽകേണ്ടത്. ■

**ഇന്ത്യയുടെ ഫെഡറൽ സ്വഭാവത്തെ നിരാകരിക്കുകയും യൂണിറ്ററി സംവിധാനം നടപ്പിലാക്കാൻ പണിയെടുക്കുകയും ചെയ്യുന്ന ഫാഷിസ്റ്റ് ഭരണകൂടത്തിന്റെ തണലിൽ കാവി വസ്ത്രധാരികൾ നടത്തുന്ന മുസ്‌ലിം വിരുദ്ധത ശിരോവസ്ത്ര നിരോധനത്തിലൂടെ നടപ്പിലാക്കാൻ ശ്രമിക്കുന്നു. പുരോഗമന സർക്കാരെന്ന് മേനിനടിച്ച്, വസ്ത്ര സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്ത്, മതനിരാസവും ലിബറലിസവും വിദ്യാർഥികളിൽ ഒളിച്ചുകടത്താൻ ശ്രമിക്കുന്ന കേരളത്തിലെ അധികാരികളും ഫാഷിസ്റ്റുകളുമായി ഇസ്‌ലാമോഫോബിയയിൽ എവിടെയാണ് വേർപിരിയുന്നതെന്നതാണ് ഏവരുടെയും സംശയം. അവകാശങ്ങളെ കുറിച്ചും മതസ്വാതന്ത്ര്യത്തെ കുറിച്ചും സംസാരിക്കുകയും അടിച്ചേൽപിക്കാൻ ശ്രമിക്കുന്ന നിയമങ്ങളുടെ ആധികാരികതയെയും പ്രായോഗികതയെയും പഠനങ്ങളുടെ അഭാവത്തെയും ചോദ്യം ചെയ്യുന്നവരെ ആറാം നൂറ്റാണ്ടിലേക്ക് ചേർത്ത് പറയുന്നവരും പാക്കിസ്ഥാനിലേക്ക് ചേർത്ത് പറയുന്നവരും തമ്മിലുള്ള വേർതിരിവ് എവിടെയാണെന്നും ചോദിച്ച് പോകുന്നു!**



# ഓട്ടിസം; ലക്ഷണങ്ങളും കാരണങ്ങളും

ഡോ. മുനവ്വർ

കുട്ടികളിൽ കണ്ടുവരുന്ന വികാസപരമായ ഒരു തകരാറാണിത്. സ്വയം തന്നിലേക്കുതന്നെ പിൻവാങ്ങുകയാണ് ഇവിടെ സംഭവിക്കുന്നത്. യാഥാർഥ്യവുമായി സർവ ബന്ധങ്ങളും വിച്ഛേദിച്ചു മനോനിഷ്ഠമായി സാങ്കൽപിക പ്രവർത്തനങ്ങളിൽ കുട്ടി ഏർപ്പെടും. സാമൂഹിക യാഥാർഥ്യങ്ങളുമായി പൊരുത്തപ്പെടാൻ കഴിയാത്തതുമൂലമുണ്ടാകുന്ന ഗുരുതരമായിട്ടുള്ള ഒരു വ്യാവഹാരിക ക്രമരാഹിത്യമാണ് ഓട്ടിസം. ‘സ്വയം’ എന്നർഥമുള്ള ‘ആട്ടോസ്’ (Autos) എന്ന ഗ്രീക്ക് പദത്തിൽനിന്നുമാണ് ഓട്ടിസം (Autism) എന്ന ഇംഗ്ലീഷ്പദം നിഷ്പന്നമായിട്ടുള്ളത്. ലിയോ കാനർ (Leo kanner) എന്ന മനോരോഗ ചികിത്സാവിദഗ്ധനാണ് 1943ൽ ഈ പദം ആദ്യമായി പ്രയോഗത്തിൽ കൊണ്ടുവന്നത്. മലയാളത്തിൽ ‘മനോരാജ്യം,’ ‘സ്വപ്നജീവിതം’ എന്നീ അർഥങ്ങളാണ് ഈ പദത്തിനു നൽകിക്കാണുന്നത്. എന്നാൽ, ഈ പദത്തിന്റെ അർഥവ്യാപ്തി ഈ പ്രയോഗങ്ങളിൽ ഒതുങ്ങുന്നതല്ല. അതിനാൽ ഇവിടെ ഓട്ടിസം എന്ന ഇംഗ്ലീഷ് പദം തന്നെ ഉപയോഗിക്കുന്നു.

***ഓട്ടിസം ബാധിച്ച കുട്ടികളുടെ സ്വഭാവ സവിശേഷതകൾ***

**എ. ഓട്ടിസ ഏകാന്തത**
(Autistic Aloneness)

കാനറുടെ അഭിപ്രായത്തിൽ ഓട്ടിസം ബാധിച്ച കുട്ടികളുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷണം തനിച്ചിരിക്കാനുള്ള അഭിവാഞ്ഛയാണ്. രക്ഷകർത്താക്കളോട് ഇത്തരക്കാർക്ക് സാധാരണഗതിയിൽ പ്രതികരിക്കാൻ കഴിയില്ല. മാതാപിതാക്കൾ സ്നേഹപൂർവം എടുത്തു ലാളിക്കാൻ ശ്രമിച്ചാൽ ഇവർ വഴുതിമാറും. ഇത്തരം കുട്ടികൾ മിക്കപ്പോഴും പരിസരബോധമില്ലാത്തവരായിരിക്കും; സ്വപ്നലോകത്തിൽ പൂർണമായും ഇവർ നിമഗ്നമായിരിക്കും.

**ബി. ആശയവിനിയ പ്രശ്നങ്ങൾ**
(Communication Problems)

ആശയവിനിയ വൈദഗ്ധ്യം ആർജിക്കുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടാണ് ഓട്ടിസം ബാധിച്ച കുട്ടിയുടെ മറ്റൊരു ലക്ഷണം. ഭാഷാപരമായ പ്രശ്നങ്ങളാണ് ഇതിനുള്ള കാരണം. ഓട്ടിസം ബാധിച്ച് ഏതാണ്ട് 50 ശതമാനം കുട്ടികളും സംസാരിക്കാറില്ല. മറ്റുള്ളവർ അപൂർവമായി എന്തെങ്കിലും സംസാരിക്കും. ഓട്ടിസം ബാധിച്ച ശിശു പുഞ്ചിരിക്കുകയോ മറ്റുള്ളവർ പുഞ്ചിരിച്ചാൽ തിരിച്ചു പ്രതികരിക്കുകയോ ചെയ്യില്ല. മറ്റുള്ളവർ അവരോട് പ്രകടിപ്പിക്കുന്ന സ്നേഹത്തിനും പ്രതികരണമൊന്നും ഉണ്ടാകുകയില്ല; മാതാവിനോടുപോലും!

(സി) അനുഷ്ഠാനപരവും നിർബന്ധപരവുമായ പ്രതിഭാസം (itualistic and Compulsive phenomena) മാറ്റങ്ങൾക്കു വിധേയമാകാൻ അനുവദിക്കാതെ എല്ലാം ഒരുപോലെ നിലനിർത്താനുള്ള ഒരു പ്രവണത ഓട്ടിസം ബാധിച്ചവരിൽ കണ്ടുവരാറുണ്ട്. ചുറ്റുപാടുകൾക്ക് എന്തെങ്കിലും മാറ്റം സംഭവിച്ചാൽ ഇത്തരക്കാർ ആകപ്പാടെ കുഴപ്പത്തിലാകും. ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വസ്ത്രങ്ങളും പാദരക്ഷകളും മാറ്റുന്നത് ഇവർ ഇഷ്ടപ്പെടാറില്ല.

സാധാരണയിൽനിന്നു ഭിന്നമായി എന്തെങ്കിലും സംഭവിച്ചാൽ ഇവർ കോപിഷ്ഠരാകും. കൈ കണ്ണിനു മുമ്പിൽ പിടിച്ച് വിരലുകൾ സദാ മടക്കുകയും നിവർത്തുകയും ചെയ്തുകൊണ്ടിരിക്കുക ഇത്തരക്കാരിൽ സാധാരണ കാണപ്പെടുന്ന ഒരു ശരീരചലന പ്രക്രിയയാണ്. കാൽവിരലുകൾ ഉപയോഗിച്ച് അധികദൂരം നടക്കുക, ഏതെങ്കിലും വസ്തുക്കൾ എടുത്തു സദാ പിരിച്ചുകൊണ്ടിരിക്കുക, അല്ലെങ്കിൽ ഏതെങ്കിലും ശബ്ദം സ്ഥിരമായി പുറപ്പെടുവിച്ചുകൊണ്ടിരിക്കുക തുടങ്ങിയ സ്വഭാവങ്ങളും ഓട്ടിസം ബാധിച്ച കുട്ടികളിൽ കാണാവുന്നതാണ്.

**(അവസാനിച്ചില്ല)**



9

# നമ്മുടെ രാജ്യത്തെ കോടതികൾ

അബൂആദം അയ്മൻ

### ഗ്രാമക്കോടതികൾ

ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ഒരു കോടതിയാണ് ഗ്രാമക്കോടതി (Village Court). ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റിന്റെ പദവിയിലുള്ള ആളായിരിക്കും ഈ കോടതിയിലെ ന്യായാധിപൻ. രണ്ടുവർഷ ത്തിൽ താഴെവരെയുള്ള തടവുശിക്ഷ നൽകാവുന്ന ക്രിമിനൽ കേസുകളാണ് ഗ്രാമക്കോടതിയുടെ വിചാരണാധികാര പരിധിയിൽ വരുക. കൂലിത്തർക്കം, മിനിമം കൂലി നിഷേധിക്കൽ, പൗരാവകാശം നിഷേധിക്കൽ, മാതാപിതാക്കൾ, ഭാര്യ, കുട്ടികൾ എന്നിവരുടെ സംരക്ഷണം, ഗാർഹികപീഡനവും അക്രമവും, ഇരുപതിനായിരം രൂപയിൽ താഴെ വിലവരുന്ന വസ്തുക്കളുടെ മോഷണം, അടിപിടി, സമാധാനം കെടുത്തുന്ന പ്രവൃത്തികൾ മുതലായവ സംബന്ധിച്ച കേസുകൾ ഇവയിൽ പെടുന്നതാണ്.

ഈ കോടതി സിവിൽ കേസുകളും കേൾക്കുന്നതാണ്. വസ്തു വാങ്ങലും വിൽപനയും സംബന്ധിച്ചു ണ്ടാകുന്ന തർക്കം, ജലസേചനത്തർക്കം, കിണറുകളിൽനിന്നും മറ്റും വെള്ളം എടുക്കുന്നതിനെക്കുറിച്ചുള്ള തർക്കം, കൂട്ടുകൃഷിയിലെ തർക്കം, സാമ്പത്തിക ഇടപാടുകളിലെ തർക്കം മുതലായവ സംബന്ധിച്ച കേസുകൾ ഇവയിൽ പെടും. ആഴ്ചയിൽ മൂന്നു ദിവസം ആസ്ഥാനത്ത് പ്രവർത്തിക്കുന്ന കോടതി മൂന്നു ദിവസം അധികാരപരിധിയിൽ സഞ്ചാരകോടതിയായിട്ടായിരിക്കും പ്രവർത്തിക്കുക.

### അതിവേഗകോടതി

അതിവേഗകോടതി (Fast Track Court) കെട്ടിക്കിടക്കുന്നതായ കേസുകൾ, പ്രത്യേകിച്ചും സെഷൻസ് കേസുകൾ എത്രയും വേഗം തീർപ്പാക്കുകയെന്ന ലക്ഷ്യത്തോടെ രൂപവൽക്കരിക്കപ്പെട്ടിട്ടുള്ള കോടതിയാണ്. ഒരു നിശ്ചിത കാലാവധിയിലേക്കുള്ളതായ ഈ കോടതിയിലെ ന്യായാധിപൻ സെഷൻസ് ജഡ്ജിയായിരിക്കും. വിധിയിന്മേൽ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാം.

### സിബിഐ കോടതി

സിബിഐ സ്പെഷ്യൽ കോടതി (CBI Special Court) സിബിഐ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിക്കുന്ന സെഷൻസ് കേസുകൾ വിചാരണ ചെയ്യുന്നതിനുള്ള പ്രത്യേക കോടതിയാണ്. സെഷൻസ് ജഡ്ജിയുടെ പദവിയിലുള്ളയാളാണ് ഇവിടെ കേസുകൾ വിചാരണ ചെയ്യുന്നത്. വിധിയിന്മേൽ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാം.

### എൻഐഎ കോടതി

എൻഐഎ സ്പെഷ്യൽ കോടതി (NTA Special Court) എൻഐഎ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിക്കുന്ന, ഭീകരപ്രവർത്തനവുമായി ബന്ധപ്പെട്ട കേസുകൾ (തീവ്രവാദക്കേസുകൾ) വിചാരണ ചെയ്യുന്നതിനുള്ള പ്രത്യേക കോടതിയാണ്. കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഇത്തരം കോടതികൾ സ്ഥാപിക്കാവുന്നതാണ്. ജില്ലാ സെഷൻസ് ജഡ്ജിയുടെ പദവിയിലുള്ളയാളാണ് ഇവിടെ കേസുകൾ വിചാരണ ചെയ്യുന്നത്. സ്പെഷ്യൽ ജഡ്ജിയെ സംസ്ഥാന ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിയമിക്കും. വിധിയിന്മേൽ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാം.

### ടാഡാ കോടതി

ടാഡാ കോടതി (Tada Court) രാജ്യത്ത് തീവ്രവാദപ്രവർത്തനങ്ങളും വിധ്വംസകപ്രവർത്തനങ്ങളും നടത്തുകയും, ഇതിലേക്ക് ബോംബുകളും സ്ഫോടകവസ്തുക്കളും വെടിക്കോപ്പുകളും മാരകായുധങ്ങളും മറ്റും പ്രയോഗിച്ച് മനുഷ്യജീവനും സ്വത്തുക്കൾക്കും നാശം വരുത്തുകയും ചെയ്യുന്നവരെ വിചാരണ ചെയ്യുന്നതിനുള്ള കോടതിയാണ്. ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഈ കോടതിയിൽ ജില്ലാ ജഡ്ജിയുടെ പദവിയിലുള്ളയാളെയാണ് ജഡ്ജിയായി നിയമിക്കുന്നത്. വധശിക്ഷവരെ വിധിക്കാനുള്ള അധികാരം ടാഡാ കോടതിക്കുണ്ട്. വിധിയിന്മേൽ സുപ്രീം കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.



# സലഫീ പ്രബോധനം ഊന്നിനിൽക്കുന്ന രണ്ട് അടിസ്ഥാന സന്ദേശങ്ങൾ

ഡോ. എം. ഉസ്മാൻ

‘ഏകദൈവ വിശ്വാസം’ എന്ന് പറയുമ്പോൾ, ഈ പ്രപഞ്ചത്തെയും അതിലും അതിന്നപ്പുറവുമുള്ള എല്ലാറ്റിനെയും സൃഷ്ടിച്ച് സംരക്ഷിക്കുന്ന ദൈവം, ഏകനായ അല്ലാഹുവാണ് എന്ന് വിശ്വസിക്കൽ മാത്രമല്ല; അവൻ മാത്രമാണ് ആരാധനക്കർഹൻ എന്നംഗീകരിച്ച്, മറ്റെല്ലാ ആരാധ്യരെയും തിരസ്കരിക്കലുംകൂടി യാണ്. അതാണ് ‘ലാ ഇലാഹ ഇല്ലല്ലാഹു’ എന്ന വചനം പ്രഖ്യാപിക്കുന്നത്; ‘ഒരു ആരാധ്യനുമില്ല; അല്ലാഹു അല്ലാതെ.’ ആരാധനയുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകം, അതിന്റെ മജ്ജ, പ്രാർഥനയാണ്. പ്രാർഥനയില്ലാ തെ ആരാധനയില്ല. നബി(സ്വ) പറഞ്ഞതും ‘പ്രാർഥന; അതുതന്നെയാണ് ആരാധന’ എന്നാണ്. അപ്പോൾ പ്രാർഥിക്കപ്പെടുവാൻ അർഹനായിട്ട്, പ്രപഞ്ച സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവല്ലാതെ മറ്റാരുമില്ല എന്നതാണ് ‘ലാ ഇലാഹ ഇല്ലല്ലാഹു’ എന്ന വചനത്തിത്തിലൂടെ പ്രഖ്യാപിക്കുന്നത്. ഈ കാര്യം നടപ്പിലാക്കാൻ മനുഷ്യന് വളരെ എളുപ്പമാണ്. ഒരു പ്രയാസവും ഈ കാര്യത്തിലില്ല.

പ്രപഞ്ച സ്രഷ്ടാവായ ദൈവത്തെ മാത്രമെ ആരാധിക്കുകയുള്ളൂ, അവനോട് മാത്രമെ പ്രാർഥിക്കുകയുള്ളൂ എന്ന് ഒരു മനുഷ്യൻ തീരുമാനിച്ച്, ആ തീരുമാനം നടപ്പിൽ വരുത്താൻ, അവന്നു ശാരീരികമോ, സാമ്പത്തികമോ ആയ ഒരു വിഷമവും നേരിടേണ്ടതില്ല. ആർക്കും എപ്പോഴും എവിടെനിന്നും, ഒരു വിഷമവുമില്ലാതെ അല്ലാഹുവിനെ വിളിച്ച് പ്രാർഥിക്കാം. വലിയ ശബ്ദമുണ്ടാക്കി വിഷമിക്കയും കൂടി വേണ്ട! മനസ്സിൽ വിചാരിച്ചാൽ പോലും അവൻ അറിയും. ഇത്ര പ്രയാസം കുറഞ്ഞ ലളിതമായ കാര്യമാണ് ഇസ്‌ലാമിന്റെ അടിസ്ഥാനമായി അല്ലാഹു വെച്ചിട്ടുള്ളത്. എല്ലാ പ്രവാചകന്മാരും പ്രബോധനം ചെയ്തിട്ടുള്ളതും ഈ കാര്യം തന്നെ. എന്നിട്ടും മനുഷ്യരിൽ ഭൂരിപക്ഷവും എളുപ്പമുള്ള, ലളിതമായ, നേർക്കുനേരെയുള്ള ഈ തത്ത്വം സ്വീകരിക്കാതെ, ശാരീരികവും സാമ്പത്തികവുമായ കഷ്ടനഷ്ടങ്ങൾ സഹിച്ചുകൊണ്ട്, പലതരം ആരാധ്യവസ്തുക്കളെയും സങ്കൽപദൈവങ്ങളെയും കെട്ടിച്ചമച്ചുണ്ടാക്കി, അവയ്ക്ക് ആരാധനയും പൂജയും വഴിപാടും അർപ്പിക്കാൻ പാടുപെടുന്നു. മനുഷ്യർക്ക് ആരാധനയുടെ കാര്യത്തിൽ അവരുടെ ബുദ്ധിയും വിവേകവും ഉപയുക്തമാകുന്നില്ല എന്നത് വ്യക്തമാണ്. ലൗകിക കാര്യങ്ങളിലെല്ലാം വളരെ തന്റേടത്തോടുകൂടി പ്രവർത്തിക്കുന്ന മനുഷ്യൻ ആരാധനയുടെ കാര്യം വരുമ്പോൾ, അവന്റെ ബുദ്ധിക്കും വിവേകത്തിനും 'ഹോളിഡെ' അനുവദിക്കുന്നു. പരമ്പരാഗതമായി പൂർവികന്മാർ ആരാധിച്ചുപോന്നിരുന്ന മൂർത്തികളെയോ സങ്കൽപദൈവങ്ങളെയോ പ്രതിഷ്ഠകളെയോ അവർ ആരാധിച്ചുപോന്നിരുന്ന അതേ രീതിയിൽ ആരാധിക്കുക എന്നല്ലാതെ, അവരുടെ ചിന്താശക്തിയും യുക്തിയും ആ രംഗത്ത് ഉപയുക്തമാകുന്നില്ല. മനുഷ്യരെ വഴിപിഴപ്പിക്കാൻ വ്രതമെടുത്തിട്ടുള്ള പിശാച് ഏറ്റവും ശക്തിയായി പ്രവർത്തിക്കുന്ന രംഗമായ 'ആരാധന'യുടെ കാര്യത്തിൽ വഴിപിഴച്ചാൽ, ആ മനുഷ്യന് പിന്നെ രക്ഷയില്ല എന്നറിയുന്ന പിശാച് അവന്റെ എ ല്ലാ കഴിവുകളും അവിടെയാണ് പ്രയോഗിക്കുന്നത്. അതുകൊണ്ടായിരിക്കണം ബുദ്ധിമാന്മാരായ, ചിന്താശക്തിയുള്ള മനുഷ്യർപോലും 'ആരാധന'യുടെ വിഷയത്തിൽ അവതാളത്തിലാകുന്നത്. ക്വുർആൻ പറയുന്നത് നോക്കുക: "അവനും അവന്റെ കൂട്ടരും നിങ്ങളെ കാണും; നിങ്ങൾ അവരെ കാണാത്ത നിലയിൽ. തീർച്ചയായും പിശാചുക്കളെ നാം വിശ്വസിക്കാത്തവരുടെ മിത്രങ്ങളാക്കിയിരിക്കുന്നു" (അൽഅഅ്റാഫ് 16).

അല്ലാഹുവിലും പരലോകത്തിലും ഉറച്ചുവിശ്വസിക്കുന്നവരെ പിശാചിനു വഴിതെറ്റിക്കാൻ സാധ്യമാകുകയില്ല. "വിശ്വസിക്കയും അവരുടെ രക്ഷിതാവിങ്കൽ ഭരമേൽപിക്കയും ചെയ്യുവരുടെമേൽ അവന്ന് യാതൊരു അധികാരവുമില്ല. അവന്റെ അധികാരം, അവനെ മിത്രമാക്കുകയും അവനെ (അല്ലാഹു വിൽ) പങ്കുകാരനാക്കുകയും ചെയ്യുന്നവരുടെമേൽ മാത്രമാണ്" (അന്നഹ്ൽ: 98,99).

അല്ലാഹുവിലും പരലോകത്തിലും ശരിയായ വിശ്വാസമുള്ളവരെ, എല്ലാ കാര്യങ്ങളും അല്ലാഹുവിൽ ഭരമേൽപിക്കുന്ന സത്യവിശ്വാസികളെ, പിശാചിന്നു വഴിതെറ്റിക്കാൻ സാധ്യമാകയില്ല; വിശ്വാസത്തിന് ഇടിവുതട്ടുന്നതിന്റെ തോതനുസരിച്ച്, പൈശാചിക പ്രേരണകൾ സ്വാധീനം ചെലുത്തുകയും ചെയ്യും. അല്ലാഹുവിൽ വിശ്വസിക്കുന്നവർക്ക് വിശ്വാസത്തിന് ഇടിവുബാധിക്കൽ ആദ്യമായി പരലോക വിശ്വാസത്തിന്നാണ്. മനുഷ്യരെല്ലാം മരണമടഞ്ഞ് മണ്ണായി മാറിയശേഷം എല്ലാ മനുഷ്യരെയും, അല്ലാഹു ഭൂമിയിൽനിന്നും ജഡത്തോടുകൂടി ഉയിർത്തെഴുന്നേൽപിച്ച് അവന്റെ മുമ്പിൽ ഹാജരാക്കി വിചാരണ ചെയ്യുമെന്നും അവരുടെ കർമങ്ങൾ അനുസരിച്ച് ശിക്ഷാരക്ഷകൾ നൽകുമെന്നുമുള്ള വിശ്വാസത്തിന്നാണ് ആദ്യമായി മങ്ങലേൽക്കുക. ഇഹലോകജീവിതത്തെ അതിയായി സ്നേഹിക്കുകയും പരലോകവിശ്വാസത്തിന്ന്

**പ്രപഞ്ച സ്രഷ്ടാവായ ദൈവത്തെ മാത്രമെ ആരാധിക്കുകയുള്ളൂ, അവനോട് മാത്രമെ പ്രാർ ഥിക്കുകയു ള്ളൂ എന്ന് ഒരു മനുഷ്യൻ തീരുമാനിച്ച്, ആ തീരുമാനം നടപ്പിൽ വരുത്താൻ, അവന്നു ശാരീരികമോ, സാമ്പത്തികമോ ആയ ഒരു വിഷമവും നേരിടേണ്ടതില്ല. ആർക്കും എപ്പോഴും എവിടെനിന്നും, ഒരു വിഷമവു മില്ലാതെ അല്ലാഹുവിനെ വിളിച്ച് പ്രാർഥിക്കാം. വലിയ ശബ്ദമുണ്ടാക്കി വിഷമിക്കയും കൂടി വേണ്ട! മനസ്സിൽ വിചാരിച്ചാൽ പോലും അവൻ അറിയും. ഇത്ര പ്രയാസം കുറഞ്ഞ ലളിതമായ കാര്യമാണ് ഇസ്‌ലാമിന്റെ അടിസ്ഥാനമായി അല്ലാഹു വെച്ചിട്ടുള്ളത്. എല്ലാ പ്രവാചകന്മാരും പ്രബോധനം ചെയ്തിട്ടുള്ളതും ഈ കാര്യം തന്നെ.**

മങ്ങലേൽക്കുകയും ചെയ്യുമ്പോൾ, പൈശാചിക പ്രേരണക്ക് വശംവദരായി അല്ലാഹുവിനു പുറമെയുള്ളവരെ വിളിച്ചുപ്രാർഥിക്കാനും ആരാധിക്കാനും മറ്റും ആരംഭിക്കുന്നു.

"അല്ലാഹുവിനെ മാത്രം ഏകനായി, അനുസ്മരിപ്പിക്കപ്പെട്ടാൽ പരലോകത്തിൽ വിശ്വസിക്കാത്തവരുടെ ഹൃദയങ്ങൾ വെറുപ്പ് പ്രകടിപ്പിക്കും. അല്ലാഹുവിന് പുറമെയുള്ളവരെ അനുസ്മരിപ്പിക്കപ്പെട്ടാൽ; അതാ, അവൻ സന്തോഷിക്കുകയായി" (അസ്സുമർ 45).

**മരണാനന്തരം ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നും അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുമെന്നും ദൃഢമായി വിശ്വസിക്കുന്ന ഒരു മനുഷ്യനും അല്ലാഹുവിനെയല്ലാതെ ആരാധിക്കുകയോ, വിളിച്ചു പ്രാർഥിക്കുകയോ ചെയ്യുകയില്ല. നിത്യേന പതിനേഴ് പ്രാവശ്യമെങ്കിലും ഒരു മുസ്‌ലിം നമസ്കാരത്തിൽ ആവർത്തിച്ച് ഉരുവിടുന്ന 'ഫാതിഹ' സൂറത്തിൽ, 'മാലികി യൗമിദ്ദീൻ' (വിചാരണനാളിന്റെ ഉടമസ്ഥൻ) എന്ന് പറഞ്ഞയുടനെ 'നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു, നിന്നോടു മാത്രം ഞങ്ങൾ സഹായം തേടുന്നു' എന്ന് അല്ലാഹുവിനോട് കരാർ ചെയ്യുന്നു. അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെട്ടു, വിചാര ണക്ക് വിധേയനാക്കപ്പെടുമെന്ന് ഉറച്ച് വിശ്വസിക്കുന്ന മനുഷ്യരിൽനിന്ന് പ്രകൃത്യായുണ്ടാകുന്ന ഒരു പ്രഖ്യാപനമാണ് 'ഇയ്യാക നഅ്ബുദു വ ഇയ്യാക നസ്തഈൻ' (നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു, നിന്നോട് മാത്രം സഹായം തേടുന്നു) എന്നത്.**

മരണാനന്തരം ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നും അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുമെന്നും ദൃഢമായി വിശ്വസിക്കുന്ന ഒരു മനുഷ്യനും അല്ലാഹുവിനെയല്ലാതെ ആരാധിക്കുകയോ, വിളിച്ചു പ്രാർഥിക്കുകയോ ചെയ്യുകയില്ല. നിത്യേന പതിനേഴ് പ്രാവശ്യമെങ്കിലും ഒരു മുസ്‌ലിം നമസ്കാരത്തിൽ ആവർത്തിച്ച് ഉരുവിടുന്ന 'ഫാതിഹ' സൂറത്തിൽ, 'മാലികി യൗമിദ്ദീൻ' (വിചാരണനാളിന്റെ ഉടമസ്ഥൻ) എന്ന് പറഞ്ഞയുടനെ 'നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു, നിന്നോടുമാത്രം ഞങ്ങൾ സഹായം തേടുന്നു' എന്ന് അല്ലാഹുവിനോട് കരാർ ചെയ്യുന്നു. അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെട്ടു, വിചാര ണക്ക് വിധേയനാക്കപ്പെടുമെന്ന് ഉറച്ച് വിശ്വസിക്കുന്ന മനുഷ്യരിൽനിന്ന് പ്രകൃത്യായുണ്ടാകുന്ന ഒരു പ്രഖ്യാപനമാണ് 'ഇയ്യാക നഅ്ബുദു വ ഇയ്യാക നസ്തഈൻ' (നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു, നിന്നോട് മാത്രം സഹായം തേടുന്നു) എന്നത്. എല്ലാ ദൈവദൂതൻമാർക്കും ഏറ്റവുമധികം എതിർപ്പ് നേരിടേണ്ടി വന്നത് പ്രധാനമായും രണ്ടു കാര്യങ്ങൾ പ്രബോധനം ചെയ്തപ്പോഴായിരുന്നു. ഒന്ന്, തൗഹീദിന്റെ സന്ദേശം, 'അല്ലാഹുവല്ലാതെ ആരാധ്യനില്ല' എന്നത്. രണ്ടാമത്തേത് പുനരുത്ഥാനത്തിന്റെ സന്ദേശം. അവ രണ്ടും അവർക്ക് ഒട്ടും ദഹിച്ചില്ല. അവ രണ്ടും അവരിൽ അങ്ങേയറ്റത്തെ ആശ്ചര്യവും അസ്ഡാളിപ്പു മുണ്ടാക്കി. ഖുർആൻ ചൂണ്ടിക്കാണിക്കുന്നത് നോക്കുക: "അവൻ ദൈവങ്ങളെയെല്ലാം കൂടി ഒരു ദൈവമാക്കിയോ? ഇത് വലിയ ആശ്ചര്യകരമായ കാര്യം തന്നെ!" (സ്വാദ് 5).



"എന്നാൽ അവർ അവരിൽ നിന്നുതന്നെ ഒരു മുന്നറിയിപ്പുകാരൻ വന്നതിൽ അത്ഭുതപ്പെട്ടു. അവിശ്വാ സികൾ പറയുകയും ചെയ്തു: ഇത് വലിയ ആശ്ചര്യകരമായ കാര്യം തന്നെ. മരണപ്പെട്ട് മണ്ണായിത്തീർന്നിട്ട്, അത് വളരെ വിദൂരമായ ഒരു മടക്കം തന്നെ!" (ഖാഫ് 2,3).

അല്ലാഹുവല്ലാതെ വേറെ ദൈ



വമില്ല എന്ന തൗഹീദിന്റെ സന്ദേശവും, മരണാനന്തരം അവസാന നാളിൽ മനുഷ്യരെല്ലാം ജഡത്തോടുകൂടി ഉയർത്തെഴുന്നേൽപിക്കപ്പെടുമെന്ന പുനരുത്ഥാനത്തിന്റെ സന്ദേ ശവും ഒരേമാതിരി പ്രതികരണമാണ് അവിശ്വാസികളിൽ ഉണ്ടാക്കിയത്. നൂഹ്(അ) മുതൽ മുഹമ്മദ്(സ്വ) വരെയുള്ള എല്ലാ പ്രവാചകൻമാരുടെയും എതിരാളികൾ അല്ലാഹുവിൽ വിശ്വസിക്കുന്നവരായിരുന്നു. അല്ലാഹുവാണ് പ്രപഞ്ചസ്രഷ്ടാവും സംരക്ഷകനുമെന്നു അവർ ഉറപ്പിച്ച് പറഞ്ഞിരുന്നു. പക്ഷേ, അവരുടെ പൂർവികൻമാർ ആരാധിച്ചുപോന്നിരുന്ന ദൈവങ്ങളെ കയ്യൊഴിക്കാൻ അവർ കൂട്ടാക്കിയില്ല. മരണാനന്തരം പുനർ ജീവിപ്പിക്കപ്പെടുമെന്ന് വിശ്വസിക്കാനും അവർ കൂട്ടാക്കിയില്ല. അവരുടെ പൂർവികർക്ക് പരലോക വിശ്വാസം കുറയുകയും ഇഹലോക ജീവിതത്തോടുള്ള പ്രതിപത്തി വർധിക്കുകയും ചെയ്തപ്പോൾ, അല്ലാഹുവിനു പുറമെ പലരെയും വിളിച്ച് പ്രാർഥിക്കുവാനുള്ള പൈശാചിക പ്രേരണകൾക്ക് അവർ വശംവദരായി. പുനരുത്ഥാനത്തിലും പരലോകത്തിലുമുള്ള വിശ്വാസം തീരെ ഇല്ലാതായപ്പോൾ ബിംബാരാധനയും മറ്റു ബഹുദൈവ സങ്കൽപദൈവങ്ങളും തഴച്ചുവളർന്നു. അവ അവരുടെ സംസ്കാരങ്ങളുടെ അവിഭാജ്യഘടകങ്ങളായിത്തീർന്നു. പിശാച് അവരുടെ അത്തരം ആരാധനകളും പൂജകളും വഴിപാടുകളുമെല്ലാം മഹത്തായ കാര്യങ്ങളായി അവരുടെ മനസ്സുകളിൽ തോന്നിപ്പിക്കുകയും ചെയ്തു. ഇതിനെ എതിർത്ത പ്രവാചകൻമാരെ മർദിക്കാനും നാടുകടത്താനും കൊല്ലുവാൻ

> **അല്ലാഹുവല്ലാതെ വേറെ ദൈവമില്ല എന്ന തൗഹീദിന്റെ സന്ദേശവും, മരണാനന്തരം അവസാന നാ ളിൽ മനുഷ്യരെല്ലാം ജഡത്തോടുകൂടി ഉയർത്തെഴുന്നേൽപിക്കപ്പെടുമെന്ന പുനരുത്ഥാനത്തിന്റെ സന്ദേ ശവും ഒരേമാതിരി പ്രതികരണമാണ് അവിശ്വാസികളിൽ ഉണ്ടാക്കിയത്. നൂഹ്(അ) മുതൽ മുഹമ്മദ്(സ്വ) വരെയുള്ള എല്ലാ പ്രവാചകൻമാരുടെയും എതിരാളികൾ അല്ലാഹുവിൽ വിശ്വസിക്കുന്നവരായിരുന്നു. അല്ലാ ഹുവാണ് പ്രപഞ്ചസ്രഷ്ടാവും സംരക്ഷകനുമെന്നു അവർ ഉറപ്പിച്ച് പറഞ്ഞിരുന്നു. പക്ഷേ, അവരുടെ പൂർവികൻമാർ ആരാധിച്ചുപോന്നിരുന്ന ദൈവങ്ങളെ കയ്യൊഴിക്കാൻ അവർ കൂട്ടാക്കിയില്ല.**

പോലും അവർ ഒരുമ്പെട്ടു. ഈ ലൗകിക ജീവിതത്തിലെ കാര്യങ്ങൾ നേടാനാണ് അല്ലാഹുവല്ലാത്തവരെ വിളിച്ചുപ്രാർഥിക്കുന്നതും ആരാധിക്കുന്നതും. പരലോക മോക്ഷത്തിനുവേണ്ടി ആരും അങ്ങനെ ചെയ്യാറില്ല. പരലോക വിശ്വാസത്തിന് ക്ഷതമേൽക്കുന്നതിന്റെ തോതനുസരിച്ച് ശിർക്ക് വർധിക്കുന്നതായി കാണാം.

പരലോകവിശ്വാസത്തിന്റെ മർമം പുനരുത്ഥാനത്തിലുള്ള വിശ്വാസമാണ്. എല്ലാ കാലക്കാരും ഭാഷക്കാരും ദേശക്കാരുമായ മനുഷ്യരെ ഒന്നടങ്കം ജീവനോടെ, ജഡത്തോടെ ഉയിർത്തെഴുന്നേൽപിക്കുമെന്ന കാര്യം ഉൾക്കൊള്ളാനും വിശ്വസിക്കാനും അല്ലാഹുവിനെ കണക്കാക്കേണ്ട മാതിരി കണക്കാക്കിയവർക്കേ സാധ്യമാകുകയുള്ളൂ. അതുകൊണ്ട് അല്ലാഹുവിൽ വിശ്വസിക്കുന്നവരാണെന്ന് അവകാശപ്പെടുന്നവർക്ക് ആദ്യം നഷ്ടപ്പെടുന്ന വിശ്വാസം പുനരുത്ഥാനത്തിലുള്ള വിശ്വാസമാണ്.

ഈ വിശ്വാസം നഷ്ടപ്പെടുന്നതിന്റെ തോതനുസരിച്ച് ബഹുദൈവ വിശ്വാസം മനുഷ്യരെ ബാധിക്കുന്നു. അല്ലാഹുവിന്റെ ദൂതൻമാർക്ക് നേരിടേണ്ടിവന്നിട്ടുള്ളവരിൽ അധികവും പുനരുത്ഥാനത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ട ബഹുദൈവാരാധകൻമാരെയായിരുന്നു. പൂർവിക പ്രവാചകൻമാരുടെയും അവസാനത്തെ പ്രവാചകനായ മുഹമ്മദ് (സ്വ)യുടെയും എതിരാളികളിൽ അധികംപേരും ഈ തരത്തിൽ പെട്ടവരായിരുന്നു. പൂർവ



പ്രവാചകരുടെ എതിരാളികൾ പറയുന്നത് നോക്കുക:

"അവൻ (പ്രവാചകൻ) നിങ്ങളോട് വാഗ്ദത്തം ചെയ്യുന്നുവോ, 'മരണമടഞ്ഞ് എല്ലും മണ്ണുമായി ത്തീർന്ന ശേഷം, നിങ്ങൾ പുറപ്പെടിക്കപ്പെടുമെന്ന്? നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെടുന്ന കാര്യം എത്രയെത്ര വിദൂരം! നമ്മുടെ ഈലോക ജീവിതമല്ലാതെ (വേറെ ഒരു ജീവിതമില്ല). നാം മരിക്കുന്നു, ജീവിക്കുന്നു. നാം ഒരിക്കലും പുനർജീവിപ്പിക്കപ്പെടുകയില്ല" (അൽ മുഅ്മിനൂൻ 35-37).

ഇതുപോലെത്തന്നെ മുഹമ്മദ് നബി(സ)യുടെ എതിരാളികൾ പറയുന്നു: "എന്നാൽ അവർ പറയുന്നു; ആദ്യകാലക്കാർ പറഞ്ഞതുപോലെത്തന്നെ: നാം മരണപ്പെട്ട് എല്ലും മണ്ണുമായതിന്റെ ശേഷം നാം പുനർജീവിപ്പിക്കപ്പെടുകയോ? നിശ്ചയമായും ഇത് നമ്മോടും നമ്മുടെ പൂർവപിതാക്കളോടും വാഗ്ദത്തം ചെയ്യപ്പെട്ടതാണ്. ഇത് പൂർവികരുടെ കെട്ടുകഥകൾ മാത്രമാണ്" (അൽമുഅ്മിനൂൻ 81-83).

മക്കയിലെ ക്വുറൈശി അവിശ്വാസികൾ അല്ലാഹുവിന്റെ പേരിൽ ആണയിട്ടും കൊണ്ട്, പുനരുത്ഥാനത്തെ നിഷേധിച്ചു: "അവർ അല്ലാഹുവിന്റെ പേരിൽ ഏറ്റവും ശക്തമായി സത്യം ചെയ്തുകൊണ്ട് പറഞ്ഞു: മരിക്കുന്നവരെ അല്ലാഹു ഉയർത്തെഴുന്നേൽപിക്കയില്ല എന്ന്. എന്നാൽ അത് (ഉയർത്തെഴുന്നേൽപിക്കൽ) അല്ലാഹുവിന്റെ മേൽ സത്യമായും ബാധ്യസ്ഥമായ വാഗ്ദത്തമാണ്. എങ്കിലും അധികം മനുഷ്യരും അറിയുന്നില്ല" (അന്നഹ്ൽ 38).

അല്ലാഹുവാണ് പ്രപഞ്ചസ്രഷ്ടാവും സംരക്ഷകനുമെന്നെല്ലാം സമ്മതിച്ചിരുന്ന മക്കയിലെ അവിശ്വാ സികൾക്ക് നഷ്ടപ്പെട്ടിരുന്ന വിശ്വാസം പുനരുത്ഥാനത്തിലുള്ള വിശ്വാസമായിരുന്നു. അതുകൊണ്ട് ഈ ജീവിതത്തിലെ കാര്യങ്ങൾ മാത്രമായിരുന്നു അവർക്ക് ജീവിതലക്ഷ്യങ്ങളായി ഉണ്ടായിരുന്നത്. അവ നേടാൻ, അല്ലാഹുവിന്റെയടുക്കൽ ശുപാർശക്കാരായും ഇടത്തട്ടുകാരായും പല ദൈവങ്ങളെയും അവർ കെട്ടിച്ചമച്ചുണ്ടാക്കി അവയോട് പ്രാർഥിക്കാനും അവയെ ആരാധിക്കാനും തുടങ്ങി. അല്ലാഹുവിന്റെ മുമ്പിൽ മരണാനന്തരം ഹാജരാക്കപ്പെടുമെന്ന് ഉറച്ചുവിശ്വസിക്കുന്നവൻ അല്ലാഹുവിനെയല്ലാതെ ആരാധിക്കയില്ല, അവനോടല്ലാതെ പ്രാർഥിക്കയില്ല. പുനരുത്ഥാനത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടവർക്ക് അല്ലാഹുവിനു പുറമെ എത്ര ദൈവങ്ങളുണ്ടായാലും മതിവരികയുമില്ല. അതുകൊണ്ട് പ്രവാചകന്മാരെല്ലാം ഏകദൈവാരാധനയുടെ സന്ദേശവും, പുനരുത്ഥാനത്തിന്റെ സന്ദേശവും ഒരേ പ്രാധാന്യത്തോടെ പ്രബോധനം ചെയ്തു. പരിശുദ്ധ ക്വുർആൻ ഈ രണ്ട് സന്ദേശങ്ങൾക്കാണ് ഏറ്റവുമധികം പ്രാധാന്യവും പ്രാമുഖ്യവും കൊടുത്തിട്ടുള്ളതും.

**പ്രവാചകൻമാരുടെ പാന്ഥാവാണ് നേരായ പാന്ഥാവെന്നും അതു ദൈവികമാർഗമെന്നും വ്യക്തം. ഏകദൈവ സിദ്ധാന്തത്തിനു വേണ്ടിയും ബഹുദൈവാരാധനക്കുമെതിരെ വിട്ടുവീഴ്ചയില്ലാതെ ധീരമായും ശക്തമായും അവർ പൊരുതുകയാണുണ്ടായതെന്നും പ്രസ്തുത ക്വുർആൻ സൂക്തങ്ങൾ പച്ചയായി തന്നെ മനസ്സിലാക്കിത്തരുന്നു.**

ആധുനിക കാലഘട്ടത്തിലും, ഇസ്‌ലാമിന്റെ പ്രബോധനം ഈ രണ്ട് അടിസ്ഥാന സന്ദേശങ്ങളിൽ ഊന്നിക്കൊണ്ടായിരിക്കണം. ഏത് കാലഘട്ടത്തിലും ഇസ്‌ലാമിന്റെ പ്രബോധനം ഈ രണ്ട് അടിസ്ഥാന സന്ദേശങ്ങളിൽ ഊന്നിക്കൊണ്ടായിരിക്കണം.

ആധുനിക ലോകത്തിൽ പുനരുത്ഥാനത്തിലും പരലോക ജീവിതത്തിലും വിശ്വസിക്കാത്ത മനുഷ്യർ ലൗകിക ജീവിതത്തിലെ ക്ഷണികമായ കാര്യങ്ങൾക്ക് വേണ്ടി എത്രയെത്ര സങ്കൽപദൈവങ്ങളെയാണ് ആരാധിക്കുന്നത്! എവിടേക്കെല്ലാം തീർത്ഥാടനങ്ങൾ നടത്തുന്നു! വഴിപാടുകളും നേർച്ചകളും അർപ്പിച്ച് എത്രയെത്ര ഭണ്ഡാരങ്ങൾ നിറക്കുന്നു! രോഗശമനത്തിനും സാമ്പത്തികനേട്ടങ്ങൾക്കും സന്താനലാഭത്തിന്നും അധികാരലബ്ധിക്കും ഉള്ളത് നഷ്ടപ്പെടാതിരിക്കാനും ജാറങ്ങളിലും ക്ഷേത്രങ്ങളിലും ദിവ്യന്മാരുടെയും ജ്യോൽസ്യന്മാരുടെയും സന്നിധികളിലും അഭയംപ്രാപിക്കുന്നരുടെ എണ്ണം കൂടിക്കൂടിവരുന്നു.


ആധുനിക വിദ്യാഭ്യാസവും ശാസ്ത്രീയ-സാങ്കേതിക പുരോഗതിയും ഈ പോക്കിന് ഒരു ശമനവും നൽകുന്നില്ല. ഇന്ത്യയിൽ ഇന്ന് അഞ്ഞൂറിലധികം ജീവിക്കുന്ന മനുഷ്യദൈവങ്ങളുണ്ട് എന്നാണ് പറയപ്പെടുന്നത്. അവരുടെ അടുക്കൽ ജനകോടികൾ അഭയം പ്രാപിക്കുന്നു. അവരുടെ അനുഗ്രഹങ്ങളും ആശീർവാദങ്ങളും തേടുന്നു. ശാസ്ത്രകാരന്മാരും സാഹിത്യകാരന്മാരും രാജ്യതന്ത്രജ്ഞന്മാരും രാഷ്ട്രീയനേതാക്കൻമാരും സിനിമാനടൻമാരും എല്ലാം അല്ലാഹുവിന് പുറമെയുള്ള അഭയസങ്കേതങ്ങൾ തേടി ഓടിനടക്കുന്നു. അധി കാരത്തിലുള്ളവർ അധികാരം നിലനിർത്താനും ഇല്ലാത്തവർ അധികാരം നേടുവാനും ദിവ്യന്മാരെയും സന്യാസിമാരെയും ജ്യോൽസ്യൻമാരെയും എല്ലാം ശരണം പ്രാപിക്കുന്നു. എലക്ഷനും കൂടി ആയാൽ ദിവ്യൻമാർക്ക് നല്ല ബിസിനസ്സ് തന്നെ. പരലോകവിശ്വാസമില്ലാത്തവൻ ചെന്നെത്തുന്ന സ്ഥിതി എത്ര ശോചനീയം!


പരലോക വിശ്വാസത്തിന്റെ മർമം പുനരുത്ഥാനത്തിലുള്ള വിശ്വാസമാണ്. മനുഷ്യൻ മരിക്കുമെന്ന കാര്യം എത്ര ഉറപ്പാണോ അത്രതന്നെ ഉറപ്പായ കാര്യമാണ് അവൻ ജഡത്തോടുകൂടി ജീവനോടെ ഭൂമിയിൽ നിന്നും ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്ന കാര്യവും. ശാസ്ത്രത്തിന്നോ, തത്വജ്ഞാനങ്ങൾക്കോ കണ്ടെത്താൻ കഴിയാത്ത ഈ സത്യം പ്രവാചകന്മാരും വേദഗ്രന്ഥങ്ങളും മുഖേന, അല്ലാഹു മനുഷ്യവംശത്തെ തെര്യപ്പെടുത്തിയതാണ്. മനുഷ്യജീവിതത്തിന് അർഥവും ലക്ഷ്യവും നൽകുന്ന ഈ സത്യം ഉൾകൊള്ളാൻ കൂട്ടാക്കാത്തവർ എത്ര വലിയവരും ഉന്നതരുമായാലും വമ്പിച്ച വിഡ്ഢിത്തത്തിൽ അകപ്പെട്ടിരിക്കുകയാണ്. ഈ സത്യം ഉൾകൊള്ളാൻ തടസ്സമായി നിൽക്കുന്നത് അഹംഭാവമാണ്. അഹന്ത ബാധിച്ച മനസ്സുകൾക്ക് ഏകദൈവവിശ്വാസവും പുനരുത്ഥാനത്തിലുള്ള വിശ്വാസവും ഉൾകൊള്ളാൻ സാധിക്കയില്ല. അതാണ് പരിശുദ്ധ ക്വുർആൻ ചൂണ്ടിക്കാണിക്കുന്നത്:

**അല്ലാഹുവാണ് പ്രപഞ്ച സ്രഷ്ടാവും സംരക്ഷകനുമെന്നെല്ലാം സമ്മതിച്ചിരുന്ന മക്കയിലെ അവിശ്വാ സികൾക്ക് നഷ്ടപ്പെട്ടിരുന്ന വിശ്വാസം പുനരുത്ഥാനത്തിലുള്ള വിശ്വാസമായിരുന്നു. അതുകൊണ്ട് ഈ ജീവിതത്തിലെ കാര്യങ്ങൾ മാത്രമായിരുന്നു അവർക്ക് ജീവിത ലക്ഷ്യങ്ങളായി ഉണ്ടായിരുന്നത്. അവ നേടാൻ, അല്ലാഹുവിന്റെയടുക്കൽ ശുപാർശക്കാരായും ഇടത്തട്ടുകാരായും പല ദൈവങ്ങളെയും അവർ കെട്ടിച്ചമച്ചുണ്ടാക്കി അവയോട് പ്രാർഥിക്കാനും അവയെ ആരാധിക്കാനും തുടങ്ങി. അല്ലാഹുവിന്റെ മുമ്പിൽ മരണാനന്തരം ഹാജരാക്കപ്പെടുമെന്ന് ഉറച്ചുവിശ്വസിക്കുന്നവൻ അല്ലാഹുവിനെയല്ലാതെ ആരാധിക്കയില്ല, അവനോടല്ലാതെ പ്രാർഥിക്കയില്ല. പുനരുത്ഥാനത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടവർക്ക് അല്ലാഹുവിനു പുറ മെ എത്ര ദൈവങ്ങളുണ്ടായാലും മതിവരികയുമില്ല.**

“നിങ്ങളുടെ ആരാധ്യൻ (ദൈവം) ഒരേ ഒരു ആരാധ്യൻ മാത്രമാണ്. എന്നാൽ പരലോക വിശ്വാസമില്ലാത്തവർ; അവരുടെ ഹൃദയങ്ങൾ നിഷേധിക്കുന്നവയാണ്, അവർ അഹംഭാവികളാണ്, സംശയമില്ല. അവർ രഹസ്യമാക്കുന്നതും വെളിവാക്കുന്നതും അല്ലാഹു അറിയുന്നു. നിശ്ചയം, അവൻ അഹംഭാവികളെ ഇഷ്ടപ്പെടുന്നില്ല” (അന്നഹ്ൽ 21-22).

പരലോക വിശ്വാസമില്ലാത്തവർക്ക് ‘ലാ ഇലാഹ ഇല്ലല്ലാഹു’ എന്ന ഏകദൈവവിശ്വാസത്തിന്റെ പ്രഖ്യാപനം ഉൾകൊള്ളാൻ സാധ്യമാകയില്ല. പരലോകവിശ്വാസത്തിന് ഇടിവ് പറ്റുകയും, ഇഹലോകജീവിതത്തോട് പ്രതിപത്തി കൂടുകയും ചെയ്യുമ്പോൾ പൈശാചിക പ്രേരണക്ക് വശംവദരായി, ബഹുദൈവാരാധന യിലേക്ക് മനുഷ്യർ നീങ്ങുന്നു. ആധുനിക കാലഘട്ടത്തിലും മനുഷ്യരുടെ നില ഇതുതന്നെ. അതുകൊണ്ട് പ്രവാചകൻമാരുടെ മാതൃക സ്വീകരിച്ചുകൊണ്ട് ഏകദൈവ വിശ്വാസത്തിന്റെയും പരലോക വിശ്വാസത്തിന്റെയും സന്ദേശങ്ങൾ നമ്മുടെ പ്രബോധനത്തിന്റെ മുഖ്യഘടകങ്ങളായിരിക്കട്ടെ. നമ്മുടെ കടമ നിർവഹിക്കുവാനുള്ള കഴിവും തൗഫീഖും അല്ലാഹു പ്രദാനം ചെയ്യട്ടെ- ആമീൻ.





ശൈഖ് നല്ല ബുദ്ധികൂർമതയും മനഃപാഠ പാടവവും ഉള്ള വ്യക്തിയായിരുന്നു. തന്റെ ഈ കഴിവുകൾ വിജ്ഞാന സമ്പാദനത്തിനായി അദ്ദേഹം ഉപയോഗപ്പെടുത്തി. തഫ്സീർ, ഉസ്വൂൽ, അക്വീദ, ഹദീസ് തുടങ്ങിയ വൈജ്ഞാനിക മേഖലകളിലെല്ലാം അദ്ദേഹം വ്യക്തിമുദ്ര ചാർത്തിയിട്ടുണ്ട്. ഏത് വിജ്ഞാന മേഖലയെക്കുറിച്ച് അദ്ദേഹം സംസാരിച്ചാലും ആ രംഗത്ത് അഗ്രഗണ്യനാണെന്നു കേൾവിക്കാർ മനസ്സിലാക്കിയിരുന്നു.

# ഇമാം ശൻക്വീത്വി: വിജ്ഞാന വിഹായസ്സിലെ കെടാവിളക്ക്

**സ്വലാഹുദ്ദീൻ അയ്യൂബി**

ചരിത്രം ഒരു വഴികാട്ടിയാണ്. പുതുതലമുറക്ക് ദിശ കാണിക്കുന്നതിൽ ചരിത്ര പഠനത്തിന് വലിയ പ്രാധാന്യമുണ്ട്. അതിനാൽതന്നെ മുൻഗാമികളുടെ ജീവചരിത്രം വായിക്കുന്നതിനും പഠിക്കുന്നതിനും മുൻഗാമികൾ പ്രാമുഖ്യം നൽകിയിരുന്നതായി കാണാം. കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയ മഹാന്മാരുടെ ജീവചരിത്രം മനസ്സിലാക്കുന്നത് പല നിലയ്ക്കും നമുക്ക് ഉപകാരപ്പെടും.  ഇമാം ശൻക്വീത്വിയുടെ ചരിത്രം ഹ്രസ്വമായി മനസ്സിലാക്കാം:

ഹിജ്റ 1325ൽ ആഫ്രിക്കയിലെ മൊറീതാനിയയിലെ ശൻക്വീത്വിലാണ് ഇമാം മുഹമ്മദ് അമീൻ അശ്ശൻക്വീത്വി ജനിക്കുന്നത്. പിതാവ് മുഹമ്മദ് മുഖ്താർ, അമീനിന്റെ ചെറുപ്പകാലത്തുതന്നെ മരണപ്പെട്ടു. അതിനാൽ അമ്മാവന്മാരുടെ വീടുകളിലാണ് ശൈഖ് വളർന്നത്. പിതാവിന്റെ മരണത്തെ തുടർന്ന് ധാരാളം സമ്പത്ത് അനന്തരമായി ശൈഖിന് ലഭിച്ചു. ശൈഖിന്റെ അമ്മാവന്മാർ പണ്ഡിതന്മാരായിരുന്നു. അതിനാൽതന്നെ ചെറുപ്രായത്തിലേ ശൈഖ് വിജ്ഞാന സമ്പാദനത്തിന് തുടക്കം കുറിച്ചു. പത്തുവയസ്സ് പൂർത്തിയാകുമ്പോഴേക്കും ക്വുർആൻ പൂർണമായും മനഃപാഠമാക്കി. അതിനുശേഷം അമ്മാവന്റെ മകനായിരുന്ന മുഹമ്മദ് ബിൻ അഹ്മദ് ബിൻ മുഹമ്മദ് മുഖ്താറിന്റെ കീഴിൽ റസ്മുൽ ഉസ്മാനി അഭ്യസിക്കുകയും തജ്‌വീദ് പഠിക്കുകയും ചെയ്തു. ഈ കാലയളവിൽ അദ്ദേഹം മാലികീ മദ്ഹബിലെ ചില ഗ്രന്ഥങ്ങളും വ്യാകരണ ഗ്രന്ഥങ്ങളും പഠന വിധേയമാക്കി. അതോടൊപ്പം തന്നെ അറബികളുടെ അൻസാബുകളെ (വംശപരമ്പര) കുറിച്ച് ചർച്ച ചെയ്യുന്ന 'ഉമൂദുന്നസബ്' എന്ന കവിത പഠിക്കുകയും

ചെയ്തു. പിന്നീട് തഫ്സീർ, നഹ്വ്, സർഫ്, ബലാഗ തുടങ്ങിയവയും ശൈഖ് വ്യത്യസ്ത ഗുരുനാഥന്മാരിൽ നിന്ന് പഠിച്ചെടുത്തു.

വിജ്ഞാനത്തോടുള്ള താൽപര്യം
അറിവ് സമ്പാദിക്കുന്ന വിഷയത്തിൽ ഏറെ ശ്രദ്ധാലുവായിരുന്നു ഇമാം. എത്ര സമയമെടുത്താലും ശരി, ഒരു കർമശാസ്ത്ര വിഷയത്തിലെ പ്രശ്നം പൂർണമായി ഗ്രഹിക്കാതെ അടുത്തതിലേക്ക് പോകാൻ അദ്ദേഹം തയ്യാറാകുമായിരുന്നില്ല. അദ്ദേഹം ഒരിക്കൽ പറഞ്ഞു: “ഞാൻ എന്റെ ഗുരുനാഥന്റെ അടുത്ത് വായിക്കുന്നതിനിടെ അദ്ദേഹം എനിക്ക് കാര്യങ്ങൾ വിശദീകരിച്ചുതന്നു. പക്ഷേ, എനിക്കത് സംതൃപ്തി നൽകില്ല. അങ്ങനെ ഞാൻ അദ്ദേഹത്തിന്റെ അടുത്തുനിന്ന് എഴുന്നേൽക്കുകയും എനിക്ക് നേരിട്ട ആശയക്കുഴപ്പങ്ങൾ നീക്കാൻ ശ്രമിക്കുകയും ചെയ്തു. ഞാൻ ഗ്രന്ഥങ്ങൾ എടുത്ത് പരിശോധിച്ചുകൊണ്ടിരുന്നു. അപ്പോൾ ദുഹ്ർ നമസ്കാര സമയമായിരുന്നു. ഞാൻ എന്റെ പരിശോധന അവസാനിപ്പിച്ചത് അടുത്ത ദിവസം പ്രഭാതത്തിലാണ്. ഈ സമയത്തിനിടയിൽ നമസ്കരിക്കാനും ഭക്ഷണം കഴിക്കാനും പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനും മാത്രമാണ് ഞാൻ എഴുന്നേറ്റത്.” പഠനത്തിനിടെ വല്ല സംശയവും നേരിട്ടാൽ ശൈഖിന്റെ പതിവ് ഇപ്രകാരമായിരുന്നു.

ശൈഖ് നല്ല ബുദ്ധികൂർമതയും മനഃപാഠ പാടവവും ഉള്ള വ്യക്തിയായിരുന്നു. തന്റെ ഈ കഴിവുകൾ വിജ്ഞാന സമ്പാദനത്തിനായി അദ്ദേഹം ഉപയോഗപ്പെടുത്തി. തഫ്സീർ, ഉസ്വൂൽ, അഖീദ, ഹദീസ് തുടങ്ങിയ വൈജ്ഞാനിക മേഖലകളിലെല്ലാം അദ്ദേഹം വ്യക്തിമുദ്ര ചാർത്തിയിട്ടുണ്ട്. ഏത് വിജ്ഞാന മേഖലയെക്കുറിച്ച് അദ്ദേഹം സംസാരിച്ചാലും ആ രംഗത്ത് അഗ്രഗണ്യനാണെന്നു കേൾവിക്കാർ മനസ്സിലാക്കിയിരുന്നു. അദ്ദേഹം ഒരിക്കൽ പറഞ്ഞു: ‘ഖുർആനിലെ ഓരോ വചനത്തെക്കുറിച്ചും മുൻഗാമികളുടെ വാക്കുകൾ എന്റെ പക്കലുണ്ട്.’ കവിതകൾ മനഃപാഠമാക്കുന്നതിൽ ശൈഖ് ഏറെ താൽപര്യം പ്രകടിപ്പിച്ചിരുന്നു. ഹിജ്റ 1367ൽ ഹജ്ജിനായി ശൈഖ് യാത്ര പുറപ്പെട്ടു. ഈ യാത്രയിലെ സംഭവ വികാസങ്ങൾ കോർത്തിണക്കി അദ്ദേഹം രചിച്ച ഗ്രന്ഥമാണ് ‘അൽ രിഹ്‌ലതു ഇലാ ബൈതില്ലാഹിൽ ഹറാം.’

ഹജ്ജിന് ശേഷം മദീന സന്ദർശിച്ച അദ്ദേഹം അവിടെ തുടരാൻ തീരുമാനിച്ചു. റസൂലിന്റെ പള്ളിയിൽ ഖുർആൻ വിശദീകരിക്കുന്നതിനെക്കാൾ ഉത്തമമായ ഒരു പ്രവർത്തനവുമില്ലായെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. മദീനയിൽ തന്നെ തുടർന്നത് ശൈഖിന്റെ വൈജ്ഞാനിക മണ്ഡലം വിശാലമാകുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ശൻഖീത്വിൽ മാലികി ഫിക്വ്ഹ് മാത്രമായിരുന്നു അവലംബിച്ചിരുന്നത്. എന്നാൽ മദീനയിൽ എത്തിയതോടുകൂടി മറ്റു മദ്ഹബുകളും അദ്ദേഹം പഠിച്ചു.

മസ്ജിദുന്നബവിയിൽ ശൈഖ് ഖുർആൻ വ്യാഖ്യാനം പഠിപ്പിക്കാൻ ആരംഭിച്ചു. ഈ ക്ലാസ്സുകളിൽ വ്യത്യസ്ത മദ്ഹബുകൾ പിൻപറ്റുന്ന സാധാരണക്കാരും വിദ്യാർഥികളും പങ്കെടുക്കുമായിരുന്നു. അതി നാൽ തന്നെ മാലികി മദ്ഹബിനപ്പുറം എല്ലാ മദ്ഹബുകളും അദ്ദേഹത്തിന്റെ ക്ലാസ്സുകളിൽ ചർച്ച ചെയ്യു കയും തെളിവുകൾക്കനുസൃതമായതിനെ സ്വീകരിക്കുകയും ചെയ്തു.
അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ
മദീനയിലേക്ക് താമസം മാറിയശേഷം ഒരുപാട് ദീനീ പ്രവർത്തനങ്ങളിൽ ശൈഖ് പങ്കാളിയായി. മസ്ജിദുന്നബവിയിലെ തഫ്സീർ ക്ലാസ്സ്, മദീനയിലെ ദാറുൽ ഉലൂമിലെ അധ്യാപനം, മസ്ജിദു മുഹമ്മദ് ബിൻ ഇബ്റാഹീമിലെ ഉസ്വൂൽ ക്ലാസ്സ് തുടങ്ങിയവ അത്തരം പ്രവർത്തനങ്ങളിൽ ചിലതാണ്. ഹിജ്റ 1381ൽ മദീന യൂണിവേഴ്സിറ്റി ആരംഭിച്ചതുമുതൽ അവിടെ അധ്യാപകനായി സേവനമനുഷ്ഠിച്ചു. ലോക പണ്ഡിതസഭയായ റാബിത്വയുടെ സ്ഥാപകനേതാക്കളിൽ ഒരാളായിരുന്നു ഇമാം.
ഗ്രന്ഥങ്ങൾ. ഒരുപാട് ഗ്രന്ഥങ്ങൾ ശൈഖ് രചിച്ചിട്ടുണ്ട്. അവയിൽ ചിലതിന്റെ പേരുകൾ താഴെ നൽകുന്നു:

1. അദ്വാഉൽ ബയാൻ.
2. ആദാബുൽ ബഹ്സി വൽമുനാദറ.
3. റിഹ്‌ലതുൽ ഹജ്ജ് ഇലാ ബൈതില്ലാഹിൽ ഹറാം.
4. അൽഫിയതുൻ ഫിൽമൻത്വിക്.
5. നദ്വ്മുൻ ഫിൽഫറാഇദ്.

മരണം ഹിജ്റ 1393 ദുൽഹിജ്ജ 17ന് മക്കയിലെ വസതിയിൽ ശൈഖ് നിര്യാതനായി. ശൈഖ് ഇബ്നു ബാസ്(റഹ്) മയ്യിത്ത് നമസ്കാരത്തിന് നേതൃത്വം നൽകി.



ലേഖനം

# ഫിത്നയും മുസ്‌ലിംകളുടെ നിലപാടും

ശൈഖ് സ്വാലിഹ് ആലുശൈഖ്

വിവ: സിയാദ് കണ്ണൂർ

**ആമുഖം**

സർവസ്തുതിയും അല്ലാഹുവിന്; ഇപ്രകാരം പറഞ്ഞ അല്ലാഹുവിനു തന്നെയാണ് സർവസ്തുതിയും. അവൻ പറഞ്ഞു: "ഓരോ സമുദായത്തിനും നാം ഓരോ ആരാധനാക്രമം നിശ്ചയിച്ചുകൊടുത്തിട്ടുണ്ട്. അവർ അതാണ് അനുഷ്ഠിച്ചുവരുന്നത്. അതിനാൽ ഈ കാര്യത്തിൽ അവർ നിന്നോട് വഴക്കിടാതിരിക്കട്ടെ. നീ നിന്റെ രക്ഷിതാവിങ്കലേക്ക് ക്ഷണിച്ചുകൊള്ളുക. തീർച്ചയായും നീ വക്രതയില്ലാത്ത സൻമാർഗത്തിലാകുന്നു. അവർ നിന്നോട് തർക്കിക്കുകയാണെങ്കിൽ നീ പറഞ്ഞേക്കുക: നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു. നിങ്ങൾ ഭിന്നിച്ചുകൊണ്ടിരിക്കുന്ന വിഷയത്തിൽ ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ അല്ലാഹു നിങ്ങൾക്കിടയിൽ വിധി കൽപിച്ചുകൊള്ളും" (അൽഹജ്ജ്: 67-69).

"തന്റെ ദാസന്ന് അല്ലാഹു മതിയായവനല്ലയോ? അവന്ന് പുറമെയുള്ളവരെപറ്റി അവർ നിന്നെ പേടിപ്പിക്കുന്നു. വല്ലവനെയും അല്ലാഹു പിഴവിലാക്കുന്നപക്ഷം അവന്ന് വഴികാട്ടാൻ ആരുമില്ല. വല്ലവനെയും അല്ലാഹു നേർവഴിയിലാക്കുന്നപക്ഷം അവനെ വഴിപിഴപ്പിക്കുവാനും ആരുമില്ല. അല്ലാഹു പ്രതാപിയും ശിക്ഷാനടപടി എടുക്കുന്നവനും അല്ലയോ?" (അസ്സുമർ 36-37).

'അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല, അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു.' തൗഹീദിന്റെ ഈ സാക്ഷ്യവചനം ഒരാളുടെ ഹൃദയത്തിൽ തുളച്ചുകയറുകയാണെങ്കിൽ, അല്ലാഹു ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന വാക്കുകളും കർമങ്ങളും അവൻ അതിലൂടെ അറിയും.

മുഹമ്മദ്(സ്വ) അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും അവിടുന്ന് സന്തോഷവാർത്ത അറിയിക്കു ന്നവനും താക്കീതുകാരനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

നബി(സ്വ) സന്തോഷവാർത്ത അറിയിക്കുകയും താക്കീതു നൽകുകയും ചെയ്തു. (മതം) പഠിപ്പിക്കുകയും ചെയ്തു. അവിടുത്തെ ചര്യ പിന്തുടരുകയും അവിടുത്തെ മാർഗദർശനം പിൻപറ്റുകയും ചെയ്യുന്നവർ സന്തോഷമടഞ്ഞുകൊള്ളുക. അല്ലാഹുവിന്റെ രക്ഷയും സമാധാനവും അവിടുത്തെമേലും, അവിടുത്തെ സ്വഹാബികളുടെ മേലും അന്ത്യനാൾ

വരെ അവിടുത്തെ ചര്യ പിന്തുടരുന്നവരുടെമേലും ഉണ്ടാകട്ടെ.

സഹോദരന്മാരേ! ഫിത്നകളിൽനിന്നും അല്ലാഹുവോട് രക്ഷ തേടിക്കൊള്ളുക. നിങ്ങളുടെ മതത്തെയും നിങ്ങളുടെ ബുദ്ധിയെയും ശരീരത്തെയും മുഴുവൻ നന്മകളെയും കരിച്ചുകളയുന്ന ഫിത്നകളിൽനിന്നും അല്ലാഹുവോട് രക്ഷതേടുക! എന്തെന്നാൽ, ഫിത്നയിൽ ഒരിക്കലും ഒരു നന്മയുമില്ല.



നബി(സ്വ) ഫിത്നയിൽനിന്നും അല്ലാഹുവോട് ധാരാളമായി രക്ഷ തേടിയിരുന്നു. ഇമാം ബുഖാരി തന്റെ സ്വഹീഹിൽ 'കിതാബുൽ ഫിതൻ' (ഫിത്നകളുടെ അധ്യായം) തുടങ്ങിയത് ഈ അധ്യായം കൊണ്ടാണ്: "ഒരു ഫിത്ന വരുന്നത് നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. അത് ബാധിക്കുന്നത് നിങ്ങളിൽ നിന്നുള്ള അക്രമികൾക്ക് പ്രത്യേകമായിട്ടാവുകയില്ല. അല്ലാഹു കഠിനമായിശിക്ഷിക്കുന്നവനാണെന്ന് നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക' എന്ന അല്ലാഹുവിന്റെ വചനവും ഫിത്നകൾക്കെതിരിലുള്ള റസൂലിന്റെ താക്കീതും'' എന്ന അധ്യായം.

എന്തെന്നാൽ, ഒരു ഫിത്ന പൊട്ടിപ്പുറപ്പെട്ടാൽ, അത് അക്രമിയെ മാത്രമല്ല ബാധിക്കുക, മുഴുവനാളുകളെയും ബാധിക്കും. അതു വന്നെത്തിയാൽ, സംസാരിക്കുന്നവന് ഒന്നുംതന്നെ സംസാരിക്കാൻ സാധിക്കുകയില്ല. അതിനാൽ അതുവന്നെത്തുന്നതിനു മുമ്പായി അതിനെക്കുറിച്ച് താക്കീതുചെയ്യലും ഫിത്നയിലേക്കടുപ്പിക്കുകയോ അതിലേക്ക് നയിക്കുകയോ ചെയ്യുന്ന എല്ലാറ്റിൽനിന്നും ബഹുദൂരം അകന്നുനിൽക്കലും നമ്മുടെ ബാധ്യതയാണ്.

ഫിത്ന വർധിക്കുമെന്നുള്ളത് അന്ത്യനാളിന്റെ അടയാളങ്ങളിൽ പെട്ടതാണ്. നബി(സ്വ)യിൽ നിന്നും സ്ഥിരപ്പെട്ട ഒരു ഹദീസിൽ ഇപ്രകാരം കാണാം. നബി(സ്വ) പറഞ്ഞു: "കാലം ധൃതിയിൽ കടന്നുപോകും; കർമങ്ങൾ ചുരുങ്ങും; (ജനങ്ങളുടെഹൃദയങ്ങളിൽ) പിശുക്ക് നിക്ഷേപിക്കപ്പെടും, ഫിത്ന വർധിക്കും, അല്ലെങ്കിൽ പ്രത്യക്ഷപ്പെടും'' (സ്വഹീഹുൽ ബുഖാരി 88/183).

അതെന്താണെന്നാൽ; ഫിത്ന പ്രത്യക്ഷപ്പെട്ടാൽ അതോടൊപ്പം കുഴപ്പങ്ങളുമുണ്ടാകും. കുഴപ്പങ്ങളുണ്ടാകുന്നത് അന്ത്യനാളടുക്കുന്നതിന്റെ ലക്ഷണവുമാണ്.

എല്ലാതരം ഫിത്നകളെ തൊട്ടും നബി (സ്വ) നമ്മെ താക്കീതു ചെയ്തു എന്നുള്ളത് നബി(സ്വ) നമ്മോടു കാണിച്ച കാരുണ്യത്തിന്റെ ഭാഗമാണ്. അല്ലാഹു നമ്മെ താക്കീതുചെയ്തുകൊണ്ട് പറഞ്ഞു:

"ഒരു ഫിത്ന വരുന്നത് നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. അത് ബാധിക്കുന്നത് നിങ്ങളിൽനിന്നുള്ള അക്രമികൾക്ക് പ്രത്യേകമായിട്ടാവുകയില്ല'' (അൽഅൻഫാൽ: 25).

ഈ വചനത്തിന്റെ തഫ്സീറിൽ ഇബ്നു കസീർ പറഞ്ഞു: "ഈ വചനം സ്വഹാബികളെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞതാണെങ്കിലും ഇതു പൊതുവിൽ എല്ലാ മുസ്‌ലിംകൾക്കും ബാധകമാണ്. കാരണം നബി(സ്വ) ഫിത്നയെക്കുറിച്ചു താക്കീതുചെയ്യാറുണ്ടായിരുന്നു.''

ഈ വചനത്തിന്റെ തഫ്സീറിൽ അല്ലാമാ ആലൂസി പറഞ്ഞു: "ഈ വചനത്തിൽ പറഞ്ഞ ഫിത്നക്ക് ധാരാളം വ്യാഖ്യാനങ്ങളുണ്ട്. അതിൽപെട്ട ഒന്നാണ്: ബിദ്അത്ത് പ്രത്യക്ഷപ്പെടുമ്പോൾ നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്നതിൽ കാണിക്കുന്ന അലംഭാവം. ഇതുകൂടാതെ മറ്റു വ്യാഖ്യാനങ്ങളുമുണ്ട്.'' തുടർന്ന് അദ്ദേഹം പറഞ്ഞു: "സന്ദർഭം ആവശ്യപ്പെടുന്നതിനനുസരിച്ച് വ്യത്യസ്ത വ്യാഖ്യാനങ്ങൾ സ്വീകരിക്കപ്പെടും.''

അതായത്; ഭിന്നതയുടെയും ആശയക്കുഴപ്പങ്ങളുടെയും കാലമാണെങ്കിൽ, അല്ലാഹുവിന്റെ ഈ വചനം കൊണ്ട് നമ്മൾ പരസ്പരം താക്കീത് ചെയ്യണം:

**ഒരു ഫിത്ന പൊട്ടിപ്പുറപ്പെട്ടാൽ, അത് അക്രമിയെ മാത്രമല്ല ബാധിക്കുക, മുഴുവനാളുകളെയും ബാധിക്കും. അതുവന്നെത്തിയാൽ, സംസാരിക്കുന്നവന് ഒന്നുംതന്നെ സംസാരിക്കാൻ സാധിക്കുകയില്ല. അതിനാൽ അതു വന്നെത്തുന്നതിനു മുമ്പായി അതിനെക്കുറിച്ച് താക്കീതുചെയ്യലും ഫിത് നയിലേക്കടുപ്പിക്കുകയോ അതിലേക്ക് നയിക്കുകയോ ചെയ്യുന്ന എല്ലാറ്റിൽനിന്നും ബഹുദൂരം അകന്നു നിൽക്കലും നമ്മുടെ ബാധ്യതയാണ്. ഫിത്ന വർധിക്കുമെന്നുള്ളത് അന്ത്യനാളിന്റെ അടയാളങ്ങളിൽ പെട്ടതാണ്. നബി(സ്വ)യിൽ നിന്നും സ്ഥിരപ്പെട്ട ഒരു ഹദീസിൽ ഇപ്രകാരം കാണാം. നബി(സ്വ) പറഞ്ഞു: "കാലം ധൃതിയിൽ കടന്നുപോകും; കർമങ്ങൾ ചുരുങ്ങും;(ജനങ്ങളുടെഹൃദയങ്ങളിൽ) പിശുക്ക് നിക്ഷേപിക്കപ്പെടും, ഫിത്ന വർധിക്കും, അല്ലെങ്കിൽ പ്രത്യക്ഷപ്പെടും'' (സ്വഹീഹുൽ ബുഖാരി 88/183).**



**ഉപകാരപ്രദമായ അറിവിനെ ആശ്രയിക്കാനും സലഫുസ്സ്വാലിഹുകളുടെയും അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെയും അക്വീദയെ മുറുകെപിടിക്കാനും അവരെയെന്ന പോലെ നമ്മെ സ്വയം ഓർമപ്പെടുത്തേണ്ടതും നമ്മുടെ ബാധ്യതയാണ്. ജനങ്ങൾക്കിടയിലേക്ക് അല്ലാഹുവിന്റെ ദീനിനെ പ്രചരിപ്പിക്കാനും ശരീഅത്തിനോടുള്ള സ്‌നേഹം ഊട്ടിയുറപ്പിക്കാനും അനുഗൃഹീതമായ ഈ ജാഗരണം സഹായകമാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. അതോടൊപ്പം അതു നമ്മെ ഉപകാരപ്രദമായ അറിവിൽ ഉറപ്പിച്ചുനിർത്തുമെന്നും ആശിക്കാം. എന്തെന്നാൽ, ഉപകാരപ്രദമായ അറിവിനെയും അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ വാക്കിനെയുമാണ് ഇന്നത്തെ നമ്മുടെ യുവത അന്വേഷിച്ചുകൊണ്ടിരിക്കുന്നത്.**

"ഒരു ഫിത്‌ന വരുന്നത് നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. അത് ബാധിക്കുന്നത് നിങ്ങളിൽനിന്നുള്ള അക്ര മികൾക്ക് പ്രത്യേകമായിട്ടാവുകയില്ല" (അൽഅൻഫാൽ 25).

അതായത്, ഭിന്നതയെയും ആശയക്കുഴപ്പങ്ങളെയും നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. അവയുടെ സ്വാധീ നവും പരിണിതഫലവും അക്രമികളെ മാത്രമായിട്ടല്ല ബാധിക്കുക, പ്രത്യുത മുഴുവനാളുകളെയും അത് ബാധിക്കും. ഇത് ഭിന്നതകൾക്കും ആശയക്കുഴപ്പങ്ങൾക്കും മാത്രം ബാധകമാകുന്നതല്ല. അതിനാൽ, ഈ യൊരു വേളയിൽ (ഫിത്‌നയുടെ സന്ദർഭത്തിൽ ഇസ്‌ലാമിക പ്രമാണങ്ങളോടുള്ള മുസ്‌ലിംകളുടെ സമീപനം എന്ന) ഈ വിഷയത്തെക്കുറിച്ച് സ്മരിക്കാൻ നാം ഇഷ്ടപ്പെടുന്നു. സ്വയം ഓർമപ്പെടുത്തുകയാണ്. കാരണം, തൗഹീദിനും അതിന്റെ പ്രചാരണത്തിനും മുന്തിയപരിഗണന നൽകിക്കൊണ്ടുള്ള ഒരു ഇസ്‌ലാമിക ജാഗരണം ഇന്ന് ഈ രാജ്യത്ത് (സുഊദി അറേബ്യയിൽ) നാം കാണുന്നു. തൗഹീദീ പ്രബോധനത്തിന് തീരെ പരിഗണന നൽകാത്ത ഒരു കാലഘട്ടത്തിലാണ് ഈ ഒരു ജാഗരണം എന്നോർക്കുക.

അതിനാൽ, ഉപകാരപ്രദമായ അറിവിനെ ആശ്രയിക്കാനും സലഫുസ്സ്വാലിഹുകളുടെയും അഹ്‌ലുസ്സുന്നത്തിവൽജമാഅത്തിന്റെയും അകീദയെ മുറുകെപിടിക്കാനും അവരെയെന്ന പോലെ നമ്മെ സ്വയം ഓർമപ്പെടുത്തേണ്ടതും നമ്മുടെ ബാധ്യതയാണ്. ജനങ്ങൾക്കിടയിലേക്ക് അല്ലാഹുവിന്റെ ദീനിനെ പ്രചരിപ്പിക്കാനും ശരീഅത്തിനോടുള്ള സ്‌നേഹം ഊട്ടിയുറപ്പിക്കാനും അനുഗൃഹീതമായ ഈ ജാഗരണം സഹായകമാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. അതോടൊപ്പം അതു നമ്മെ ഉപകാരപ്രദമായ അറിവിൽ ഉറപ്പിച്ചുനിർത്തുമെന്നും ആശിക്കാം. എന്തെന്നാൽ, ഉപകാരപ്രദമായ അറിവിനെയും അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ വാക്കിനെയുമാണ് ഇന്നത്തെ നമ്മുടെ യുവത അന്വേഷിച്ചുകൊണ്ടിരിക്കുന്നത്.

അതുകൊണ്ടുതന്നെ, അല്ലാഹുവിന്റെ വചനങ്ങളെയും പ്രവാചക വചനങ്ങളെയും അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള നമ്മുടെ പണ്ഡിതന്മാരുടെയും അഹ്‌ലുസ്സുന്നത്തിന്റെയും വാക്കുകളിൽനിന്നും എനിക്കറിയാവുന്നത് അവരെ അറിയിക്കുകയും ഓർമപ്പെടുത്തുകയും വിശദീകരിക്കുകയും ചെയ്യേണ്ടത് എന്റെ കർത്തവ്യമായി ഞാൻ മനസ്സിലാക്കുന്നു.

ഫിത്‌നകളെ അവഗണിക്കുകയും അതിന്റെ പരിണിതഫലങ്ങളെ തിരസ്‌കരിക്കുകയും സമകാലികവും വരാനിരിക്കുന്നതുമായ ഫിത്‌നകളെ അല്ലാഹുവിന്റെയും തിരുദൂതരുടെയും കൽപനകൾക്കനുസൃതമായി കൈകാര്യം ചെയ്യാനുമുള്ള ഉൾക്കാഴ്ചയും ദീർഘദൃഷ്ടിയും പണ്ഡിതന്മാർക്കില്ലെങ്കിൽ ഭാവിയിൽ സ്ഥിതി വളരെ മോശമാകും.

തത്ത്വങ്ങളും മാർഗനിർദേശങ്ങളും നാം പാലിക്കണം. കാരണം, മാർഗനിർദേശങ്ങളാണ് അബദ്ധങ്ങളിൽ പതിക്കുന്നതിൽനിന്നും നമ്മെ സംരക്ഷിക്കുന്നത്. മാത്രമല്ല, തത്ത്വങ്ങളും മാർഗനിർദേശങ്ങളും നാം പാലിക്കുകയും അതിൽ ഉറച്ചുനിൽക്കുകയും ചെയ്യുകയാണെങ്കിൽ, നാം നന്മയിലായിരിക്കും. പിന്നീടൊരിക്കലും ഖേദിക്കേണ്ടിവരില്ല, ഇൻശാ അല്ലാഹ്.

ഏതൊരു വിഷയത്തിലും അതിന്റെ മാർഗനിർദേശങ്ങൾ അറിഞ്ഞിരിക്കൽ അനിവാര്യമാണ്. അതിന് (ഹൃദയത്തിൽ) പ്രതിഷ്ഠനേടണം. പര്യവസാനം നന്മയിലാണോ അതോ തിന്മയിലോ എന്ന് തിരിച്ചറിയാനാ കാത്ത കാര്യങ്ങളിലേക്ക് നയിക്കപ്പെടുന്നതിൽനിന്നും സ്വയം അതിലേക്ക്

ചെന്നു പതിക്കുന്നതിൽനിന്നും അത് സംരക്ഷിക്കും.

മുകളിൽ പറഞ്ഞതിൽനിന്നും അഹ്‌ലുസ്സുന്നത്തി വൽജമാഅത്ത് വിശദീകരിച്ചുതന്ന തത്ത്വങ്ങളും മാർഗനിർദേശങ്ങളും പാലിക്കുന്നതിന്റെ പ്രാധാന്യം നമുക്ക് മനസ്സിലായി.

**തത്ത്വങ്ങളും മാർഗനിർദേശങ്ങളും**

*മാർഗനിർദേശം:* ഏതെങ്കിലും ഒരു പ്രത്യേക വിഷയത്തിലുള്ള വിധികൾ മനസ്സിലാക്കിത്തരുന്നതാണ് ഒരു വിഷയത്തിലുള്ള മാർഗനിർദേശം എന്നത്. തുടർന്ന്, അതുമായി ബന്ധപ്പെട്ട സകല വിഷയങ്ങളെയും ആ മാർഗനിർദേശത്തിലേക്കാണ് മടക്കുക.

*തത്ത്വം:* വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരാമർശിക്കപ്പെടുന്ന മൊത്തത്തിലുള്ള ഒരു കാര്യമാണ് 'തത്ത്വം' അഥവാ 'ക്വാഇദ' എന്നത്. അതിനാൽ, അഹ്‌ലുസ്സുന്നത്തിന്റെ മാർഗനിർദേശ ങ്ങളും തത്ത്വങ്ങളും അറിയൽ നമ്മുടെ ബാധ്യതയാണ്.

നബി(സ്വ) പറഞ്ഞു: "നിങ്ങളിൽനിന്നും എനിക്ക് ശേഷം ജീവിച്ചിരിക്കുന്നവർ ധാരാളം ഭിന്നതകൾ കാണും. എന്റെ ചര്യയെയും എനിക്ക് ശേഷമുള്ള സച്ചരിതരായ ഖലീഫമാരുടെ ചര്യയെയും നിങ്ങൾ പിൻപറ്റുക. അണപ്പല്ലുകൾ കൊണ്ട് അതിനെ കടിച്ചുപിടിക്കുകയും ചെയ്യുക."

നബി(സ്വ)ക്ക് ശേഷം സ്വഹാബികൾ ധാരാളം ഭിന്നതകൾ കണ്ടിട്ടുണ്ട്. എന്നാൽ അവർ അതിൽ നിന്നെല്ലാം രക്ഷപ്പെട്ടത് നബിയുടെയും ശേഷം വന്ന സച്ചരിതരായ ഖലീഫമാരുടെയും വ്യക്തമായ മാർ ഗനിർദേശങ്ങളും തത്ത്വങ്ങളും മുറുകെപ്പിടിച്ചതുകൊണ്ടാണ്.

**ഈ മാർഗനിർദേശങ്ങളും തത്ത്വങ്ങളും പാലിക്കുന്നതിന്റെ പ്രയോജനങ്ങൾ;**

*1. ഈ മാർഗനിർദേശങ്ങളും തത്ത്വങ്ങളും പാലിക്കുന്നതുമൂലം:*

ശരീഅത്തിന്റെ അംഗീകാരമില്ലാത്ത കാര്യങ്ങൾ (ആശയാദർശങ്ങൾ) സ്വാധീനിക്കുന്നതിൽനിന്നും ഒരു മുസ്‌ലിമിന്റെ ചിന്തയും അഭിപ്രായങ്ങളും സംരക്ഷിക്കപ്പെടും. മുസ്‌ലിമിന്റെ ചിന്തകൾ നിയന്ത്രിക്കപ്പെടും.



**ഫിത്നയുടെ അവസരത്തിൽ, അഹ്‌ലുസ്സുന്നത്തിന്റെ മാർഗനിർദേശങ്ങളും തത്ത്വങ്ങളും പരിഗണിക്കാതെ സ്വേഛ പ്രകാരം ഒരാൾ ചിന്തിക്കുകയും പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുകയുമാണെങ്കിൽ അവൻ അബദ്ധത്തിൽ പെടാനുള്ള സാധ്യത കൂടുതലാണ്. അബദ്ധത്തിൽ പെട്ടുപോയാൽ, അതിന്റെ അനന്തരഫലം പ്രവചനാതീതമാണ്. അത് പടർന്നുപന്തലിക്കും. ചിലപ്പോൾ അത് വർധിച്ചുകൊണ്ടേയിരി ക്കുകയും ചെയ്യും. മാർഗനിർദേശങ്ങളും തത്ത്വങ്ങളും മുറുകെ പിടിക്കുന്നതിന്റെ പ്രയോജനമെന്താണെ ന്നാൽ, അത് അബദ്ധത്തിൽ ചെന്നുചാടുന്നതിൽനിന്നും മനുഷ്യനെ സംരക്ഷിക്കും.**

മുസ്‌ലിമായ ഒരു മനുഷ്യൻ മനനത്തിനുള്ള മാർഗനിർദേശങ്ങളും തത്ത്വങ്ങളുമൊന്നും പരിഗണി ക്കാതെ തന്റെ ചിന്തകളെ സ്വതന്ത്രമായി വിടുകയാണെങ്കിൽ, സ്വഭാവം, കുടുംബം, സമൂഹം എന്നിത്യാദി വിഷയങ്ങളിൽ അവന്റെ മനസ്സ് വിവിധ ദിശകളിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കും എന്നത് സുവിദിതമാണ്.

ഈ മാർഗനിർദേശങ്ങളും തത്ത്വങ്ങളും പാലിക്കുന്നതിന്റെ പ്രാധാന്യം ഇതു നമ്മെ ബോധ്യപ്പെടുത്തി ത്തരുന്നു. കാരണം അത് മുസ്‌ലിമായ ഒരു മനുഷ്യന്റെ ചിന്തയെ നിയന്ത്രിക്കുന്നു. സ്വന്തത്തോടും കുടുംബ ത്തോടും സമൂഹത്തോടുമുള്ള നിലപാടുകൾ മുളച്ചുവരുന്നത് ആ ചിന്തകളിൽ നിന്നാണല്ലോ!

*2. ഈ മാർഗനിർദേശങ്ങളും തത്ത്വങ്ങളും അബദ്ധങ്ങളിൽനിന്നും ഒരു മുസ്‌ലിമിനെ സംരക്ഷിക്കുന്നു. കാരണം:*

ഫിത്നയുടെ അവസരത്തിൽ, അഹ്‌ലുസ്സുന്നത്തിന്റെ മാർഗനിർദേശങ്ങളും തത്ത്വങ്ങളും പരിഗണിക്കാ തെ സ്വേഛപ്രകാരം ഒരാൾ ചിന്തിക്കുകയും പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുകയുമാണെങ്കിൽ അവൻ അബദ്ധത്തിൽ പെടാനുള്ള സാധ്യത കൂടുതലാണ്. അബദ്ധത്തിൽ പെട്ടുപോയാൽ, അതിന്റെ അനന്തരഫലം പ്രവചനാതീതമാണ്. അത് പടർന്നു പന്തലിക്കും. ചിലപ്പോൾ അത് വർധിച്ചുകൊണ്ടേയിരി ക്കുകയും ചെയ്യും. മാർഗനിർദേശങ്ങളും തത്ത്വങ്ങളും

മുറുകെ പിടിക്കുന്നതിന്റെ പ്രയോജനമെന്താണെ ന്നാൽ, അത് അബദ്ധത്തിൽ ചെന്നുചാടുന്നതിൽനിന്നും മനുഷ്യനെ സംരക്ഷിക്കും.

എന്തുകാരണത്താലാണ് മാർഗനിർദേശങ്ങളും തത്ത്വങ്ങളും അബദ്ധത്തിൽ ചെന്നുചാടുന്നതിൽ നിന്നും മനുഷ്യനെ സംരക്ഷിക്കുന്നത്? ആ മാർഗനിർദേശങ്ങളും തത്ത്വങ്ങളും ആരാണ് (നമുക്ക് വേണ്ടി) രൂപപ്പെടുത്തിയത്? അവ പിൻപറ്റാൻ ആരാണ് നമ്മോട് കൽപിച്ചത്?

അതിനുള്ള ഉത്തരം 'അഹ്‌ലുസ്സുന്നത്തി വൽജമാഅ:' എന്നാണ്. (പ്രമാണങ്ങളിൽനിന്നുള്ള) തെളി വുകളെ ആധാരമാക്കിയാണ് അവർ അവയെ രൂപപ്പെടുത്തിയത്. അതിനാൽ, ആ തെളിവുകൾക്ക് പിന്നിൽ സഞ്ചരിക്കുകയും അഹ്‌ലുസ്സുന്നത്തിനെ പിൻപറ്റുകയും ചെയ്യുകയാണെങ്കിൽ, അവൻ പിന്നീടൊരിക്കലും ഖേദിക്കേണ്ടി വരികയില്ല.

3. മുസ്‌ലിമായ ഒരാൾ ഈ മാർഗനിർദേശങ്ങളും തത്ത്വങ്ങളും പാലിക്കുകയാണെങ്കിൽ, അവൻ പാപ ത്തിൽനിന്നും സുരക്ഷിതനാകും. കാരണം ഈ മാർഗനിർദേശങ്ങളും തത്ത്വങ്ങളുമൊന്നും പാലിക്കാതെ തനിക്ക് ശരിയെന്നു തോന്നുന്നവ തന്റെ ഹിതത്തിനനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ, അവൻ പാപത്തിൽനിന്നും സുരക്ഷിതനാകുകയില്ല. കാരണം, തനിക്ക് ശരിയെന്നു തോന്നുന്ന സ്വന്തം അഭിപ്രായങ്ങൾക്ക് പിറകെ പോയാൽ തന്റെ വാക്കുകളുടെയും കർമങ്ങളുടെയും ഫലമായി ഭാവിയിൽ എന്തു സംഭവി ക്കുമെന്ന് അവനറിയില്ല.

എന്നാൽ തെളിവുകളിൽ സ്ഥാപിതമായ പൊതുമാർഗനിർദേശങ്ങളും തത്ത്വങ്ങളും പാലിക്കുകയാണെ ങ്കിൽ, അവൻ പാപത്തിൽനിന്നും സുരക്ഷിതനാകും; ഇൻശാ അല്ലാഹ്. തെളിവിനെ പിൻപറ്റിയതുമൂലം അല്ലാഹു അവന് ഒഴികഴിവ് നൽകുകയും ചെയ്യും. മാർഗദർശനത്തിനനുസൃതമായി ആരെങ്കിലും പ്രവർത്തി ച്ചിട്ടുണ്ടെങ്കിൽ വളരെ നല്ലത്.

സഹോദരന്മാരേ! മാർഗനിർദേശങ്ങളും തത്ത്വങ്ങളും സ്വീകരിക്കുന്നതിന്റെ അനിവാര്യത ഈ മൂന്ന് പ്രയോജനങ്ങളിലൂടെ നമുക്ക് വ്യക്തമാകുന്നു. ആ മാർഗനിർദേശങ്ങളും തത്ത്വങ്ങളുമാണ് ഇനി വിവരിക്കാൻ പോകുന്നത്.

ഈ മാർഗനിർദേശങ്ങളുടെയും തത്ത്വങ്ങളുടെയും ഉറവിടം:

ഇവിടെ വിശദീകരിക്കാനുദ്ദേശിക്കുന്ന ഈ മാർഗനിർദേശങ്ങളുടെയും തത്ത്വങ്ങളുടെയും ഉറവിടം രണ്ടെണ്ണമാണ്:

1. ശറഇയായ തെളിവുകൾ: അത് ഒന്നുകിൽ ക്വുർആൻ, അല്ലെങ്കിൽ സുന്നത്ത്. ക്വുർആനിൽ നിന്നും സുന്നത്തിൽനിന്നുമുള്ള തെളിവുകൾകൊണ്ട് സ്ഥിരപ്പെട്ടവയാണ് അഹ്‌ലുസ്സുന്നത്ത് സ്വീകരിച്ചത്.

2. പ്രവാചകാനുചരർ പ്രവർത്തിച്ചുകാണിച്ച പ്രായോഗിക മാതൃക.

ഫിത്നയുടെ അവസരങ്ങളിലും മാറിയ സാഹചര്യങ്ങളിലും സ്വഹാബികൾ, താബിഉകൾ, അഹ്‌ലുസ്സുന്നത്തിന്റെ പണ്ഡിതന്മാർ എന്നിവരിൽ പ്രായോഗിക മാതൃകയുണ്ട്. (കാരണം:) അവർ ഫിത്നകൾ നേരിട്ടിട്ടുണ്ട്. തെളിവുകൾ കൊണ്ടാണ് അവർ മാർഗദർശനം സ്വീകരിച്ചത്.

ആ മാർഗദർശനം അവർ പ്രായോഗികമായി നടപ്പിലാക്കുകയും അതിനെ സംരക്ഷിക്കുകയും ചെയ്തി രുന്നു. അതുകൊണ്ട്തന്നെ അവരുടെ കർമങ്ങളെയും അവരുടെ തെളിവുകളെയും അവരുടെ പ്രായോഗിക മാതൃകകളെയും നാം സ്വീകരിക്കുകയാണെങ്കിൽ, നമ്മുടെ കാഴ്ചകളും ചിന്തകളും വ്യതിചലിക്കുകയില്ല.

ഇത് അല്ലാഹു നമ്മോട് കാണിച്ച കാരുണ്യത്തിന്റെ ഭാഗമാണ്. അതായത്, നമുക്ക് പിൻപറ്റാവുന്ന മാതൃകകളുണ്ടാക്കാതെ അവൻ നമ്മെ ഉപേക്ഷിച്ചിട്ടില്ല. അതിനാൽ, അഹ്‌ലുസ്സുന്നത്തിന്റ പണ്ഡിതന്മാർ മനസ്സിലാക്കിയതിലേക്കും അവരുടെ അഭിപ്രായങ്ങളിലേക്കും അവരുടെ വാക്കുകളിലേക്കും നാം മടങ്ങണം. കാരണം അവർ ശരീഅത്ത് പഠിച്ചവരാണ്; മുഴുവൻ നിയമങ്ങളും അടിസ്ഥാനങ്ങളും പഠി ച്ചവരാണ്. അതാണ് അവരെ അബദ്ധങ്ങളിൽനിന്നും വ്യതിയാനങ്ങളിൽനിന്നും സംരക്ഷിച്ചുപോന്നത്.

അതിനാൽ, ഞാൻ വിശദീകരിക്കാൻ ഉദ്ദേശിക്കുന്ന ഈ മാർഗ നിർദേശങ്ങളും തത്ത്വങ്ങളും പാലി ക്കേണ്ടതിന്റെ അനിവാര്യതയും ആവശ്യകതയും പ്രയോജനവും വ്യക്തമായി. അത് സ്വീകരിച്ചെങ്കിൽ, അതിന്റെ പ്രയോജനങ്ങൾ നിന്റെ സ്വന്തത്തിലും നിന്റെ സമൂഹത്തിലും കാണുമെന്നും വ്യക്തമായി.

ആരെങ്കിലും ഒരു സന്മാർഗിയുടെ (പണ്ഡിതന്റെ) പിന്നാലെ സഞ്ചരിക്കുകയും, അയാളുടെ തെളി വുകളെ പിന്തുടരുകയും ചെയ്യുകയാണെങ്കിൽ അവൻ ഒരിക്കലും ഖേദിക്കേണ്ടിവരില്ല.

*(തുടരും)*

**ഇത് അല്ലാഹു നമ്മോട് കാണിച്ച കാരുണ്യത്തിന്റെ ഭാഗമാണ്. അതായത്, നമുക്ക് പിൻപറ്റാവുന്ന മാതൃകകളുണ്ടാക്കാതെ അവൻ നമ്മെ ഉപേക്ഷിച്ചിട്ടില്ല. അതിനാൽ, അഹ്‌ലുസ്സുന്നത്തിന്റ പണ്ഡിതന്മാർ മനസ്സിലാക്കിയതിലേക്കും അവരുടെ അഭിപ്രായങ്ങളിലേക്കും അവരുടെ വാക്കുകളിലേക്കും നാം മടങ്ങണം. കാരണം അവർ ശരീഅത്ത് പഠിച്ചവരാണ്; മുഴുവൻ നിയമങ്ങളും അടിസ്ഥാനങ്ങളും പഠി ച്ചവരാണ്. അതാണ് അവരെ അബദ്ധങ്ങളിൽനിന്നും വ്യതിയാനങ്ങളിൽനിന്നും സംരക്ഷിച്ചുപോന്നത്.**

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം: 45

# അൽജാസിയ

(മുട്ടുകുത്തുന്നവ)

(മക്കയിൽ അവതരിച്ചത്)

حمٓ ﴿١﴾

تَنزِيلُ ٱلْكِتَٰبِ مِنَ ٱللَّهِ ٱلْعَزِيزِ ٱلْحَكِيمِ ﴿٢﴾

إِنَّ فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ لَءَايَٰتٍ لِّلْمُؤْمِنِينَ ﴿٣﴾

وَفِى خَلْقِكُمْ وَمَا يَبُثُّ مِن دَآبَّةٍ ءَايَٰتٌ لِّقَوْمٍ يُوقِنُونَ ﴿٤﴾

وَٱخْتِلَٰفِ ٱلَّيْلِ وَٱلنَّهَارِ وَمَآ أَنزَلَ ٱللَّهُ مِنَ ٱلسَّمَآءِ مِن رِّزْقٍ فَأَحْيَا بِهِ ٱلْأَرْضَ بَعْدَ مَوْتِهَا وَتَصْرِيفِ ٱلرِّيَٰحِ ءَايَٰتٌ لِّقَوْمٍ يَعْقِلُونَ ﴿٥﴾

تِلْكَ ءَايَٰتُ ٱللَّهِ نَتْلُوهَا عَلَيْكَ بِٱلْحَقِّ ۖ فَبِأَىِّ حَدِيثٍۭ بَعْدَ ٱللَّهِ وَءَايَٰتِهِۦ يُؤْمِنُونَ ﴿٦﴾

وَيْلٌ لِّكُلِّ أَفَّاكٍ أَثِيمٍ ﴿٧﴾

يَسْمَعُ ءَايَٰتِ ٱللَّهِ تُتْلَىٰ عَلَيْهِ ثُمَّ يُصِرُّ مُسْتَكْبِرًا كَأَن لَّمْ يَسْمَعْهَا ۖ فَبَشِّرْهُ بِعَذَابٍ أَلِيمٍ ﴿٨﴾

1. ഹാമീം.
2. ഈ വേദഗ്രന്ഥത്തിന്റെ അവതരണം പ്രതാപിയും യുക്തിമാനുമായ അല്ലാഹുവിങ്കൽ നിന്നാകുന്നു.
3. തീർച്ചയായും ആകാശങ്ങളിലും ഭൂമിയിലും വിശ്വാസികൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.
4. നിങ്ങളുടെ സൃഷ്ടിപ്പിലും ജന്തുജാലങ്ങളെ അവൻ വിന്യസിക്കുന്നതിലുമുണ്ട് ദൃഢമായി വിശ്വസിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളും.
5. രാവും പകലും മാറിമാറി വരുന്നതിലും, അല്ലാഹു ആകാശത്തുനിന്ന് ഉപജീവനം ഇറക്കി അതുമുഖേന ഭൂമിക്ക് അതിന്റെ നിർജീവാവസ്ഥയ്ക്കുശേഷം ജീവൻ നൽകിയതിലും, കാറ്റുകളുടെ ഗതി നിയന്ത്രണത്തിലും ചിന്തിച്ചു മനസ്സിലാക്കുന്ന ആളുകൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.
6. അല്ലാഹുവിന്റെ തെളിവുകളത്രെ അവ. സത്യപ്രകാരം നാം നിനക്ക് അവ ഓതിക്കേൾപ്പിക്കുന്നു. അല്ലാഹുവിനും അവന്റെ തെളിവുകൾക്കും പുറമെ ഇനി ഏതൊരു വൃത്താന്തത്തിലാണ് അവർ വിശ്വസിക്കുന്നത്?
7. വ്യാജവാദിയും അധർമകാരിയുമായ ഏതൊരാൾക്കും നാശം.
8. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ തനിക്ക് ഓതിക്കേൾപിക്കപ്പെടുന്നത് അവൻ കേൾക്കുകയും എന്നിട്ട് അത് കേട്ടിട്ടില്ലാത്തതുപോലെ അഹങ്കാരിയായിക്കൊണ്ട് ശഠിച്ചു നിൽക്കുകയും ചെയ്യുന്നു. ആകയാൽ അവന്ന് വേദനയേറിയ ശിക്ഷയെ പറ്റി സന്തോഷവാർത്ത അറിയിച്ചുകൊള്ളുക.

وَإِذَا عَلِمَ مِنْ ءَايَٰتِنَا شَيْـًٔا ٱتَّخَذَهَا هُزُوًا ۚ
أُو۟لَٰٓئِكَ لَهُمْ عَذَابٌ مُّهِينٌ ﴿٩﴾

مِّن وَرَآئِهِمْ جَهَنَّمُ ۖ وَلَا يُغْنِى عَنْهُم مَّا كَسَبُوا۟
شَيْـًٔا وَلَا مَا ٱتَّخَذُوا۟ مِن دُونِ ٱللَّهِ أَوْلِيَآءَ ۖ وَلَهُمْ
عَذَابٌ عَظِيمٌ ﴿١٠﴾

هَٰذَا هُدًى ۖ وَٱلَّذِينَ كَفَرُوا۟ بِـَٔايَٰتِ رَبِّهِمْ لَهُمْ
عَذَابٌ مِّن رِّجْزٍ أَلِيمٌ ﴿١١﴾

ٱللَّهُ ٱلَّذِى سَخَّرَ لَكُمُ ٱلْبَحْرَ لِتَجْرِىَ ٱلْفُلْكُ فِيهِ
بِأَمْرِهِۦ وَلِتَبْتَغُوا۟ مِن فَضْلِهِۦ وَلَعَلَّكُمْ تَشْكُرُونَ ﴿١٢﴾

وَسَخَّرَ لَكُم مَّا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ
جَمِيعًا مِّنْهُ ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ
يَتَفَكَّرُونَ ﴿١٣﴾

9. നമ്മുടെ തെളിവുകളിൽ നിന്ന് വല്ലതും അവൻ അറിഞ്ഞാലോ അവനത് ഒരു പരിഹാസവിഷയമാക്കിക്കളയുകയും ചെയ്യും. അത്തരക്കാർക്കാകുന്നു അപമാനകരമായ ശിക്ഷ.

10. അവരുടെ പുറകെ നരകമുണ്ട്. അവർ സമ്പാദിച്ചുവെച്ചിട്ടുള്ളതോ, അല്ലാഹുവിനു പുറമെ അവർ സ്വീകരിച്ചിട്ടുള്ള രക്ഷാധികാരികളോ അവർക്ക് ഒട്ടും പ്രയോജനം ചെയ്യുകയില്ല. അവർക്കാണ് കനത്ത ശിക്ഷയുള്ളത്.

11. ഇത് ഒരു മാർഗദർശനമാകുന്നു. തങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിൽ അവിശ്വസിച്ചവരാരോ അവർക്ക് കഠിനമായ തരത്തിലുള്ള വേദനയേറിയ ശിക്ഷയുണ്ട്.

12. അല്ലാഹുവാകുന്നു സമുദ്രത്തെ നിങ്ങ ൾക്ക് അധീനമാക്കിത്തന്നവൻ. അവന്റെ കൽപന പ്രകാരം അതിലൂടെ കപ്പലുകൾ സഞ്ചരിക്കുവാനും, അവന്റെ അനുഗ്രഹത്തിൽനിന്ന് നിങ്ങൾ തേടുവാനും, നിങ്ങൾ നന്ദികാണിക്കുന്നവരായേക്കാനും വേണ്ടി.

13. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം തന്റെ വകയായി അവൻ നിങ്ങൾക്ക് അധീനപ്പെടുത്തിത്തരികയും ചെയ്തിരിക്കുന്നു. ചിന്തിക്കുന്ന ജനങ്ങൾക്ക് തീർച്ചയായും അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.

2). ക്വുർആനിനെ ശ്രദ്ധിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യണം എന്ന നിർദേശം ഉൾകൊള്ളുന്ന ഒരു കാര്യമാണ് അല്ലാഹു ഇവിടെ ഉണർത്തുന്നത്. അത് (ഈ വേദഗ്രന്ഥത്തിന്റെ അവതരണം അല്ലാഹുവിങ്കൽനിന്നാകുന്നു). ആരാധനക്കർഹനായവൻ പൂർണ വിശേഷണങ്ങളെ സ്വീകരിച്ചതിനാലും അനുഗ്രഹങ്ങൾ നൽകുന്നത് അവൻ മാത്രമായതിനാലും തികഞ്ഞ പ്രതാപിയും സമ്പൂർണജ്ഞാനിയുമാണ്.

3-5). ശേഷം ശാരീരികവും പ്രാപഞ്ചികവുമായ ദൃഷ്ടാന്തങ്ങൾ, ആകാശഭൂമികളുടെ സൃഷ്ടിപ്പ്, അതിൽ അവൻ വ്യാപിപ്പിച്ച ജീവജാലങ്ങൾ, പ്രയോജനങ്ങൾ, ആകാശത്തുനിന്ന് മഴയിറക്കി സൃഷ്ടികളെയും നാടുകളെയും ജീവസ്സുറ്റതാക്കിയത് തുടങ്ങിയവയെല്ലാം എടുത്തുപറഞ്ഞ് അവന്റെ ആരാധ്യതയെ ശക്തിപ്പെടുത്തുന്നു. ഇതെല്ലാം ക്വുർആനിന്റെ സത്യതയ്ക്കുള്ള തെളിവുകളും ദൃഷ്ടാന്തങ്ങളുമാണ്. ക്വുർആൻ ഉൾക്കൊള്ളുന്ന ആശയങ്ങളുടെ സ്വീകാര്യതയെയും ഇത് തെളിയിക്കുന്നു. അല്ലാഹുവിന്റെ പരിപൂർണതക്കും ഉയിർത്തെഴുന്നേൽപിനുമുള്ള തെളിവുകളും കൂടിയാണിത്.

6-10). അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ പ്രയോജനപ്പെടുത്തുന്നവരെന്നും അല്ലാത്തവരെന്നും രണ്ടായി ജനങ്ങളെ അവൻ വേർതിരിക്കുന്നു.

ഒരുവിഭാഗം ഇവയെയെല്ലാം തെളിവാക്കുകയും അതിനെക്കുറിച്ച് ചിന്തിക്കുകയും, അതിനെ പ്രയോജനപ്പെടുത്തി ഉയർച്ച പ്രാപിക്കുകയും ചെയ്യുന്നവരാണ്. അവരാണ് അല്ലാഹുവിലും മലക്കുകളിലും വേദഗ്രന്ഥങ്ങളിലും അന്ത്യദിനത്തിലും വിശ്വാസം പൂർണമായവർ. അവരുടെ ബുദ്ധി വളർന്നു. അവരുടെ അറിവും വിജ്ഞാനവും ചിന്താശേഷിയും അതുമൂലം വർധിക്കുകയും ചെയ്തു.

തങ്ങൾക്ക് എതിരെ തെളിവാകത്തക്കവിധം

അല്ലാഹുവിന്റെ വചനങ്ങളെ കേൾക്കുന്നവരാണ് മറ്റൊരു വിഭാഗം. പിന്നീട് അവർ അതിൽനിന്ന് തിരിഞ്ഞുകളയുകയും അഹങ്കരിക്കുകയും ചെയ്യുന്നു. കാരണം, അതുമൂലം അവരുടെ ഹൃദയം പരിശുദ്ധിയും സംശുദ്ധിയും പ്രാപിച്ചില്ല. അതിലുപരി (അഹങ്കരിക്കാൻ കാരണമായി. ധിക്കാരം വർധിച്ചു. അല്ലാഹുവിന്റെ വല്ല ദൃഷ്ടാന്തങ്ങളും മനസ്സിലാക്കിയാൽ അതിനെ അവർ പരിഹാസ്യമാക്കും. അവർക്ക് നാശത്തെയാണ് അല്ലാഹു താക്കീത് നൽകുന്നത്. (വ്യാജവാദിയും അധർമകാരിയുമായ ഏതൊരാൾക്കും നാശം) അതായത് സംസാരത്തിൽ കളവ് പറയുന്നവനും തന്റെ പ്രവർത്തനങ്ങളിൽ മഹാപാപം ചെയ്യുന്നവനും. അല്ലാഹു അറിയിക്കുന്നത് അവന് വേദനയേറിയ ശിക്ഷയുണ്ടെന്നാണ്. (അവരുടെ പുറകെ നരകമുണ്ട്) ഉയർന്ന ശിക്ഷയാവാൻ അതെത്രയോ മതി. (അവർ സമ്പാദിച്ചുവെച്ചത് അവർക്ക് ഒട്ടും പ്രയോജനം ചെയ്യുകയില്ല) സ്വത്തുക്കൾ. (അല്ലാഹുവിന് പുറമെ അവർ സ്വീകരിച്ചിട്ടുള്ള രക്ഷാധികാരികളും) അവർ അവരോട് സഹായം ചോദിക്കും. ഉപകാരപ്പെടുകയാണെങ്കിൽ ഉപകാരം ഏറ്റവും ആവശ്യമുള്ള സമയത്ത് അവർ അവരെ കൈവെടിയും.

11). നേരിൽ കാണുന്നതും ക്വുർആനികവുമായ തെളിവുകളുടെ കാര്യത്തിൽ ജനങ്ങൾ രണ്ട് വിഭാഗമാണെന്നു വ്യക്തമാക്കിയതിനു ശേഷം ഏറ്റവും ഉന്നതമായ ഒരു കാര്യത്തെ ക്വുർആൻ ഉൾക്കൊള്ളുന്നു എന്ന് അറിയിക്കുകയും ചെയ്തു. അതാകട്ടെ, ഹുദ (മാർഗദർശനം) ആണ്. (ഇത് ഒരു മാർഗദർശനമാകുന്നു) ക്വുർആൻ മതത്തിന് നൽകുന്ന ഒരു വിശേഷണമാണിത്. കാരണം, അത് അല്ലാഹുവിന്റെ പരിശുദ്ധമായ വിശേഷണങ്ങളിലൂടെയും സ്തുത്യർഹമായ അവന്റെ പ്രവർത്തനങ്ങളിലൂടെയും അല്ലാഹുവിനെ അറിയാൻ മാർഗം കാണിക്കുന്നു. പ്രവാചകന്മാരെ മനസ്സിലാക്കുന്നതിലേക്കും അവരുടെ മിത്രങ്ങളും ശത്രുക്കളും പ്രത്യേകതകളും മനസ്സിലാക്കുന്നതിനും അത് വഴികാണിക്കുന്നു. സൽപ്രവർത്തനങ്ങളിലേക്ക് അത് ക്ഷണിക്കുന്നു. ചീത്തപ്രവർത്തനങ്ങൾ വ്യക്തമായി അറിയിക്കുകയും അതിനെ വിരോധിക്കുകയും ചെയ്യുന്നു. അതിനുള്ള പ്രതിഫലങ്ങളെയും അത് വിശദീകരിച്ചുതരുന്നു. സന്മാർഗം പ്രാപിച്ചവർ അതിനാൽ (ക്വുർആനിനാൽ) സന്മാർഗം പ്രാപിച്ചു. അങ്ങനെ അവർ വിജയിക്കുകയും സൗഭാഗ്യമടയുകയും ചെയ്തു. (തങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിൽ അവിശ്വസിച്ചവരാരോ) ഇവ വ്യക്തവും ഖണ്ഡിതവുമായ തെളിവുകളാണ്. അങ്ങേയറ്റത്തെ അക്രമി മാത്രമെ അതുമൂലം വഴിപിഴക്കുകയുള്ളൂ. അവന്റെ അതിരുകവിയൽ ഇരട്ടിക്കുന്നു. (അവർക്ക് കഠിനമായ തരത്തിലുള്ള വേദനയേറിയ ശിക്ഷയുണ്ട്).


12). വാഹനങ്ങളും കപ്പലുകളും അല്ലാഹുവിന്റെ അനുഗ്രഹമാണ്. കടലിൽ സഞ്ചരിക്കത്തക്കവിധം അതിനെ കീഴ്പ്പെടുത്തിയത് തന്റെ ദാസന്മാർക്ക് അവൻ ചെയ്തുകൊടുത്ത ഒരു അനുഗ്രഹവും കാരുണ്യവുമായി ഇവിടെ പരാമർശിക്കുന്നു. വ്യത്യസ്തമായ കച്ചവടങ്ങളിലൂടെയും സമ്പാദ്യമാർഗങ്ങളിലൂടെയും (അവന്റെ അനുഗ്രഹത്തിൽനിന്നും നിങ്ങൾ തേടുവാനും). (നിങ്ങൾ നന്ദി കാണിക്കുന്നവരായേക്കാനും വേണ്ടി) അല്ലാഹുവിന് നിങ്ങൾ നന്ദി കാണിക്കുന്ന പക്ഷം അവന്റെ അനുഗ്രഹങ്ങളെ നിങ്ങൾക്ക് വർധിപ്പിച്ചുതരികയും നന്ദി ചെയ്തതിന് മഹത്തായ പ്രതിഫലം നൽകുകയും ചെയ്യും.

13). (ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം തന്റെ വകയായി അവൻ നിങ്ങൾക്ക് അധീനപ്പെടുത്തിത്തരികയും ചെയ്തിരിക്കുന്നു) അവന്റെ ഔദാര്യങ്ങളാലും നന്മയാലും. ആകാശഭൂമിഗോളങ്ങളെല്ലാം ഇതിൽപെടും. അവ രണ്ടിലും അല്ലാഹു സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, വാഹനങ്ങൾ, വ്യത്യസ്ത ജീവജാലങ്ങൾ, മരങ്ങൾ, പഴങ്ങൾ, വിവിധ ഖനിജങ്ങൾ, മറ്റു പലതിനെയും ഉണ്ടാക്കി. ഇതെല്ലാം മനുഷ്യന്റെ ഗുണത്തിനുവേണ്ടിയാണ്. അവയെല്ലാം അവന്റെ ജീവിത നന്മക്ക് ഏറെ അനിവാര്യവുമാണ്. ഇതെല്ലാം പരമാവധി നന്ദി ചെയ്യാൻ അവരെ നിർബന്ധിക്കുകയും അല്ലാഹുവിന്റെ വിധികളെക്കുറിച്ചും ദൃഷ്ടാന്തങ്ങളെക്കുറിച്ചും ചിന്തിക്കാനും പ്രേരിപ്പിക്കുന്നു. അതാണ് അല്ലാഹു പറഞ്ഞത്: (ചിന്തിക്കുന്ന ജനങ്ങൾക്ക് തീർച്ചയായും അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്). അതിന്റെയെല്ലാം സൃഷ്ടിപ്പിലും നിയന്ത്രണത്തിലും സൗകര്യപ്പെടുത്തലിലുമെല്ലാം അല്ലാഹു അവന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കാൻ പരിപൂർണ കഴിവുള്ളവനാണെന്നതിന്റെ വ്യക്തമായ തെളിവുകൂടിയാണ്. അതിലുള്ള മറ്റൊന്ന്, അവയുടെ സൃഷ്ടിപ്പിലെ അന്യൂനതയും ദൃഢതയുമാണ്. നിർമാണ ഭംഗിയും സൃഷ്ടിസൗന്ദര്യവും അല്ലാഹുവിന്റെ അറിവിന്റെയും യുക്തിയുടെയും തെളിവിലേക്ക് വിരൽ ചൂണ്ടുന്നു. മറ്റൊന്ന്, അതിലുള്ള വിശാലതയും വലിപ്പവും ആധിക്യവുമെല്ലാം അവന്റെ അധികാരത്തിന്റെയും ആധിപത്യത്തിന്റെയും. മറ്റൊന്ന്, അവയുടെ ചില സവിശേഷതകളും വസ്തുക്കൾ തമ്മിലുള്ള വൈരുധ്യങ്ങളും അറിയിക്കുന്നത് അവനുദ്ദേശിക്കുന്നതെന്തും ചെയ്യാൻ അവനൊരു തടസ്സവുമുണ്ടാക്കിയിട്ടില്ലെന്നതാണ്. മറ്റൊന്ന്, അതിലുള്ള മതപരവും ഭൗതികവുമായ ഗുണങ്ങളും പ്രയോജനങ്ങളും അവന്റെ കാരുണ്യത്തിന്റെ വിശാലതയക്കും ഔദാര്യത്തിനും നന്മക്കും സ്നേഹത്തിനുമെല്ലാം തെളിവാണ്. ഇവയെല്ലാം അറിയിക്കുന്നത് ആരാധന അവനുമാത്രമായിരിക്കണമെന്നും സ്നേഹവും കീഴ്പ്പെടലും അവനല്ലാതെ മറ്റാർക്കും നൽകിക്കൂടെന്നുമാണ്. പ്രവാചകന്മാർ കൊണ്ടുവന്നത് സത്യമാണെന്നുകൂടി ഇത് തെളിയിക്കുന്നു. ഇവയെല്ലാം ശങ്കയോ സംശയമോ ഇല്ലാതെ സ്വീകരിക്കാൻ കഴിയുന്ന ബുദ്ധിപരവും വ്യക്തവുമായ തെളിവുകളാണ്.

കവിത

# നവനാസ്തിക ഭൂതങ്ങൾ

സുലൈമാൻ പെരുമുക്ക്



ഇസ്‌ലാമിനെ
കടിച്ചുകീറാൻ
നവനാസ്തിക
ഭൂതങ്ങൾക്ക്
ഉപ്പും മുളകും മല്ലിയും
പുളിയുമെല്ലാം
എത്ര കോരിച്ചെരിഞ്ഞാലും
മതിവരില്ല!
പിന്നെയവർ
മാർക്കറ്റിൽ
കാലഹരണപ്പെട്ട
മസാലക്കൂട്ടുകൾ
ചുളുവിൽ ചേർത്ത്
വെള്ളത്തിനു പകരം
ഗോമൂത്രവും കൂട്ടി
വെച്ചുവിളമ്പും!
വിരുദ്ധ ചേരുവകളാൽ
ഒരുക്കിയ പലതും
അടുപ്പത്തു
വെക്കുന്നതിനു മുമ്പ്
വലിച്ചെറിയാൻ
വിധിക്കപ്പെട്ടതും
കാലം കണ്ടതാണ്!
അവരിലെ
മൂപ്പൻ ഭൂതം
ചെങ്കിസ്ഖാന്റെ
സുന്നത്തു കല്യാണത്തിന്
ബിരിയാണി ദമ്മിട്ടതു കണ്ട്,
പരിണമിക്കാൻ മടിച്ച
കുരങ്ങുകളുടെ
പിന്മുറക്കാർ ചിരിച്ചു ചിരിച്ച്
മണ്ണു കപ്പിപ്പോയി...!
പക്ഷേ,
ഇസ്‌ലാമല്ലാത്തതിനെ
കടിക്കുമ്പോൾ
ചേരുവകളിലേക്ക്
തെല്ലും കണ്ണയക്കാതെ
സ്വന്തം പല്ലുകൾ പോലും
സ്വയം തല്ലിക്കൊഴിച്ച്
തൊണ്ണുകൊണ്ടാണ്
കടിക്കാറുള്ളത്...!
ആഹ്!
എത്ര നല്ല
നവനാസ്തിക ഭൂതങ്ങൾ!
അവരെന്നും ഇസ്‌ലാമിനെ
ലൈവായി നിറുത്തുന്നത്
കൗതുകക്കാഴ്ചയാണ്!
ഇസ്‌ലാം അതിന്റെ
എതിരാളികളിലൂടെ
വളർന്നുകൊണ്ടിരിക്കുമെന്നത്
എത്ര രസകരമായ സത്യം!





GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 AUGUST 27

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

